ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

07
ജൂലൈ 2024
ഞായർ
1446 മുഹറം 01
1199 മിഥുനം 24
അബുദാബി

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | ദുബൈ | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമ്മാം

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika




യൂറോയിൽ സൂപ്പർസെമി 6

RNI No. 3018/1957. Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



കഴിഞ്ഞ ദിവസം അന്തരിച്ച മുസ്‌ലിം ലീഗ് നേതാവ് എ.പി ഉണ്ണികൃഷ്ണന്റെ ഭൗതിക ശരീരത്തിൽ അന്തിമോപചാരം അർപ്പിക്കുന്ന പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ കുഞ്ഞാലിക്കുട്ടി, ഡോ. എം.പി അബ്ദുസമദ് സമദാനി, അഡ്വ. പി.എം.എ സലാം തുടങ്ങിയവർ. (വാർത്ത പേജ്-10)

## എ.പി ഉണ്ണികൃഷ്ണന് കണ്ണീരോടെ വിട

ഷഹബാസ് വെള്ളില
മലപ്പുറം

കണ്ണമംഗലം: വാദിനൂർ മദ്രസയുടെ നബിദിനാഘോഷങ്ങളിൽ മുടങ്ങാതെ കൊടിപിടിച്ച് മുന്നിൽ നടക്കുന്നയാളാണ് ഉണ്ണിയേട്ടൻ. മദ്രസയോട് ചേർന്ന്, തന്റെ കൂടി സംഭാവനയോടെ പണിതുയർത്തിയ പള്ളിയുടെ ഉദ്ഘാടനത്തിനെത്തിയ സാദിഖലി തങ്ങളെ മധുരം നൽകി സ്വീകരിക്കാൻ മുന്നിൽ നിന്ന നാട്ടുകാരൻ. കണ്ണമംഗലം കളിയാട്ട കമ്മിറ്റിയുടെ അമരക്കാരൻ. വേങ്ങര കണ്ണമംഗലം എരണിപ്പടിയിലുള്ളവർക്ക് 'ഉണ്ണിയേട്ടൻ' എന്തായിരുന്നുവെന്ന് രണ്ടു ദിവസങ്ങളിലായി എല്ലാവരും കാണുകയാണ്. ജാതി മത രാഷ്ട്രീയത്തിനതീതനായൊരാൾ. അത് പ്രതിഫലിക്കുന്നൊരു യാത്രയയപ്പ് തന്നെയാണ് ആ നാട് ഉണ്ണികൃഷ്ണന് നൽകിയത്. അദ്ദേഹത്തിന് വിടചൊല്ലി വിവിധ രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ഉയർത്തിയ ബാനറുകളിൽ തന്നെ ഉണ്ട് അദ്ദേഹത്തിന്റെ ജനകീയത. മൂന്ന് പതിറ്റാണ്ടിന്റെ പൊതുപ്രവർത്തന ജീവിതത്തിൽ എല്ലാവരാലും ബഹുമാനിച്ച പച്ചയായ മനുഷ്യസ്നേഹി. കറകളഞ്ഞ മതേതരവാദി. പിന്നോക്ക ദലിത് വിഭാഗങ്ങൾക്ക് അഭിമാനകരമായ മുന്നേറ്റത്തിന് വിത്ത് പാകിയ ദലിത് ലീഗ് സ്ഥാപക നേതാവ്. എണ്ണിയാൽ ഒടുങ്ങാത്ത വിശേഷണങ്ങൾക്ക് അർഹനായിട്ടുള്ള നേതാവിനെ പോറ്റി വളർത്തിയ നാട് ഇന്നലെ ഒന്നാകെ തേങ്ങി. സജീവ രാഷ്ട്രീയത്തിൽ തിളങ്ങി നിൽക്കുന്നതിനിടെ തങ്ങളുടെ പ്രിയപ്പെട്ട ഉണ്ണിയേട്ടന്റെ പെട്ടെന്നുള്ള വിയോഗം ആ നാടിനെയാകെ തളർത്തിയിരിക്കുന്നുവെന്ന് അവിടെ കൂടിയ ഓരോരുത്തരുടെയും മുഖം പറയും. മദ്രസ ഹാളിൽ പൊതുദർശനത്തിന് ശേഷം വൈകുന്നേരത്തോടെ വീട്ടിലേക്ക്. വെള്ളിയാഴ്ച വൈകുന്നേരങ്ങളിൽ തുടങ്ങിയ ആളൊഴുക്ക് ഇന്നലെയും തുടർന്നു. മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, സീനിയർ വൈസ് പ്രസിഡന്റ് അബ്ദുസമദ് സമദാനി എം.പി, സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം, കെ.പി. എ മജീദ്, പി അബ്ദുൽ ഹമീദ് എം.എൽ.എ തുടങ്ങിയ നേതാക്കളും അവസാനമായി ഒരു നോക്കുകൂടി കാണാനെത്തി. പത്തുമണിയോടെ വീട്ടുകാർക്കും കുടുംബക്കാർക്കും കാണാനായി അവസരം ഒരുക്കി. പത്തരയോടെയാണ് ഭൗതിക ശരീരം അടക്കം ചെയ്യാനായി തൊട്ടടുത്ത് പരപ്പൻചെനയിലുള്ള കുടുംബ ശ്മശാനത്തിലേക്ക് കൊണ്ടുപോയത്. തുടർന്ന് വാദിനൂർ പള്ളി മുറ്റത്ത് അനുശോചന യോഗം ചേർന്നു.

## പനിച്ച് വിറച്ച് കേരളം

# 66,000 പേർ പനിക്കിടക്കയിൽ



സ്വന്തം ലേഖകൻ
തിരുവനന്തപുരം

66,000 പേരെ പനിക്കിടക്കയിലാക്കി സംസ്ഥാനം രോഗഭീതിയിൽ. കോവിഡ് കാലത്തിന് ശേഷം പകർച്ചപ്പനി ഇത്ര രൂക്ഷമാകുന്നത് ഇതാദ്യമാണ്. ഇന്നലെ മാത്രം 159 പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. പനി ബാധിച്ച് മൂന്ന് പേരാണ് ഇന്നലെ മരിച്ചത്. 42 പേർക്ക് എച്ച്1എൻ1 ഉം സ്ഥിരീകരിച്ചു. 11050 പേരാണ് പനി ബാധിച്ച് ആശുപത്രിയിലെത്തിയത്. അഞ്ച് ദിവസത്തെ ഇടവേളക്കു ശേഷം പനി ബാധിതരുടെ രോഗ വിവര കണക്കുകൾ ഇന്നലെയാണ് ആരോഗ്യ വകുപ്പ് പുറത്തുവിട്ടത്. കഴിഞ്ഞ അഞ്ച് ദിവസത്തിനിടെ സംസ്ഥാനത്ത് 493 പേർക്ക് ഡെങ്കിപ്പനിയും 158 പേർക്ക് എച്ച്1 എൻ1 ഉം സ്ഥിരീകരിച്ചിരുന്നു. എല്ലാ ദിവസവും പ്രസിദ്ധീകരിക്കുന്ന രോഗ കണക്കുകൾ ജൂലൈ ഒന്നിന് ആരോഗ്യവകുപ്പ് നിർത്തിവച്ചിരുന്നു. ശമ്പളം കിട്ടാത്ത എൻ.എച്ച്.എം ജീവനക്കാർ നിസഹകരണം പ്രഖ്യാപിച്ചതോടെയാണ് ഏകീകൃത കണക്ക് പ്രസിദ്ധീകരിക്കുന്നത് നിർത്തിവച്ചത്. ഇന്നലെ എൻ.എച്ച്.എം ജീവനക്കാർക്കായി 45 കോടി രൂപ ധനവകുപ്പ് അനുവദിച്ചതിന് പിന്നാലെയാണ് വെബ്സൈറ്റിൽ കണക്ക് പ്രസിദ്ധീകരിച്ചത്. കണക്ക് പുറത്തുവിടാത്തതിൽ ഓദ്യോഗിക വിശദീകരണമൊന്നും സർക്കാർ നൽകിയിരുന്നില്ല.

സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ആശുപത്രികൾ പകർച്ചപ്പനി ബാധിരെ കൊണ്ട് നിറയുന്ന സ്ഥിതിയാണ്. പി.എച്ച്.സികളിലും സി.എച്ച്.സികളിലും പനിബാധിതരുടെ തിരക്കാണ്. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നില്ലെന്ന പരാതിയും വ്യാപകമാണ്. കഴിഞ്ഞ ദിവസം ഈ വിഷയം മുസ്‌ലിം ലീഗ് അംഗം ടി.വി ഇബ്രാഹിം നിയമസഭയിൽ അടിയന്തര പ്രമേയമായി കൊണ്ടുവന്നെങ്കിലും ആരോഗ്യമന്ത്രി വീണാ ജോർജ് ചർച്ച ചെയ്യാൻ വിസമ്മതിക്കുകയായിരുന്നു. എല്ലാം കൃത്യമായി നടക്കുന്നുണ്ടെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നുമായിരുന്നു മന്ത്രിയുടെ മറുപടി. മഞ്ഞപ്പിത്തം പടരുന്ന സാഹചര്യവും ആരോഗ്യമന്ത്രിയും വകുപ്പും ഗൗരവത്തോടെ കാണുന്നില്ല. എല്ലാ ചോദ്യത്തിനും 'ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്' എന്നാണ് സർക്കാരിന്റെ മറുപടി. മഴക്കാലപൂർവ ശുചീകരണം താളംതെറ്റിയതുൾപ്പെടെ സർക്കാരിന്റെ വീഴ്ചകൾ തന്നെയാണ് പനി വ്യാപനത്തിന് ഇടയാക്കിയതെന്ന് പ്രതിപക്ഷം പറയുന്നു.

സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കാൻ 12 കോടി വകയിരുത്തിയെങ്കിലും ചെലവഴിച്ചത്. 08 ശതമാനം മാത്രമാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 1255 കോടിയാണ് കുടിശിക, ആരോഗ്യ കിരണത്തിന് 4 കോടിയും കാരുണ്യ ബെനെവെലെന്റ് ഫണ്ടിന് 217 കോടിയും ഹൃദ്യം പദ്ധതിക്ക് 10.38 കോടിയും ജെ.എസ്.എസ്കെയ്ക്ക് 34.87 കോടിയുമാണ് നൽകാനുള്ളത്.

സർക്കാരിന്റെ തന്നെ കണക്കനുസരിച്ച്, 2024ൽ ഇതുവരെ പനി ബാധിച്ചത് 12 ലക്ഷം പേർക്കാണ്. ഏഴു പേർ മരിച്ചു. 2024ൽ ഡെങ്കിപ്പനി ബാധിച്ചത് 7949 പേർക്കാണ്. മരണം 22. 2024ൽ എലിപ്പനി ബാധിച്ചത്1132 പേർക്കാണ്, മരണം 61. ഹെപ്പറ്റൈറ്റിസ് എ ബാധിച്ചവർ 3020 പേർ. മരിച്ചത് 24 പേർ. ഹെപ്പറ്റൈറ്റിസ് ബി ബാധിച്ചവർ: 119 പേർ. ഷിഗെല്ല ബാധിച്ചത് 63 പേർക്ക്. വെസ്റ്റ് നൈൽ ബാധിച്ചത് 20 പേർക്ക്, മരണം മൂന്ന്. ഗുരുതര സാഹചര്യം നേരിടാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു നീക്കവുമില്ലെന്നതാണ് വിചിത്രം.





### ഇന്നലെ മാത്രം മൂന്ന് മരണം
**159 പേർക്ക് ഡെങ്കി, 42 പേർക്ക് എച്ച്1എൻ1**
**സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം**
**ആരോഗ്യപദ്ധതികൾ നിശ്ചലം**

## ബജറ്റ് 23ന്

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം എൻഡിഎ സർക്കാരിന്റെ ആദ്യ ബജറ്റ് ജൂലൈ 23ന് പാർലമെന്റിൽ അവതരിപ്പിക്കും. ധനമന്ത്രി നിർമല സീതാരാമൻ ആകും ബജറ്റ് അവതരിപ്പിക്കുക. ജൂലൈ 22ന് ആരംഭിക്കുന്ന പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഓഗസ്റ്റ് 12ന് അവസാനിക്കും. പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജുവാണ് ഇക്കാര്യം അറിയിച്ചത്. ഈ വർഷം ഇത് രണ്ടാമത്തെ ബജറ്റാണ് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിക്കാനിരിക്കുന്നത്. ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പായി ഈ വർഷം ആദ്യത്തിൽ ഇടക്കാല ബജറ്റ് അവതരിപ്പിച്ചിരുന്നു. 23ന് തന്റെ ഏഴാം ബജറ്റ് അവതരിപ്പിക്കുന്നതോടെ നിർമല സീതാരാമൻ ഏറ്റവും കൂടുതൽ ബജറ്റവതരണം നടത്തിയ മൊറാർജി ദേശായിയുടെ പേരിലുള്ള റെക്കോർഡ് മറികടക്കും.

## എസ്.എഫ്.ഐയുടേത് ജനാധിപത്യ വിരുദ്ധമായ പ്രവർത്തനങ്ങൾ

■ **ബിനോയ് വിശ്വത്തിന് പിന്തുണയുമായി സി.പി.ഐ യുവജന സംഘടനയും**

തിരുവനന്തപുരം: സി.പി.എമ്മിനും എസ്.എഫ്.ഐക്കുമെതിരെ രൂക്ഷവിമർശനമുന്നയിച്ച സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിന് പിന്തുണയുമായി എ.ഐ.വൈ.എഫ് രംഗത്ത്. വിമർശനത്തിന്റെ പേരിൽ ബിനോയ് വിശ്വത്തെ സി.പി.എമ്മും അവരുടെ വിദ്യാർഥി-യുവജന സംഘടനകൾ വളഞ്ഞിട്ട് അക്രമിക്കുന്ന സാഹചര്യത്തിലാണ് പിന്തുണയുമായി എ.ഐ.വൈ.എഫ് രംഗത്തുവന്നത്. നേരത്തെ എ.ഐ.എസ്.എഫും അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ചിരുന്നു.

കാലഘട്ടം ആവശ്യപ്പെടുന്ന അഭിപ്രായമാണ് ബിനോയ് വിശ്വം മുന്നോട്ട് വച്ചതെന്ന് എ.ഐ.വൈ.എഫ് സംസ്ഥാന എക്സിക്യൂട്ടീവ് വ്യക്തമാക്കി. വസ്തുതാപരമായ വിമർശനങ്ങളെ ഉൾക്കൊള്ളുന്നതിന് പകരം മാധ്യമ സൃഷ്ടിയായി വ്യാഖ്യാനിക്കുകയും ബിനോയ് വിശ്വത്തെ രൂക്ഷമായി വിമർശിക്കുകയും ചെയ്ത എസ്.എഫ്.ഐ നിലപാട് അത്യന്തം അപലപനീയമാണ്.

എസ്.എഫ്.ഐയും എ.ഐ.എസ്.എഫും അടക്കമുള്ള ഇടത് വിദ്യാർഥി സംഘടനകൾ പരസ്പര ഐക്യത്തോടെയും ധാരണയോടെയും പ്രവർത്തിക്കേണ്ട രാഷ്ട്രീയ സാഹചര്യമാണ് രാജ്യത്തും സംസ്ഥാനത്തും നിലനിൽക്കുന്നത്. ജനാധിപത്യ സമ്പ്രദായത്തിൽ പ്രവർത്തിക്കേണ്ട ജനതയെ ഉത്തരവാദിത്തമുള്ള രാഷ്ട്രീയ പ്രവർത്തനത്തിന് സജ്ജമാക്കുക എന്ന കാഴ്ചപ്പാടിൽ നിന്ന് വ്യതിചലിച്ച് ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങൾ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന്റെ മറവിൽ എസ്.എഫ്.ഐയുടെ ലേബലിൽ ചില കലാലയങ്ങളിൽ അരങ്ങേറുന്നതിനെ ഗൗരവപൂർവം നോക്കിക്കണ്ട് ആവശ്യമായ തിരുത്തലുകൾ വരുത്താനാണ് എസ്.എഫ്.ഐ നേതൃത്വം ശ്രമിക്കേണ്ടത്.

വയനാട് പൂക്കോട് വെറ്ററിനറി കോളജിൽ ഉൾപ്പെടെ ചില ക്രിമിനലുകൾ നടത്തിയ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ ഇടതുപക്ഷത്തിന് തന്നെ കളങ്കമാകുന്ന സ്ഥിതിയുണ്ടാക്കി. ഇടതു വിരുദ്ധർക്കും മാധ്യമങ്ങൾക്കും ഇടതുപക്ഷത്തെ ആക്രമിക്കുവാനുള്ള ആയുധം നൽകുന്ന പ്രവർത്തിയാണ് എസ്.എഫ്.ഐ യുടെ പേര് ഉപയോഗിച്ചു കൊണ്ട് ചില ക്രിമിനലുകൾ പലപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. സ്വന്തം പ്രസ്ഥാനത്തെ ഇത്തരക്കാർക്ക് താവളമാക്കുവാനുള്ള അവസരം നൽകാതെ അകറ്റി നിർത്തുവാനും തിരുത്തുവാനുമാണ് എസ്.എഫ്.ഐ തയ്യാറാകേണ്ടത്. വിദ്യാർത്ഥി സംഘടനകളെ സംബന്ധിച്ച വിഷയങ്ങൾ മുന്നണി യോഗങ്ങളിൽ പറയുക മാത്രമല്ല മുൻ കാല വിദ്യാർത്ഥി നേതാവ് എന്ന നിലയിലുള്ള ഉത്തരവാദിത്വം കൂടിയാണ് ബിനോയ് വിശ്വം നിർവഹിച്ചതെന്നും എ.ഐ.വൈ.എഫ് സംസ്ഥാന പ്രസിഡൻറ് എൻ.അരുണും സെക്രട്ടറി ടി. ടി ജിസ്മോനും അഭിപ്രായപ്പെട്ടു.

## ഹേമ കമ്മിഷൻ റിപ്പോർട്ട് പുറത്തുവിടണം

**ഉത്തരവിട്ട് വിവരാവകാശ കമ്മിഷൻ**

### വ്യക്തി വിവരങ്ങൾ ഒഴിച്ച് ബാക്കിയെല്ലാം പുറത്തുവിടാമെന്ന് മന്ത്രി സജി ചെറിയാൻ

തിരുവനന്തപുരം: മലയാള സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മിഷൻ റിപ്പോർട്ട് പുറത്തുവിടാൻ വിവരാവകാശ കമ്മിഷന്റെ ഉത്തരവ്. സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. എ.എ.അബ്ദുൽ ഹക്കീമിന്റേതാണ് ഉത്തരവ്. ആർ.ടി.ഐ നിയമപ്രകാരം വിലക്കപ്പെട്ടവ ഒഴിച്ച് ഒരു വിവരവും മറച്ചുവെക്കരുതെന്നും കമ്മിഷൻ നിർദേശിച്ചു.

2019 ഡിസംബറിൽ സർക്കാരിന് സമർപ്പിക്കപ്പെട്ട റിപ്പോർട്ടാണിത്. നടി ശാരദ, മുൻ ഐ.എ.എസ് ഉദ്യോഗസ്ഥ കെ.ബി.വത്സല കുമാരി എന്നിവരായിരുന്നു കമ്മിഷൻ അംഗങ്ങൾ. വിവരം പുറത്തുവിടുമ്പോൾ അവ റിപ്പോർട്ടിലുള്ള വ്യക്തികളുടെ സ്വകാര്യതയിലേക്ക് കടക്കുന്നതാകരുത്. ഉത്തരവു പൂർണമായി നടപ്പാക്കിയെന്ന് ഗവ.സെക്രട്ടറി ഉറപ്പാക്കണമെന്നും ഉത്തരവിൽ പറയുന്നു.

അതേസമയം ഹേമ കമ്മീഷൻ റിപ്പോർട്ട് പഠിച്ച് വിവരങ്ങൾ പുറത്തുവിടുന്നതിൽ തീരുമാനമെടുക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. വ്യക്തി വിവരങ്ങൾ ഒഴിച്ച് ബാക്കിയെല്ലാം പുറത്തുവിടും. ഹേമ കമ്മീഷൻ റിപ്പോർട്ടിൽ ആരെയും പേരെടുത്ത് പറഞ്ഞിട്ടില്ലെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. 'പുറത്ത് പറയാൻ പാടില്ലാത്തത് എന്തെങ്കിലും ഉണ്ടെങ്കിൽ അത് പറയാൻ പറ്റില്ല. അത് വ്യക്തിയുടെ സ്വകാര്യതയുമായി ബന്ധപ്പെട്ട കാര്യമാണ്. നമ്മുടെ നിയമപ്രകാരം വ്യക്തിയുടെ സ്വകാര്യതയുമായി ബന്ധപ്പെട്ട കാര്യം പറയാനാകില്ല. വിവരാവകാശ കമ്മീഷനും സർക്കാരും പറഞ്ഞ കാര്യം ഒന്നുതന്നെയാണ്. കമ്മീഷൻ റിപ്പോർട്ട് പ്രകാരം നിയമപരമായി പഠിച്ചിട്ട് ഏതൊക്കെ കാര്യങ്ങൾ പുറത്തുവിടണമെന്നത് സംബന്ധിച്ച് തീരുമാനം എടുക്കും'- സജി ചെറിയാൻ പറഞ്ഞു.

കമ്മീഷൻ 2019 ഡിസംബർ 31ന് മുഖ്യമന്ത്രി പിണറായി വിജയന് 300 പേജുള്ള റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ടിലെ കണ്ടെത്തലുകൾ സാധൂകരിക്കുന്ന വലിയ രേഖകളും സ്ക്രീൻഷോട്ടുകളും ഓഡിയോ ക്ലിപ്പുകളും സഹിതമാണ് ഇത് സമർപ്പിച്ചത്. അവസരങ്ങൾക്ക് പകരമായി അഭിനേതാക്കളോട് ശാരീരിക ബന്ധത്തിലേർപ്പെടാൻ അടക്കം ആവശ്യപ്പെടുന്ന 'കാസ്റ്റിംഗ് കൗച്ച്' സിനിമാ വ്യവസായത്തിനുള്ളിൽ ഉണ്ടെന്ന് സ്ഥിരീകരിക്കുന്ന തരത്തിലുള്ള കണ്ടെത്തലുകൾ കമ്മീഷൻ കണ്ടെത്തിയിരുന്നു.

## നീറ്റ് യു.ജി കൗൺസിലിങ് അനിശ്ചിതമായി നീട്ടി

■ **നീട്ടിയത് നീറ്റ് ഹർജികൾ കോടതി നാളെ പരിഗണിക്കാനിരിക്കെ**

ന്യൂഡൽഹി: നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് അണ്ടർ ഗ്രാജ്വേറ്റ് (നീറ്റ് യുജി) കൗൺസിലിങ് 2024 അനിശ്ചിത കാലത്തേക്ക് മാറ്റിവെച്ചു. ഇന്നലെ ആരംഭിക്കാനിരുന്ന നീറ്റ് യുജി അഖിലേന്ത്യാ ക്വാട്ട (എഐക്യു) സീറ്റ് കൗൺസലിങ് ആണ് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ മാറ്റിവച്ചത്. ഇന്നലെ ആരംഭിക്കേണ്ട നീറ്റ് യുജി കൗൺസിലിങ് മാറ്റിവെയ്ക്കാൻ സുപ്രീം കോടതി വിസമ്മതിച്ചതിനെ തുടർന്നാണ് ഈ തീരുമാനം. കൗൺസിലിങ്ങിന്റെ പുതിയ തീയതി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. നീറ്റ് പരീക്ഷയിൽ പേപ്പർ ചോർച്ച ഉൾപ്പെടെയുള്ള ക്രമക്കേടുകൾ നടന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ കൂടിയാണ് നടപടി. ഈ മാസം അവസാനത്തോടെ കൗൺസിലിങ് ആരംഭിക്കുമെന്നാണ് സൂചന.

ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡിന്റെ നേതൃത്വത്തിൽ ജസ്റ്റിസുമാരായ ജെ.ബി പർദിവാല, മനോജ് മിശ്ര എന്നിവരുടെ ബെഞ്ച് വിവിധ നീറ്റ് യുജി 2024 ഹർജികൾ നാളെ പരിഗണിക്കാനിരിക്കെയാണ് കൗൺസലിങ് മാറ്റിയത്. പരീക്ഷ പൂർണമായും റദ്ദാക്കുക, പരീക്ഷ വീണ്ടും നടത്തുക, നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ (എൻടിഎ) പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കണം തുടങ്ങിയ ആവശ്യങ്ങളാണ് നീറ്റ് ചോദ്യ പേപ്പർ ചോർച്ച സംബന്ധിച്ച ഹർജികളിൽ ഉള്ളത്. നീറ്റ് യുജി കൗൺസലിങ് പല റൗണ്ടുകളിലായാണ് നടക്കുന്നത്. മെഡിക്കൽ പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർഥികൾ ആദ്യം രജിസ്റ്റർ ചെയ്ത്, ഫീസ് അടച്ച് ചോയ്സുകൾ പൂരിപ്പിച്ച്, രേഖകൾ അപ്‌ലോഡ് ചെയ്യണം. അനുവദിച്ച സ്ഥാപനത്തിൽ നേരിട്ട് റിപ്പോർട്ട് ചെയ്യുകയും വേണം. നീറ്റ് യുജി പരീക്ഷ റദ്ദാക്കില്ലെന്ന് കഴിഞ്ഞ ദിവസം കേന്ദ്രം സുപ്രീം കോടതിയിൽ വ്യക്തമാക്കിയിരുന്നു. പരീക്ഷ വീണ്ടും നടത്തുന്നത് സത്യസന്ധമായി പരീക്ഷയെ സമീപിച്ച വിദ്യാർഥികളെ ബാധിക്കുമെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കിയിരുന്നു. ഇന്ത്യ മുഴുവൻ നടത്തിയ പരീക്ഷയിൽ വലിയ രീതിയിലുള്ള ക്രമക്കേട് തെളിയിക്കാത്തതിനാൽ മുഴുവൻ പരീക്ഷയും റദ്ദാക്കുന്നത് യുക്തിസഹമല്ലെന്നും സത്യവാങ്മൂലത്തിൽ കേന്ദ്രം അറിയിച്ചിരുന്നു.

## സിലിണ്ടർ പൊട്ടിത്തെറിച്ച് പൊള്ളലേറ്റയാൾ മരിച്ചു

കോഴിക്കോട് : മുതലക്കുളത്ത് ചായക്കടയിൽ ഗ്യാസ്‌സിലിണ്ടർ പൊട്ടിത്തെറിച്ച് തീപിടിത്തമുണ്ടായ സംഭവത്തിൽ പരിക്കേറ്റയാൾ മരിച്ചു. മലപ്പുറം പേരൂർ താളിയംകുണ്ട്



സ്വദേശി ആറ്റുപുറത്ത് ഖുത്തുബുദ്ധീൻ (40) ആണ് മരിച്ചത്. എൺപത് ശതമാനത്തോളം പൊള്ളലേറ്റ ഖുതുബുദ്ദീൻ കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്നു. ഇന്നലെ രാത്രിയോടെയാണ് മരിച്ചത്. പിതാവ്: പരേതനായ അബ്ദുട്ടി. മാതാവ് സൈനബ സഹോദരങ്ങൾ :ഷിർജാസ്, ഫാത്തിമ, നസീറ.




# ഉണ്ണികൃഷ്ണൻ ഇനി ദീപ്തസ്മരണ




മലപ്പുറം: കഴിഞ്ഞദിവസം അന്തരിച്ച മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി എ.പി ഉണ്ണികൃഷ്ണന്റെ ഓർമയിൽ നീറി പ്രിയജനങ്ങൾ. പച്ചക്കുപ്പായവും നെറ്റിയിൽ ചന്ദനക്കുറിയും മുഖത്ത് വശ്യമായ പുഞ്ചിരിയുമായി ഒരു കുളിർതെന്നൽ പോലെ തങ്ങളിലേക്ക് ഒഴുകിവന്ന ഉണ്ണികൃഷ്ണന്റെ വേർപാട് വിശ്വസിക്കാനാവാതെ തേങ്ങുകയാണ് പ്രിയപ്പെട്ടവർ.

ഹൃദയങ്ങളിലേക്ക് ചേർക്കുന്ന സൗഹൃദമായിരുന്നു ഉണ്ണികൃഷ്ണന്റെ പ്രത്യേകത. ആ സാന്നിധ്യവും സൗഹൃദവും നൽകിയ ഊഷ്മളതയോർത്ത് കണ്ണീർ വാർക്കുന്ന അനേകം മുഖങ്ങളാണ് ഇന്നലെ രാവിലെ കണ്ണമംഗലം എരണിപ്പടിയിലെ അരീക്കാട്ടു പറമ്പിൽ വീട്ടിൽ കണ്ടത്. പ്രിയപ്പെട്ടവന്റെ വിയോഗത്തിന്റെ വേദനയിൽ കണ്ണീർ തുടച്ച് കരച്ചിലടക്കാൻ പാടുപെടുന്നവരായിരുന്നു മുറ്റം നിറയെ.

മരണവാർത്തയറിഞ്ഞതുമുതൽ ജനസാമാന്യം ആ വീട്ടിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. പൊതുദർശനത്തിന് വെച്ചിടത്തെല്ലാം വൻജനാവലിയാണ് ഉണ്ണികൃഷ്ണനെ അവസാനയാത്രയാക്കാനെത്തിയത്. ഹൃദയംപിടയുന്ന വേദനയിൽ പ്രിയപ്പെട്ടവർ യാത്രചൊല്ലി.

സാമൂഹ്യമാധ്യമങ്ങളിലും സുഹൃത്തുക്കളും സഹപ്രവർത്തകരും ഉണ്ണികൃഷ്ണനുമായി ബന്ധപ്പെട്ടവരുമെല്ലാം ഓർമകൾ പങ്കുവെച്ചു. പുതുതലമുറയും ഉണ്ണിയേട്ടനെ സാമൂഹ്യമാധ്യമ വാളുകളിൽ നിറച്ചു. ഓർമകളുടെ പിന്നാമ്പുറങ്ങളിലേക്ക് മാറ്റാൻ കഴിയാത്ത ഒരുപിടി നല്ല ഓർമകളാണ് ഉണ്ണികൃഷ്ണൻ സമ്മാനിച്ചത്.

ജനപ്രതിനിധിയെന്ന നിലയിൽ നാടിന് നൽകിയ സംഭാവനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്ത് ചെയ്ത വികസന വിപ്ലവങ്ങൾ എല്ലാം ആളുകൾ സ്മരിച്ചു. രാവിലെ സംസ്കാരച്ചടങ്ങുകൾക്ക് ശേഷം വിവിധയിടങ്ങളിൽ അനുശോചന, അനുസ്മരണ സംഗമങ്ങൾ ചേർന്നു.

ഒത്തുകൂടിയവർ നിറകണ്ണുകളോടെയാണ് അനുസ്മരിച്ചത്. ഹൃദയത്തിൽ വേദനയുടെ ഭാരംപേറിയാണ് ഉണ്ണികൃഷ്ണന്റെ പ്രിയപ്പെട്ടവർ സംഗമങ്ങളിൽ നിന്നും മടങ്ങിയത്. ഹൃദയത്തിൽ സൂക്ഷിക്കേണ്ട ഒരായിരം ആർദ്രമായ നിമിഷങ്ങൾ ഓർത്തുകൊണ്ട്.



മുസ്‌ലിം ലീഗ് മലപ്പുറം ജില്ലാ സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റുമായ എ.പി ഉണ്ണികൃഷ്ണന്റെ ഭൗതികശരീരം പൊതുദർശനത്തിന് ശേഷം വസതിയിൽ നിന്ന് സംസ്കരിക്കാൻ കൊണ്ട് പോകുന്നു



എ.പി ഉണ്ണികൃഷ്ണന്റെ ഭൗതികശരീരത്തിന് മുമ്പിൽ പൊട്ടിക്കരയുന്ന മകൾ സ്മിജ

## എ.പി ഉണ്ണികൃഷ്ണന്റെ ജീവിതം അക്കാദമിക് പഠന വിധേയമാക്കണം: ലീഗ് സെനറ്റ് ഫോറം

തേഞ്ഞിപ്പലം: ന്യൂനപക്ഷ പട്ടികജാതി ദലിത്, പിന്നോക്ക വിഭാഗത്തിന്റെ പുരോഗതിക്കായി നീക്കിവെച്ച മലപ്പുറം ജില്ലാ മുൻ പഞ്ചായത്ത് പ്രസിഡന്റും മുസ്‌ലിം ലീഗ് നേതാവുമായ എ.പി ഉണ്ണികൃഷ്ണന്റെ പ്രവർത്തനങ്ങൾ അക്കാദമിക് തലത്തിൽ പഠനവിധേയമാക്കണമെന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി മുസ്‌ലിംലീഗ് ഫോറം അഭിപ്രായപ്പെട്ടു. എ.പി ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ മുസ്‌ലിം ലീഗ് സെനറ്റ് ഫോറം അനുശോചനം രേഖപ്പെടുത്തി.

എക്കാലത്തും പിന്നോക്ക അധഃസ്ഥിത വിഭാഗത്തിന്റെ ഉന്നമനത്തിനും സമുദായിക സൗഹാർദത്തിനും ഉണ്ണികൃഷ്ണന്റെ പ്രവർത്തനങ്ങൾ മികച്ച മാതൃകയാണ്. പാണക്കാട് തങ്ങൾ കുടുംബവുമായി ചേർന്നുനിന്ന് എ.പി ഉണ്ണികൃഷ്ണൻ നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരവും പഠനാർഹവുമാണ്. സിൻഡിക്കേറ്റ് അംഗം സി.പി ഹംസ അനുശോചന യോഗം ഉദ്ഘാടനം ചെയ്തു. ഡോ. റഷീദ് അഹമ്മദ് അധ്യക്ഷനായി.

ജില്ലാ പഞ്ചായത്ത് അംഗവും സെനറ്റ് മെമ്പറുമായ വി.കെ.എം ഷാഫി അനുസ്മരണ പ്രഭാഷണം നടത്തി. സെനറ്റ് അംഗങ്ങളായ ഡോ. ആബിദ ഫാറൂഖി, കെ.കെ. അബ്ദുൽ ഗഫൂർ, പി.വി. അലി മുബാറക്, അമീൻ റാഷിദ്, റഹിസ് ആലുങ്ങൽ, റുമൈസ റഫീഖ്, ജി. ശഫീൽ, എൻ.എ. കരിം, ലെഫ്ന. ഡോ. എടി അബ്ദുൽ ജബ്ബാർ, ഡോ. അൻവർ ഷാഫി പ്രസംഗിച്ചു.

### എസ്.ഇ.യു അനുശോചിച്ചു

മലപ്പുറം: മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറിയും മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) മലപ്പുറം ജില്ലാ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. പിന്നാക്ക ന്യൂനപക്ഷങ്ങളുടെ മുന്നണിപ്പോരാളിയായി കർമഗോദയിൽ നിറഞ്ഞു നിന്ന അദ്ദേഹം, നിഷ്കപടമായ ഇടപെടലുകളിലൂടെ ജനഹൃദയങ്ങൾ കീഴടക്കിയ നേതാവായിരുന്നുവെന്ന് എസ്.ഇ.യു അനുസ്മരിച്ചു.

## നാടിന്റെ വികസനത്തിനും ദലിത് പുരോഗതിക്കും ഉണ്ണികൃഷ്ണൻ പ്രയത്നിച്ചു: പി.എം.എ സലാം

### സർവകക്ഷി അനുശോചന യോഗം ചേർന്നു

കണ്ണമംഗലം: ജനിച്ച മണ്ണിൽ നിന്നും കിട്ടുന്ന അംഗീകാരമാണ് പൊതുപ്രവർത്തകന്റെ മഹത്വമെന്നും അക്കാര്യത്തിൽ എ.പി ഉണ്ണികൃഷ്ണൻ വലിയ വിജയമായിരുന്നെന്നും മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം. മുസ്‌ലിംലീഗ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുശോചന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നാടിന്റെ വികസനത്തിനും ഐക്യത്തിനും അദ്ദേഹം വലിയ സംഭാവനകൾ നൽകി. എല്ലാവരേയും ഒരുപോലെ കണ്ട് ചേർത്തുപിടിച്ചു. മുസ്‌ലിംലീഗിന്റെ കർമരംഗത്ത് സജീവമായതോടെ മുഹമ്മദലി ശിഹാബ് തങ്ങളാണ് അദ്ദേഹത്തെ കൈപിടിച്ചുയർത്തുന്നത്. മുസ്‌ലിംലീഗ് പാർട്ടി വലിയ അംഗീകാരങ്ങൾ നൽകി. പിന്നോക്ക ദലിത് വിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപീകരിച്ച ദലിത് ലീഗിന്റെ സ്ഥാപക നേതാവായിരുന്നു. പ്രസ്ഥാനം വലിയ വളർച്ച നേടിയതിന്റെ പിന്നിൽ എ.പി ഉണ്ണികൃഷ്ണന്റെ പ്രവർത്തനം വളരെ വലുതായിരുന്നു. ദലിത് ലീഗിലൂടെ പിന്നോക്ക ദലിത് സമൂഹവും ഒരുപാട് പുരോഗതി നേടി. അതിനായി എല്ലാം ഓടി നടന്നത് എ.പി ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള ടീമായിരുന്നു. കൈവെച്ച മേഖലയിലെല്ലാം അദ്ദേഹം വിജയിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, അംഗം എന്നീ നിലകളിലെല്ലാം തിളങ്ങി. വിപ്ലവകരമായ വികസനങ്ങൾ നാടിന് നൽകി. പാണക്കാട് കുടുംബവുമായി അടുത്ത ബന്ധം പുലർത്തി. പി.എം.എ സലാം അനുസ്മരിച്ചു.

മാതൃകാ പൊതുപ്രവർത്തകനായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്ന് സി.പി.എം ജില്ലാ സെക്രട്ടറി ഇ.എൻ മോഹൻദാസ്. ജനകീയനായ പൊതുപ്രവർത്തകനും പ്രഗത്ഭനായ ഭരണാധികാരിയും പിന്നാക്ക ജന വിഭാഗങ്ങളുടെ ആശ്രയവും അത്താണിയുമായിരുന്നു അദ്ദേഹം. മുസ്‌ലിംലീഗ് ലീഗ് നേതാവ് എന്നതിനപ്പുറം നാടിന്റെ മുഴുവൻ നേതാവായിരുന്നു. സ്നേഹത്തിനും ഐക്യത്തിനും മതനിരപേക്ഷതക്കും വലിയ സംഭാവനകൾ നൽകി. അദ്ദേഹം കാണിച്ച വഴികൾ എല്ലാവർക്കും കരുത്താണെന്നും ഇ.എൻ അനുസ്മരിച്ചു.

എല്ലാ മേഖലയിലും മികവ് കാണിക്കാനും ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങളോട് നീതി പുലർത്താനും എ.പി ഉണ്ണികൃഷ്ണന് സാധിച്ചെന്ന് ഡി.സി.സി പ്രസിഡന്റ് വി.എസ് ജോയ്. പാവപ്പെട്ടവരോട് കരുണ കാണിച്ച പൊതുപ്രവർത്തകനും ഭരണാധികാരിയും നേതാവുമായി. കവളപ്പാറ ദുരന്തം നടന്ന സമയത്ത് അവിടെയെത്തി അദ്ദേഹം ചെയ്ത സേവനങ്ങൾ അടുത്തറിയാനായി എന്നതു കൊണ്ട് തന്നെ മറക്കാനാനാവില്ല. മുസ്‌ലിംലീഗ് പ്രസ്ഥാനത്തിനും അദ്ദേഹം കരുത്തായി. അദ്ദേഹത്തിന്റെ പ്രസംഗത്തിലുള്ള പ്രാഗത്ഭ്യം ഐക്യജനാധിപത്യ മുന്നണിക്ക് തന്നെ കരുത്തായെന്നും വി.എസ് ജോയ് പറഞ്ഞു.

മികച്ച പൊതുപ്രവർത്തനും ജനകീയ ജനപ്രതിനിധിയുമായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്ന് മുസ്‌ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൽ ഹമീദ് എം.എൽ.എ അനുസ്മരിച്ചു. ദലിത് പിന്നോക്ക വിഭാഗങ്ങളെ മുസ്‌ലിംലീഗ് പാർട്ടിയിലേക്ക് അടുപ്പിക്കാൻ അദ്ദേഹത്തിനായി. ഇതുവഴി ദലിത് വിഭാഗങ്ങളുടെ വളർച്ചക്ക് ആക്കം കൂട്ടി.

മുസ്‌ലിംലീഗിനെയും പാണക്കാട് കുടുംബത്തേയും നെഞ്ചിലേറ്റിയ അദ്ദേഹത്തിന് മുസ്‌ലിംലീഗ് പ്രസ്ഥാനവും വലിയ സ്ഥാനങ്ങൾ നൽകി. മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി എന്ന നിലയിൽ അദ്ദേഹം തിളങ്ങി. അദ്ദേഹത്തിന്റെ വിയോഗം മുസ്‌ലിം ലീഗ് പ്രസ്ഥാനത്തിന് നികത്താനാകാത്തതാണെന്നും ഹമീദ് പറഞ്ഞു. ദലിത് സമൂഹത്തിന്റെ അന്തസിന്റെ പ്രതീകമായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.പി സൈതലവി പറഞ്ഞു. തന്റെ കുട്ടിക്കാലത്തെ ജീവിത പ്രയാസങ്ങൾ മടികൂടാതെ പറഞ്ഞ അദ്ദേഹം മുസ്‌ലിംലീഗിലൂടെ നേടിയെടുത്തത് അഭിമാനത്തോടെ പ്രസംഗിച്ചു. ദലിത് സമൂഹത്തെ സാമൂഹ്യ പരമായും രാഷ്ട്രീയപരമായും പ്രബുദ്ധരാക്കാനും അഭിമാനത്തോടെ ജീവിക്കാനും പഠിപ്പിച്ച അദ്ദേഹം വലിയ മാതൃകയായി അവരുടെ മുന്നിൽ നിന്നു. ദലിത് ലീഗിനെ ജനകീയമാക്കാൻ അദ്ദേഹത്തനായി. ഇസ്മായിൽ മൂത്തേടം സ്വാഗതം പറഞ്ഞു. കെ.പി അബ്ദുൽ മജീദ്, നജീബ് കാന്തപുരം എംഎൽഎ, യു.സി രാമൻ, സി.പി.ഐ സെക്രട്ടറി സൈതാലി, ഷിബു മീരാൻ, ഇ.പി ബാബു, ശശീന്ദ്രൻ മണലായ, ജില്ലാ പഞ്ചായത്ത് മുൻ സെക്രട്ടറി റഷീദ് നാലകത്ത്, ജയന്തി രാജൻ, വെൽഫെയർ പാർട്ടി പ്രതിനിധി ഇ.കെ കുഞ്ഞഹമദ് മാസ്റ്റർ, എം.എ ഖാദർ, സൈതലവി മാസ്റ്റർ, ഇബ്രാഹീം മുതൂർ, കെഎം ഗഫൂർ, അൻവർ മുള്ളമ്പാറ, കെ.ടി അഷറഫ്, പി.കെ.സി അബ്ദുറഹിമാൻ, പി. വി മനാഫ്, അഡ്വ.പി.പി മോഹൻദാസ്, സറീന ഹസീബ്, പി.കെ അസ്‌ലു, അലി അക്ബർ പി.കെ, ശ്രീദേവി പ്രാകുന്ന്, എ.കെ നസീർ, ടി.പി. എം ബഷീർ, ബഷീർ രണ്ടത്താണി, പറമ്പൻ ലക്ഷ്മി, വി.കെ. എം ഷാഫി, ടി.പി ഹാരിസ്, എ.പി സബാഹ്, സമീറ പുളിക്കത്ത്, ജസീറ കരുവാരക്കുണ്ട്, വിജയൻ ഏലംകുളം, രാജൻ എൻ.എം ശ്രീധരൻ, കൃഷ്ണൻ എണ്ണേറ്റിൽ, കബീർ മുതുപറമ്പ് നിഷാജ് എടപ്പറ്റ, ശംസു പുള്ളാട്ട്, മുജീബ് പൂക്കൂത്ത്, ഇ.കെ മുഹമ്മദ്കുട്ടി പ്രസംഗിച്ചു.



മുസ്‌ലിംലീഗ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ സർവകക്ഷി അനുശോചന യോഗം സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം ഉദ്ഘാടനം ചെയ്യുന്നു

## സഹപ്രവർത്തകന്റെ ഓർമയിൽ അവർ ഒത്തുചേർന്നു

മലപ്പുറം: എ.പി ഉണ്ണികൃഷ്ണന്റെ വേർപാടിന്റെ വേദനയിയിൽ പരസ്പരം ആശ്വസിപ്പിച്ച് മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ ഭാരവാഹികൾ പ്രസിഡന്റ് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ പൂക്കോയ തങ്ങൾ സൗധത്തിൽ ഒത്തുകൂടി. മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറിയായിരുന്ന ഉണ്ണികൃഷ്ണന്റെ സംസ്കാര ചടങ്ങും അനുശോചന യോഗവും കഴിഞ്ഞതിന് ശേഷം വൈകുന്നേരമാണ് മുസ്‌ലിംലീഗ് ഭാരവാഹികൾ സഹപ്രവർത്തകന്റെ ഓർമകൾ അയവിറക്കി ഒത്തുചേർന്നത്.

കർമരംഗത്ത് ഏൽപ്പിക്കപ്പെടുന്ന ഏത് ഉത്തരവാദിത്വവും കർമകുശലതയോടെയും ആത്മാർത്ഥതയോടെയും നിറവേറ്റുന്നതിൽ ഉണ്ണികൃഷ്ണൻ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവെച്ചിരുന്നതെന്ന് അബ്ബാസലി തങ്ങൾ പറഞ്ഞു. മുസ്‌ലിംലീഗിനും ദലിത് സമൂഹത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. വിയോഗം കേരളത്തിലെ മുസ്‌ലിംലീഗ് പ്രസ്ഥാനത്തിന് തന്നെ കനത്ത നഷ്ടമാണ്. പാണക്കാട് കുടുംബവുമായി അദ്ദേഹത്തിന് വലിയ ആത്മബന്ധമാണുണ്ടായിരുന്നത്. വിശേഷദിവസങ്ങളിലെല്ലാം സമ്മാനപ്പൊതികളുമായി ഉണ്ണികൃഷ്ണൻ പാണക്കാട് വീട്ടിലേക്ക് വരാറുണ്ടായിരുന്നുവെന്നും തങ്ങൾ സ്മരിച്ചു.

സഹപ്രവർത്തകനെ നഷ്ടമായതിൽ അത്യധികം വേദന രേഖപ്പെടുത്തിക്കൊണ്ടാണ് ജനറൽ സെക്രട്ടറി പി. അബ്ദുൽഹമീദ് എം.എൽ.എ സംസാരം തുടങ്ങിയത്.

സംഘടനയുടെ ഏത് പ്രവർത്തനത്തിലും സജീവമായി ഉണ്ണികൃഷ്ണനുണ്ടായിരുന്നു. അസുഖബാധിതനാകുന്നതിന് തൊട്ടുമുമ്പ് തിരഞ്ഞെടുപ്പിന്റെ മണ്ഡലം ചുമതലകൾ ഏറ്റെടുക്കുകയും അതിന്റെ പ്രാഥമിക പ്രവർത്തനങ്ങളിൽ സജീവമായിക്കൊണ്ടിരിക്കേയാണ് അദ്ദേഹം അസുഖബാധിതനായത്. രോഗശയ്യയിൽ കിടക്കുമ്പോഴും തന്റെ അസുഖവേദനയെ പോലും മറന്നുകൊണ്ട് തിരഞ്ഞെടുപ്പ് കാര്യങ്ങളെകുറിച്ചും മറ്റു രാഷ്ട്രീയ കാര്യങ്ങളെകുറിച്ചുമാണ് അദ്ദേഹം സംസാരിച്ചിരുന്നത്. സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന പ്രതീക്ഷ അദ്ദേഹത്തിനുണ്ടായിരുന്നു.

പാർട്ടിയുടെ പ്രകടനങ്ങളിലും സമ്മേളനങ്ങളിലും പച്ചഷർട്ടണിഞ്ഞുവരുന്നതിൽ അഭിമാനംകൊണ്ടു അദ്ദേഹം. മുസ്‌ലിംലീഗിന്റെ മറ്റുഭാരവാഹികളും അദ്ദേഹത്തെ കുറിച്ചുള്ള ഓർമകൾ പങ്കുവെച്ചു. ദലിത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം ദലിത് സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി വിശ്രമമില്ലാതെ കർമരംഗത്തുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്ത് ജില്ലയുടെ വികസന പ്രവർത്തനങ്ങളിൽ അദ്ദേഹം പ്രത്യേകമായ കർമപദ്ധതികൾ ആസൂത്രണം ചെയ്തു. ദലിത്, മുസ്‌ലിം സാഹോദര്യ ബന്ധം ശക്തിപ്പെടുത്തുന്നതിലും അദ്ദേഹം മുന്നിലുണ്ടായിരുന്നു.

ട്രഷറർ അഷ്റഫ് കോക്കൂർ, വൈസ് പ്രസിഡന്റുമാരായ ഇസ്മായിൽ മൂത്തേടം, എം.എ ഖാദർ, പി.എസ്.എച്ച് തങ്ങൾ, എം.കെ ബാവ, ഇബ്രാഹീം മുതൂർ, സെക്രട്ടറിമാരായ നൗഷാദ് മണ്ണിശ്ശേരി, കെ.എം അബ്ദുൽഗഫൂർ, അൻവർ മുള്ളമ്പാറ, അഡ്വ. പി.പി ഹാരിഫ്, കെ.ടി അഷ്റഫ് പങ്കെടുത്തു.



മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റുമായ എ.പി ഉണ്ണികൃഷ്ണന്റെ ഭൗതികശരീരത്തിന് അന്ത്യചുംബനം നൽകുന്ന ഭാര്യ സുഷമ




ഒരിക്കൽ കൂടി തങ്ങളുടെ മാറിലമർന്ന്: 15 -ാം വയസിൽ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ കൈപിടിച്ചാണ് എ.പി ഉണ്ണികൃഷ്ണൻ പൊതുപ്രവർത്തന രംഗത്തെത്തിയത്. മലപ്പുറം സിവിൽ സ്റ്റേഷന് മുമ്പിൽ സ്ഥാപിച്ച ശിഹാബ് തങ്ങൾ ദേശീയ സെമിനാറിന്റെ ബാനറിൽ അന്തരിച്ച ഉണ്ണികൃഷ്ണന് ആദരാഞ്ജലിയർപ്പിച്ച് ജില്ലാ പഞ്ചായത്ത് ഭരണസമിതി, സ്റ്റാഫ് അംഗങ്ങൾ സ്ഥാപിച്ച ഫ്ളക്സ്.

സജീദ് അൻവർ



പ്രവാസി ലീഗ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുശോചന യോഗം സംസ്ഥാന പ്രസിഡന്റ് ഹനീഫ മൂന്നിയൂർ ഉദ്ഘാടനം ചെയ്യുന്നു

### അനുസ്മരണം സംഘടിപ്പിച്ചു

മലപ്പുറം: പ്രവാസിലീഗ് ജില്ലാ കമ്മിറ്റി ജില്ലാ മുസ്‌ലിംലീഗ് സെക്രട്ടറി എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ അനുശോചിച്ചു. അനുശോചനയോഗം സംസ്ഥാന പ്രസിഡന്റ് ഹനീഫ മൂന്നിയൂർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ടി.എച്ച് കുഞ്ഞാലി ഹാജി അധ്യക്ഷനായി. ജനറൽ സെക്രട്ടറി സൈഫുദ്ദീൻ വലിയകത്ത്, സി.ടി അബ്ദുന്നാസർ, സലാം പറവണ്ണ, ബീരാൻ ആക്കോട്, പി ഇബ്രാഹീം ഹാജി, മുട്ടേങ്ങാടൻ മുഹമ്മദലി, പി.എം.എ ജലീൽ, പി.എം ബാവ, വി.ടി റസാഖ് പ്രസംഗിച്ചു.



അന്ത്യകർമ്മങ്ങൾക്ക് എ.പി ഉണ്ണികൃഷ്ണന്റെ ബന്ധുക്കൾ നേതൃത്വം നൽകുന്നു

സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്.

(വിശുദ്ധ ഖുർആൻ: 09: 71)



ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 30 • 1199 മിഥുനം 23 • 1946 ആഷാഢം 16



## സൂപ്പർ മുഖ്യമന്ത്രി

മുഖ്യമന്ത്രി രാജാവായി മാറുകയാണെന്നാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം. എന്നാൽ താൻ രാജാവല്ല വെറും ദാസനാണെന്ന് മുഖ്യമന്ത്രി. ജനത്തിന് വേണ്ടി എന്തും ചെയ്യുമെന്നാണ് സ്വയം പറയുന്നത്. ദാസനായാലും വിജയനായാലും ജനത്തിനു വേണ്ടിയല്ല. ജനത്തിനിട്ടാണ് എന്തും ചെയ്യുന്നതെന്ന് പൊതു ജനവും. അതേ സമയം മുഖ്യമന്ത്രിയേക്കാളും സൂപ്പർ മുഖ്യമന്ത്രി ചമയലാണ് ഇപ്പോൾ പൊതു മരാമത്ത് വകുപ്പ് മന്ത്രിയുടെ പരിപാടിയെന്നാണ് പാർട്ടി നേതാക്കൾ പോലും പറയുന്നത്. ഇപ്പോൾ വല്ല ഫണ്ടും അനുവദിക്കുകയാണെങ്കിൽ അത് ഒരു വകുപ്പിനേയുള്ളൂ. പൊതുമരാമത്ത്, ടൂറിസത്തിനാണത്. എന്നാൽ വകുപ്പ് പൊതുമരാമത്താണെങ്കിലും പ്രവർത്തിയൊന്നും അവിടെയല്ല. മഴക്കാലമായതോടെ നടുവൊടിഞ്ഞും കുഴിയിൽ വീണും പൊതുജനം മേൽപോട്ടു നോക്കുമ്പോൾ സൂപ്പർ മുഖ്യൻ നിലവിൽ കുഴപ്പമില്ലാത്ത പാലങ്ങളുടെ കൈവരികൾ പൊളിച്ചു കളഞ്ഞ് നീലയോ കറുപ്പോ പെയിന്റുള്ളത് മാറ്റി പുതിയ കൈവരി സ്ഥാപിച്ച് അതിൻമേൽ ചുവന്ന ചായം പൂശുന്ന വികസനത്തിലാണ്. പഴയ ശിലാ ഫലകങ്ങളൊക്കെ അടർത്തി മാറ്റി പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പേര് കൊത്തി വെച്ച് നിർവൃതിയണയുന്നു. ഇതു കൊണ്ട് ആർക്ക് എന്തു ഗുണം എന്നൊന്നും ചോദിക്കരുത്. സകല ബീച്ചിലും ഫ്ളോട്ടിങ് ബ്രിഡ്ജ് സ്ഥാപിച്ച് ടൂറിസ്റ്റുകളേ ഇതിലേ ഇതിലേ പാടി നടക്കുകയായിരുന്നു. ഇപ്പോൾ ആട് പോയിടത്ത് പൂട പോലുമില്ലെന്ന് പറഞ്ഞ പോലെ സ്ഥാപിച്ച ഫ്ളോട്ടിങ് ബ്രിഡ്ജുകളൊക്കെ എവിടേയാണോ എന്തോ.

മന്ത്രിക്കെതിരെ പ്രതിപക്ഷമാണ് വിമർശനമുന്നയിക്കുന്നതെന്നൊന്നും കരുതരുത്. വകുപ്പിനെതിരെ രൂക്ഷവിമർശനം ഉന്നയിച്ച സി.പി.എമ്മിലെ കടകംപള്ളി സുരേന്ദ്രനെയും സി.പി.ഐയിലെ വാഴൂർ സോമനെയും പാർലമെന്ററി പാർട്ടി യോഗം വിളിച്ചു ചേർത്താണ് ദാസൻ മുഖ്യമന്ത്രി ശാസിച്ചത് പോലും. മരുമകനോട് ഇത്രയെങ്കിലും സ്നേഹം കാണിക്കാതിരിക്കാനാവുമോ?. ഇതിനായി മാത്രം യോഗം വിളിച്ചു ചേർത്ത മുഖ്യമന്ത്രിയുടെ നടപടി അസാധാരണമാണെന്നാണ് സി.പി.ഐക്കാരു പോലും പറയുന്നത്. അസാധാരണമായതെന്തും സാധാരണമാക്കുന്ന ദാസനാണ് ഇപ്പോൾ ഭരിക്കുന്നതെന്ന് പാവം കൂടെ നടക്കുന്ന സി.പി.ഐക്കാർക്ക് അറിയില്ല. ഒരു ഭാഗത്ത് മൂത്ത സഖാക്കളുടെ കോപ്രട്ടിത്തരം സഹിക്കാൻ കഴിയാതിരിക്കുമ്പോഴാണ് കുട്ടി സഖാക്കളായ എസ്എഫ്ഐയുടെ അക്രമ രാഷ്ട്രീയവും സഹിക്കേണ്ട അവസ്ഥയെന്നതാണ് സിപിഐ പറയുന്നത്. ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി നീണ്ടു പോകുന്നതിൽ ടൂറിസം വകുപ്പിന്റെ അലംഭാവം കടകംപള്ളി ആരോപിച്ചതും വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൊണ്ട് വനാതിർത്തിയിൽ ഉള്ളവർക്കു ജീവിക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് വാഴൂർ സോമൻ തുറന്നടിച്ചതുമാണ് മൾട്ടിപ്പിൾ ചങ്കുണ്ടെന്ന് പാർട്ടിക്കാർ പറയുന്ന മുഖ്യമന്ത്രിയെ പ്രകോപിപ്പിച്ചത്. കടകംപള്ളി മന്ത്രി പി.എ.മുഹമ്മദ് റിയാസിനെ ഉന്നമിട്ടപ്പോൾ വാഴൂർ സോമന്റെ ലക്ഷ്യം എൻ.സി.പിയുടെ മന്ത്രി എ.കെ. ശശീന്ദ്രനായിരുന്നു. കടകംപള്ളിയെ മാത്രം വിമർശിച്ചാൽ അത് പല വ്യാഖ്യാനങ്ങൾക്കും ഇടനൽകുമെന്നതിനാൽ വാഴൂർ സോമനെ കൂടി ചേർത്തങ്ങ് വിമർശിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പോടെ മുണ്ടുടുത്ത മോദിയുടെ അപ്രമാദിത്യം ഏറെക്കുറെ അവസാനിച്ചെന്നായിരുന്നു എല്ലാവരും കരുതിയിരുന്നത്. എന്നാൽ സംഗതി അങ്ങിനെയൊന്നുമല്ലെന്നാണ് ഇപ്പോൾ പുറത്ത് വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

സിപിഎമ്മിൽ പിണറായി വിരുദ്ധചേരിയ്ക്ക് വേണ്ടി പ്രവർത്തിച്ചാൽ 'വെട്ടി നിരത്തുമെന്ന' സന്ദേശമാണ് കടകംപള്ളിയ്ക്കുള്ള വിമർശനം വഴി പുറത്ത് വിടുന്നത്. സൂപ്പർ മുഖ്യമന്ത്രിയായ മരുമകനും മുഖ്യമന്ത്രിയെ എന്തിനും ഏതിനും ന്യായീകരിക്കുന്ന മന്ത്രി രാജേഷിനും പാർട്ടി തോറ്റ് തുന്നം പാടിയിട്ടും കോൺഗ്രസുമായി കേരളത്തിന് പുറത്തുള്ള സഖ്യം കൂടി അവസാനിപ്പിക്കാത്തതിലാണ് ബേജാർ. അതും കൂടി അവസാനിച്ചാൽ അവസാനത്തെ കട്ടയും പടവും മടക്കാമെന്നറിയുന്ന സാക്ഷാൽ യെച്ചൂരി സഖാവും സംഘവും പക്ഷേ കേരളത്തിൽ തെറ്റു തിരുത്തുമെന്നാണ് തട്ടിവിട്ടത്. എന്നാൽ തിരുത്തുന്നത് തിരുത്താനായി എത്തുന്നുവരെയാണെന്നതാണ് കേരളത്തിലെ യാഥാർത്ഥ്യം. പാർട്ടിയിൽ അസാധാരണ വഴിയിലൂടെ നീങ്ങി ആധിപത്യം നിലനിർത്താനാണ് പിണറായിയുടെ ഇപ്പോഴത്തെ നീക്കം. വിമർശനങ്ങളോ പരാതികളോ ഉണ്ടെങ്കിൽ അതു മന്ത്രിമാരോട് നേരിട്ടു പറയുന്നതിൽ തെറ്റില്ല. എന്നാൽ നിയമസഭയിൽ പൊതുചർച്ചയ്ക്കു വിധേയമാക്കരുതെന്നും സഭയിലെ പ്രസംഗങ്ങളിൽ ജാഗ്രത പാലിക്കണമെന്നുമാണ് എം.എൽ.എമാർക്കും മന്ത്രിമാർക്കും നിർദേശം. മന്ത്രിയാകും മുമ്പ് കെബി ഗണേഷ് കുമാറിനെ പോലെയുള്ളവർ ആരോഗ്യ വകുപ്പിനേയും മറ്റും കടന്നാക്രമിച്ചിട്ടുണ്ട്. എന്നാൽ അന്നൊന്നും മുഖ്യമന്ത്രി ഇടപെട്ടില്ല. പക്ഷേ റിയാസിനെതിരെ പാർട്ടിക്കുള്ളിൽ വിമർശനം ശക്തമാകുന്ന സാഹചര്യത്തിൽ കൂടിയാണ് മുഖ്യമന്ത്രിയുടെ രക്ഷാ സഹായ ഹസ്തമെത്തുന്നത്. തിരഞ്ഞെടുപ്പ് കഴിഞ്ഞ് പ്രതിപക്ഷം കൂടുതൽ ആവേശത്തിലായ സാഹചര്യത്തിൽ കുടുതൽ ശ്രദ്ധയും ജാഗ്രതയും ഓരോ എംഎൽഎയും പുലർത്തണമെന്നാണ് നിയമസഭാ കക്ഷി യോഗത്തിൽ മുഖ്യമന്ത്രി നിഷ്കർഷിച്ചത്. സ്വന്തം പാർട്ടിയുടെ തെറ്റ് തിരിച്ചറിയാതെ പ്രതിപക്ഷത്തിന്റെ ആവേശം നോക്കി വിമർശിച്ചിട്ട് എന്ത് കാര്യം. ആർക്ക് നേട്ടം. ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം നടന്ന അവലോകന യോഗങ്ങളിൽ മുഴുവൻ മുഖ്യമന്ത്രിക്കും പൊതുമരാമത്ത് മന്ത്രിക്കുമെതിരെ രൂക്ഷ വിമർശനമാണ് ഉയർന്നത്. അങ്ങനെയൊന്നും തകർന്നു പോകുന്നവരല്ല ഞങ്ങളെന്നാണ് ദാസൻ പറയുന്നത്. മാധ്യമങ്ങൾ എന്തു പ്രചരിപ്പിച്ചാലും തങ്ങൾ തകരില്ലെന്നാണ് മുഖ്യമന്ത്രി ആഞ്ഞാഞ്ഞ് പറയുന്നത്. ശരിയാണ് മാധ്യമങ്ങൾ വേണമെന്നൊന്നുമില്ല. ഈ മുഖ്യമന്ത്രിയും മരുമകന്റെ സൂപ്പർ മുഖ്യമന്ത്രി ചമയലും ഇതു പോലെ മുന്നോട്ടു പോയാൽ സംഗതി അടുത്ത പ്രാവശ്യത്തോടെ ഉപ്പുവെച്ച കലം പോലെ സി.പി.എം കേരളത്തിൽ നാമാവശേഷമാകും.

# പൊതു വിദ്യാലയങ്ങളെ തകർക്കുന്നത് സർക്കാർ



**ഷെരീഫ് സാഗർ**

> പത്താം ക്ലാസ് പാസായ കുട്ടികൾക്ക് എഴുത്തും വായനയും അറിയില്ലെന്ന് പറയുന്നത് സംസ്ഥാനത്തെ ഒരു മന്ത്രിയാണ്. അക്ഷരം കൂട്ടിവായിക്കാൻ അറിയാത്തവർ പോലും എ.പ്ലസ് നേടുന്നു എന്ന പൊതു വിദ്യാഭ്യാസ ഡയരക്ടറുടെ പ്രസ്താവന ഈ മേഖലയിലുണ്ടാക്കിയ ഉൾക്കിടിലം ചെറുതല്ല.

പൊതു വിദ്യാലയ സംരക്ഷണ യജ്ഞം തകൃതിയായി നടക്കുമ്പോഴും ഓരോ വർഷവും കുട്ടികളുടെ എണ്ണം കുറയുകയാണ്. വർഷങ്ങൾക്ക് മുമ്പ് സ്കൂളുകളിൽ അഡ്മിഷൻ കിട്ടാൻ പോലും പ്രയാസപ്പെടുന്ന അവസ്ഥയുണ്ടായിരുന്നു. എന്നാൽ ആ ട്രെൻഡ് വളരെ പെട്ടെന്നാണ് മാറുന്നത്. സി.ബി.എസ്.ഇ സ്കൂളുകളിൽനിന്ന് സ്റ്റേറ്റ് സിലബസിലേക്ക് കുട്ടികളെ മാറ്റിയവരൊക്കെ വീണ്ടും പ്രൈവറ്റ് സ്കൂളുകൾ തേടി അലയുന്നതാണ് പുതിയ ചിത്രം. ആരാണ് ഇതിന് ഉത്തരവാദികൾ എന്ന് പരിശോധിച്ചേ മതിയാകൂ. ഗവൺമെന്റ് സ്കൂളുകളിൽ ഇത്തവണ 6928 കുട്ടികളാണ് കുറഞ്ഞത്. എയ്ഡഡ് സ്കൂളുകളിൽ 235 കുട്ടികളും. അതേസമയം അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ ചേർന്നവരുടെ എണ്ണത്തിൽ 14,044 വിദ്യാർഥികളുടെ വർധനവുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി പൊതുവിദ്യാലയങ്ങളോടുള്ള പൊതുജന താൽപര്യം കുറഞ്ഞ് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷം മാത്രം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ 94,639 കുട്ടികളുടെ കുറവാണുണ്ടായത്. ഒന്നാം ക്ലാസിൽ കഴിഞ്ഞ വർഷം 10,164 കുട്ടികളാണ് കുറഞ്ഞത്. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസുകളിൽനിന്ന് പ്ലസ് വണ്ണിന് കേരള സിലബസ് തിരഞ്ഞെടുക്കുന്നവരുടെ എണ്ണവും കുറയുകയാണ്. 2018 19ൽ സി.ബി.എസ്.ഇ ഐ.സി.എസ്.ഇ സിലബസുകാരായ 42,892 വിദ്യാർഥികളാണ് പത്താം ക്ലാസ്സ് കഴിഞ്ഞ് പ്ലസ് വണ്ണിന് സംസ്ഥാന സിലബസിലേക്ക് മാറിയത്. 2022 23ൽ ഇത് 31,697 ആയി കുറഞ്ഞു.

എസ്.എസ്.എൽ.സിക്ക് ലഭിക്കുന്ന സമ്പൂർണ എ പ്ലസ് വിശ്വാസ യോഗ്യമല്ലാത്ത ഒന്നായി മാറി എന്നതാണ് വിദ്യാർത്ഥികളെ സ്കൂൾ മാറ്റുന്നതിന് കാരണമായി രക്ഷിതാക്കൾ പറയുന്നത്. കുട്ടികൾ പ്ലസ്.ടുവിന് എത്തുന്നതോടെ എസ്.എസ്.എൽ.സിയിലെ വിജയ ശതമാനത്തിലെ തട്ടിപ്പ് രക്ഷിതാക്കൾക്ക് ബോധ്യപ്പെടുകയാണ്. സി.ബി.എസ്.ഇക്ക് പഠിച്ച് ഉപരിപഠനത്തിന് എത്തുന്ന മിക്ക കുട്ടികൾക്കും പ്ലസ്.ടുവിന് ഫുൾ എ.പ്ലസ് കിട്ടുമ്പോൾ സ്റ്റേറ്റ് സിലബസുകാർ പിറകോട്ട് പോവുന്നു. പാഠ്യപദ്ധതിയിലും പ്രയോഗത്തിലും കാര്യമായ മാറ്റം കൊണ്ടുവന്നാൽ മാത്രമേ ഇനിയങ്ങോട്ട് പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ കഴിയൂ എന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. പത്താം ക്ലാസ് പാസായ കുട്ടികൾക്ക് എഴുത്തും വായനയും അറിയില്ലെന്ന് പറയുന്നത് സംസ്ഥാനത്തെ ഒരു മന്ത്രിയാണ്. അക്ഷരം കൂട്ടിവായിക്കാൻ അറിയാത്തവർ പോലും എ.പ്ലസ് നേടുന്നു എന്ന പൊതു വിദ്യാഭ്യാസ ഡയരക്ടറുടെ പ്രസ്താവന ഈ മേഖലയിലുണ്ടാക്കിയ ഉൾക്കിടിലം ചെറുതല്ല. പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച യഥാർത്ഥ ചിത്രം സർക്കാർ പ്രതിനിധികൾ തന്നെ ഉറക്കെ വിളിച്ച് പറഞ്ഞത് കുട്ടികളും രക്ഷിതാക്കളും മറ്റു വഴികൾ തേടിപ്പോയതിന്റെ പ്രധാന കാരണമാണ്.

ക്രിയാത്മക ചിന്തകളിലേക്ക് കുട്ടികൾ എത്തണമെങ്കിൽ വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന അന്തരീക്ഷം ക്ലാസ് മുറികളിലുണ്ടാവണമെന്നും ബോധനശാസ്ത്രത്തിൽ കാര്യമായ മാറ്റങ്ങളുണ്ടാവണമെന്നും എൻ.സി.ഇ.ആർ.ടി ഡയരക്ടർ ഡോ. ആർ.കെ ജയപ്രകാശ് പറയുന്നത് കൃത്യമായ നിരീക്ഷണമാണ്. എന്നാൽ, തത്വങ്ങളനുസരിച്ച് ക്ലാസ് മുറികളിൽ അധ്യാപനം നടക്കുന്നില്ലെന്നാണ് അദ്ദേഹം പറയുന്നത്. എന്തെഴുതിയാലും മാർക്ക് കൊടുക്കേണ്ട ഗതികേടിലാണ് അധ്യാപകർ. എന്തും എഴുതുന്നതാണ് ക്രിയേറ്റിവിറ്റി എന്ന് തെറ്റിദ്ധരിച്ച അധ്യാപകരുമുണ്ട്. സ്വന്തമായി ഒരു വാക്യം എഴുതാനോ പറയാനോ കഴിയാത്ത എ പ്ലസുകാർ ഉണ്ടാകുന്നു എന്നതാണ് ഇതിന്റെ ഫലം. കുട്ടി തോൽക്കാൻ പാടില്ല, തോറ്റാൽ മാനസിക സംഘർഷമുണ്ടാകും എന്ന വിദഗ്ധാഭിപ്രായം കേട്ടാണ് എല്ലാവരെയും ജയിപ്പിച്ച് തുടങ്ങിയത്. പിന്നീട് എല്ലാവർക്കും എ പ്ലസ് കിട്ടാത്തതായി പ്രശ്നം. എ പ്ലസ് വാരിക്കോരി കൊടുക്കുന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഇങ്ങനെ പോയാൽ എങ്ങനെയാണ് സംവിധാനം നന്നാവുക? എത്രകാലം ഈ അശാസ്ത്രീയ സംവിധാനവുമായി മുന്നോട്ട് പോകും?

പൊതുവിദ്യാഭ്യാസ മേഖലയെ ജനങ്ങൾക്കിടയിൽ താഴ്ത്തിക്കെട്ടാനുള്ള ലക്ഷ്യം സർക്കാറിനുണ്ടോ എന്ന സംശയത്തിലാണ് ഇപ്പോൾ വിദ്യാഭ്യാസ പ്രവർത്തകർ. ഗുണനിലവാരം കുറച്ച് പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെത്തുന്നത് കുറയ്ക്കുകയും അതുവഴി ഈ രംഗത്തുള്ള ഭീമമായ ചെലവ് കുറയ്ക്കാമെന്നും സർക്കാർ കരുതുന്നുണ്ടോ എന്നാണ് പലരുടെയും സംശയം. പൊതുവിദ്യാഭ്യാസ ഡയരക്ടറുടെ പ്രസ്താവന പോലും അതിന്റെ ഭാഗമാണെന്ന് കരുതുന്നവരുണ്ട്. ഒരു കുട്ടിക്ക് നല്ലൊരു സംഖ്യ പുസ്തകത്തിനും യൂണിഫോമിനും ഭക്ഷണത്തിനും സർക്കാർ ചെലവഴിക്കുന്നുണ്ട്. കുട്ടികൾ കുറഞ്ഞാൽ ഇതൊക്കെ ഖജനാവിന് ലാഭമാണ്. ചോറിനും മുട്ടക്കും പാലിനുമൊക്കെ കുട്ടികളെ സ്കൂളിലേക്ക് വിട്ടിരുന്ന കാലം കഴിഞ്ഞിട്ടുണ്ട്. പണം എത്ര മുടക്കേണ്ടി വന്നാലും സ്വന്തം മക്കൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണ് രക്ഷിതാക്കൾ അന്വേഷിക്കുന്നത്. പൊതുമേഖലയിൽ അത് കിട്ടിയാൽ ഏത് പണക്കാരന്റെ മക്കളും അവിടെയെത്തും. അതല്ല, സ്വകാര്യ മേഖലക്ക് മാത്രമേ ഇത് നൽകാൻ കഴിയൂ എങ്കിൽ ഏത് പാവപ്പെട്ടവന്റെ മക്കളും സ്വകാര്യ മേഖല തേടി പ്പോകും. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞേ മതിയാകൂ.

2021ലെ നാഷണൽ അച്ചീവ്മെന്റ് സർവ്വേ പ്രകാരം കേരളത്തിലെ കുട്ടികൾ പഠന നിലവാരത്തിൽ 18 ാം സ്ഥാനത്താണ്. എഴുതാനും വായിക്കാനും അറിയാത്തവരാണ് ഏറെയുമെന്നാണ് ഈ പഠനത്തിൽ തെളിഞ്ഞ പ്രധാനപ്പെട്ട കാര്യം. ഹൈസ്കൂൾ സെക്കൻഡറിൽനിന്ന് പോലും കുട്ടികൾ കൂട്ടത്തോടെ സ്വകാര്യ സ്കുളുകളിലേക്ക് മാറുകയാണ്. ഈച്ചയെ ആട്ടിയിരുന്ന പല പ്രൈവറ്റ് സ്കൂളുകളിലും ഇപ്പോൾ കുട്ടികളെ എടുക്കാൻ പറ്റാത്ത അവസ്ഥയായി. കോവിഡ് പ്രതിസന്ധിയും ഗൾഫിലെ നിതാഖാത്ത് പോലെയുള്ള വിഷയങ്ങളും പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികൾ ഒഴുകാൻ കാരണമായിരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ജനം പ്രതീക്ഷ അർപ്പിച്ചിക്കുകയും ചെയ്തിരുന്നു. എന്നാൽ വളരെ പെട്ടെന്നാണ് ഈ മേഖലയിൽ തകർച്ചയുണ്ടായിരിക്കുന്നത്. ഇതിന്റെ ഒന്നാമത്തെ ഉത്തരവാദിത്തം സർക്കാറിന് തന്നെയാണ്. 2024ൽ, അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലത്ത് ജീവിക്കുന്ന കുട്ടികൾക്ക് കാലത്തോട് സംവദിക്കുന്ന പാഠ്യപദ്ധതിയാണോ നൽകുന്നത് എന്ന് സിലബസ് പരിഷ്ക്കരിക്കുന്നവർ ആലോചിക്കണം. പൊതുവിദ്യാലയങ്ങളിൽ കുറയുന്ന കുട്ടികളൊക്കെ നേരെ പോകുന്നത് അൺ എയ്ഡഡ് മേഖലയിലേക്കാണ്. പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ നൽകാമെന്നേറ്റ ഫണ്ട് നൽകാത്തതും ഉച്ചക്കഞ്ഞി വിതരണത്തിൽ വരെയുള്ള പ്രശ്നങ്ങളും മോഡൽ പരീക്ഷക്ക് പോലും ഫീസ് വാങ്ങിയതുമെല്ലാം സർക്കാർ സ്കൂളുകളെ സംബന്ധിച്ച് മോശം പ്രതിച്ഛായയാണ് ഉണ്ടാക്കിയത്. സ്കൂളുകൾ തുറന്ന് മാസമൊന്ന് കഴിഞ്ഞിട്ടും സംസ്ഥാനത്ത് പലയിടത്തും പുസ്തക വിതരണം നടന്നിട്ടില്ല. യു.പി, ഹൈസ്കൂൾ വിഭാഗത്തിലാണ് പുസ്തക വിതരണം അവതാളത്തിലായിരിക്കുന്നത്. അതേസമയം പണം കൊടുത്ത് പുസ്തകം വാങ്ങുന്ന സ്റ്റേറ്റ് സിലബസിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് ഈ പ്രതിസന്ധിയില്ല. ആറാം പ്രവൃത്തി ദിവസത്തിന് ശേഷം കുറവുള്ള പുസ്തകത്തിന്റെ കണക്കെടുത്ത് കൊടുക്കണമെന്ന നിയമം പാലിച്ച സ്കൂളുകൾക്ക് പോലും പുസ്തകം കിട്ടിയിട്ടില്ല.

ബിരുദ പ്രവേശനത്തിന് ദേശീയ തലത്തിൽ നടക്കുന്ന സി.യു.ഇ.ടി പരീക്ഷയിൽ വിജയിച്ച് പ്രവേശനം നേടുന്ന കേരള സിലബസിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം കഴിഞ്ഞ വർഷത്തെ കണക്ക് നോക്കിയാൽ നാലിലൊന്നായി ചുരുങ്ങിയിട്ടുണ്ട്. 2022ൽ ഹിന്ദു കോളജിൽ പൊളിറ്റിക്കൽ സയൻസിന് ആകെയുള്ള 146 സീറ്റിൽ 120 സീറ്റിലും പ്രവേശനം നേടിയത് സി.ബി.എസ്.ഇ കുട്ടികളാണ്. കേരള സിലബസിൽ പഠിച്ച ഒരു കുട്ടിക്ക് മാത്രമാണ് പ്രവേശനം ലഭിച്ചത്. കേരളത്തിന് പുറത്തെ കോളജുകളിൽ അഡ്മിഷൻ ലഭിക്കാൻ സി.ബി.എസ്.ഇ സ്കൂളുകളിൽ പഠിക്കണം എന്ന ധാരണയിലേക്ക് രക്ഷിതാക്കളും വിദ്യാർത്ഥികളും എത്താൻ ഇത്തരം കണക്കുകൾ കാരണമായിട്ടുണ്ട്. എസ്.എസ്.എൽ.സിക്ക് ഓരോ വിഷയത്തിനും 30 ശതമാനം മാർക്ക് നിർബന്ധമാക്കുമെന്ന മന്ത്രിയുടെ പ്രസ്താവനയിൽ ചില പ്രതീക്ഷകളുണ്ട്. അത് നടപ്പാകുമോ എന്ന കാര്യത്തിൽ ഇപ്പോഴും ഉറപ്പില്ല. ചെറിയ ക്ലാസുകൾ മുതൽ തുടങ്ങുന്ന നിലവാരമില്ലായ്മയാണ് പരിഹരിക്കപ്പെടേണ്ടത്. പത്താം ക്ലാസിൽ മാത്രമായി എന്തെങ്കിലും പരിഷ്ക്കാരം ഏർപ്പെടുത്തിയത് കൊണ്ട് കാര്യമില്ല. ഒമ്പതാം ക്ലാസ് വരെയുള്ള ഓൾ പാസ് സമ്പ്രദായവും പുനഃപരിശോധിക്കപ്പെടണം. എ.പ്ലസുകളുടെ എണ്ണം ഭരണനേട്ടമായി വിലയിരുത്തപ്പെടുന്ന തെറ്റായ പ്രവണത ഒഴിവാക്കണം. സ്കൂൾ എന്ന ആശയത്തെ തന്നെ ചോദ്യം ചെയ്യുന്ന രീതിയിലാണ് നിലവിലുള്ള മൂല്യനിർണയ രീതി പോയിക്കൊണ്ടിരിക്കുന്നത്. അത് തിരുത്തിയേ മതിയാകൂ. ഉയർന്ന വിജയ ശതമാനമല്ല, ഉയർന്ന ഗുണനിലവാരമാണ് വേണ്ടതെന്ന് രക്ഷിതാക്കളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും പഠിപ്പിക്കണം.

പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് സാമൂഹിക ബാധ്യതയാണ്. മതേതര സാമൂഹിക ബോധം കുട്ടികളിൽ ഊട്ടിയുറപ്പിക്കുന്നതിന് പൊതുവിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നാടിന്റെ നിലനിൽപ്പിന്റെ പ്രശ്നം കൂടിയാണിത്. ഗുണനിലവാരമുള്ള വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കുക മാത്രമാണ് പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനുള്ള ഏക മാർഗം. അക്കാദമികമായ ശ്രദ്ധയില്ലാതെ ഉദ്യോഗസ്ഥരുടെ കളി കൊണ്ട് മാത്രം പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനാവില്ല. സർക്കാർ അതിന് രംഗത്ത് വരാത്ത പക്ഷം തുടർന്നുള്ള വർഷങ്ങളിൽ ഈ രംഗത്ത് രൂക്ഷമായ പ്രതിസന്ധി സംഭവിച്ചേക്കാം.

# വേണം ഹാജിമാർക്കൊരു അദാലത്ത്

**സി.കെ.എ.ജബ്ബാർ**

ലോകത്തിലെ ഏറ്റവും വലിയ മനുഷ്യ മഹാ സാഗരത്തിന്റെ ഭാഗമായി തീർന്ന് പരിശുദ്ധ ഹജ്ജ് കർമ്മം നിർവഹിച്ചവർ രാജ്യത്ത് തിരിച്ചു വന്നു കൊണ്ടിരിക്കയാണ്. ഹാജിമാർക്ക് ആത്മീയാനുഭൂതിയുടെ നിരവധി അനുഭവങ്ങൾ പങ്കിടാനുണ്ടാവും. ഒന്നിലേറെ തവണ ഹജ്ജിന് പോയവർ ഭൗതിക സൗകര്യങ്ങളുടെ മുൻ അനുഭവങ്ങളെ താരതമ്യം ചെയ്യും. ആദ്യമായി പോയവർക്ക് അനുഭവങ്ങളെ ത്യാഗസുരഭില മായി കാണും. പോരായ്മകൾ പറയേണ്ട ഒരിടമല്ല ഹജ്ജ് എന്ന് വിശ്വാസികൾക്കറിയാം. പക്ഷെ, അതൊരു ആത്മീയ നിലപാടാണ്. എന്നാൽ ഓരോ വ്യക്തിയും വലിയ തുക ചിലവഴിക്കപ്പെടുന്ന ഒന്നായി തീർന്ന ഹജ്ജ് രംഗത്ത് ഔദ്യോഗിക സംവിധാനം ആത്മ വിമർശനപരമായി വിലയിരുത്താതിരിക്കുന്നത് ശരിയല്ല.

## ഒരുക്കങ്ങളുടെ ഗതി മാറ്റങ്ങൾ

അനുവദിക്കപ്പെട്ട ഹാജിമാരുടെ എണ്ണത്തിനനുസരിച്ച് സഊദി ചട്ടങ്ങൾ പാലിച്ച് താമസസൗകര്യം ഏർപ്പെടുത്തുന്നത് അതാത് രാജ്യങ്ങളുടെ എമ്പസി സംവിധാനമാണ്. മക്കയിൽ ഒരു തീർഥാടകന്റെ താമസത്തിനുള്ള അവകാശം നാലു ചതുരശ്ര മീറ്ററാണ് എന്ന് ഹജ്ജ് മാനുവലിലുണ്ട്. ഇതനുസരിച്ച് ഗ്രൂപ്പ് തല ഹജ്ജ് സംഘങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾ മുൻകൂട്ടി കരാർ ചെയ്ത് ഉറപ്പിക്കുകയാണ് പതിവ്. മക്കയിൽ ഹാജിമാരുടെ എണ്ണമനുസരിച്ച ഏകീകൃത താമസ സൗകര്യമുണ്ട്. കരാർ അനുസരിച്ച് ഇത് അതാത് രാജ്യങ്ങൾ ഏറ്റെടുക്കുന്നു. ഇത്തവണ ചില പുതിയ കമ്പനികളുമായി കരാർ ഉറപ്പിച്ചു. ചില കമ്പനികളാവട്ടെ ഉപകരാർ നൽകിയതോടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആളില്ലാതായിരിക്കാം. സ്വാധീനമനുസരിച്ച് അധിക നിരക്ക് നൽകി ചില സ്വകാര്യ ഏജൻസികൾ നല്ല ബിൽഡിങ്ങുകൾ നേടി എന്ന് പറയപ്പെടുന്നു. അത്കൊണ്ടാണ് ഹജ്ജ് രേഖയിൽ പറഞ്ഞ മക്തബ് നമ്പറിൽ ചെന്നപ്പോൾ മറ്റു ചിലർക്ക് അത് അനുവദിക്കപ്പെട്ടതിന്റെ ആശയക്കുഴപ്പമുണ്ടായത്. ഇത് പരിഹരിക്കാൻ നിയമപരമായി പരിമിതി ഉണ്ടായിരുന്നു. സ്വകാര്യമായ ബിൽഡിങ്ങ് കൈമാറ്റ കരാറിന്റെ അണിയറ കാര്യങ്ങൾ അറിയാത്തവർ ആര് ആരോട് പരാതി പറയും എന്ന നിലയിൽ തികഞ്ഞ അരാജകത്വം ഉണ്ടായി. ഈ വർഷത്തെ ഹജ്ജിന് വേണ്ടിയുള്ള താമസ സൗകര്യം ഒരുക്കാൻ കേന്ദ്ര സംഘം രണ്ട് ഘട്ടങ്ങളിലായി സഊദി സന്ദർശിച്ചാണ് സൗകര്യങ്ങൾ കണ്ടെത്തിയത്. ഫെബ്രുവരിക്കുള്ളിൽ തന്നെ ആദ്യ എഗ്രിമെന്റുകളുടെ നടപടി പൂർത്തിയാക്കിയിരുന്നു. എന്നിട്ടും കാര്യങ്ങൾ ചിലത് കൃത്യമായില്ല എന്ന് പരാതി ഉയർന്നു.

## പല ദിക്കുകളിൽ താമസം

ഒരു വിമാനത്തിൽ പോയവർക്ക് എട്ടും പത്തും വ്യത്യസ്ത കെട്ടിടങ്ങളിലേക്ക് താമസ മുറി പരതി നടക്കേണ്ടി വന്നിട്ടുണ്ടെന്ന് ഹാജിമാർ വിവരിക്കുന്നു. മെഹ്റമില്ലാത്ത സ്ത്രീകൾ ഈ വിഷയത്തിൽ ഏറെ പ്രയാസപ്പെട്ടു. മക്കയിലും മദീനയിലും റൂം അനുവദിക്കുന്നത് കമ്പ്യൂട്ടറൈസ്ഡ് വഴിയാണ് എന്ന് നേരത്തെ വ്യക്തമാക്കപ്പെട്ടതാണ്. അലോക്കേഷൻ സംവിധാനവും കഴിയുന്നിടത്തോളം ഫാമിലി കവർ വലുപ്പവും ഉൾക്കൊള്ളിച്ച് നിർവഹിക്കുന്ന വിധമാണ് ക്രമീകരിക്കേണ്ടത്. ഫാമിലി കവർ എണ്ണമനുസരിച്ച് ശേഷിയുടെ അനുയോജ്യമായ മുറികൾ ലഭ്യമല്ലാതായാൽ മറ്റ് കവർ നമ്പറുകളോടൊപ്പം മുറികൾ പങ്കിടേണ്ടി വരും എന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി നേരത്തെ തന്നെ വിശദീകരിച്ചിരുന്നു. അങ്ങിനെ വരുന്ന താമസസ്ഥലങ്ങൾക്കിടയിലുള്ള യാത്രയ്ക്കായി 24 മണിക്കൂറും ബസ് സൗകര്യം ഒരുക്കുമെന്നും പറഞ്ഞു. താമസ സ്ഥലത്ത് നിന്ന് ഹറമിലേക്കുള്ള ബസുകളും യഥേഷ്ടം ഉണ്ടാവും. എന്നാൽ, ക്രമപ്രകാരം അതൊന്നും ഉപയോഗിക്കാനായില്ല എന്നാണ് ഹാജിമാരുടെ പരാതി. ചില ഹാജിമാർക്ക് കർമങ്ങൾ പോലും കൃത്യതയോടെ ചെയ്യാനായില്ല എന്ന ഗൗരവമേറിയ പരാതി ഉയർന്നിരിക്കുന്നു. സാധാരണ ദുൽഹിജ്ജ എട്ടിന് മിനായിൽ എത്തുന്ന ഹാജിമാരുടെ ഗ്രൂപ്പുകൾക്ക് തമ്പുകൾ കൃത്യമായി അടയാളപ്പെടുത്തി ബോർഡ് തൂക്കി അതാത് മക്തബ് ഉദ്യോഗസ്ഥർ ഹാജിമാരെ നിശ്ചിത തമ്പുകളിൽ എത്തിക്കാറാണ് പതിവ്. ഇത്തവണ അത് താളം തെറ്റിയ നിലയിലായിരുന്നു. ഇതോടെ ഹജ്ജ് ഗ്രൂപ്പുകാർ ഇഷ്ടമുള്ള തമ്പുകളിൽ കയറി കശപിശയായി. ഇന്ത്യക്ക് അനുവദിച്ച തമ്പുകളിൽ മാത്രമാണ് ഈ അനിശ്ചിതത്വം ഉണ്ടായതെന്ന് ഹാജിമാർ വിവരിക്കുന്നു.

## ഹജ്ജ് കമ്മിറ്റി സംവിധാനങ്ങൾ

ഹാജിമാരിൽ നിന്ന് ഉയരുന്ന പരാതിയുടെ മറുവാദം കേൾക്കാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ എ.പി അബ്ദുല്ലക്കുട്ടിയെ ഈ ലേഖകൻ വിളിച്ചപ്പോഴുള്ള മറുപടി കൗതുകകരമായിരുന്നു. 'എനിക്കൊന്നുമറിയില്ല നിങ്ങൾ കിട്ടുന്നേടത്ത് നിന്ന് വിവരം ശേഖരിച്ച് എഴുതിക്കോളൂ' എന്ന് പറഞ്ഞ അബ്ദുല്ലക്കുട്ടി കണ്ണൂർ എമ്പാർക്കേഷൻ പോയിന്റ് സി.പി.എമ്മിന്റെ രാഷ്ട്രീയ ക്യാമ്പ് ആക്കുകയായിരുന്നില്ലേ എന്നാണ് പ്രതികരിച്ചത്. കേന്ദ്ര ഹജ്ജ് കമ്മിറ്റി സംവിധാനം ദുർബലമാവുന്ന വിധത്തിൽ കാര്യങ്ങൾ ന്യൂനപക്ഷ മന്ത്രാലയത്തിന്റെ ഏകപക്ഷീയ ഇടപെടലിന് വിധേയമായിട്ട് കുറച്ചായി. ഇത്തവണ കരിപ്പൂർ ഹജ്ജ് ക്യാമ്പിൽ വളണ്ടിയർമാരുടെ തിരഞ്ഞെടുപ്പ് ഒരു സംഘടനയുടെ മാത്രം ആളുകൾക്ക് വേണ്ടി പരസ്യമായ നടപടി സ്വീകരിച്ചത് വിവാദമായിരുന്നു.

ഹജ്ജ് തീർഥാടനം നടത്തുന്നതിനുള്ള നോഡൽ മന്ത്രാലയമായി ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് കൂടുതൽ അധികാരം നൽകിയതോടെ ഹജ്ജ് കമ്മിറ്റികളുടെ റോൾ ദുർബലപ്പെട്ടു എന്നാണ് വിലയിരുത്തപ്പെടുന്നത്. 1959ലെ ഹജ്ജ് കമ്മിറ്റി ആക്ട് (1959ലെ 51) ഭരണനിർവഹണവും അതിനനുസരിച്ചുള്ള നിയമങ്ങളും ഉൾപ്പെടെ ഹജ് തീർഥാടന നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിദേശകാര്യ മന്ത്രാലയത്തിൽ നിന്ന് 2016 ഒക്ടോബർ ഒന്ന് മുതലാണ് ന്യൂനപക്ഷകാര്യ മന്ത്രാലയത്തിലേക്ക് മാറ്റിയത്. ഇതനുസരിച്ച്, ന്യൂനപക്ഷ മന്ത്രാലയം വിദേശകാര്യ മന്ത്രാലയം, സിവിൽ ഏവിയേഷൻ മന്ത്രാലയം, ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ (**HCoI**), സൗദി അറേബ്യയിലെ ജിദ്ദ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ (**CGI**) എന്നിങ്ങനെ മുൻഗണനാക്രമത്തിലാണ് ഹജ് ജോലികൾ നിയന്ത്രിക്കുന്നത്. ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുടെയും ഹജ്ജ് കമ്മിറ്റി ആക്ട്, 2002ന്റെ ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മന്ത്രാലയത്തിന്റെ പിടുത്തം മുറുകി. ജിദ്ദയിലെ സിജിഐയുടെ ഹജ്ജുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് ആവശ്യമായ അനുമതികൾ. ഹജ്ജ് കാലയളവിലെ തീർഥാടകരുടെ ക്ഷേമത്തിനായി ജിദ്ദയിലെ ഉദ്യോഗസ്ഥ വിന്യാസം, ആശുപത്രികൾ/ഡിസ്പെൻസറികൾക്കുള്ള മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ വിതരണം. പ്രൈവറ്റ് ടൂർ ഓപ്പറേറ്റർമാരുടെ (പിടിഒ) രജിസ്ട്രേഷനും പിടിഒമാർക്കുള്ള ഹജ് ക്വാട്ട അനുവദിക്കലും, ഹാജിമാർക്കുള്ള കെട്ടിടങ്ങളുടെ പരിശോധന, മുതവഫുമായുള്ള കരാറുകൾ തുടങ്ങിയവയെല്ലാം കേന്ദ്രീകരിക്കപ്പെട്ടു. കേന്ദ്ര ഹജ്ജ് കമ്മിറ്റി സമ്പൂർണമായും സജീവമല്ലാത്ത ഘടനയിലാണ് തുടരുന്നത്. ഹജ്ജ് കമ്മിറ്റികളിൽ എത്തിച്ചേരേണ്ട പ്രതിനിധികൾ ഏതെല്ലാം വിഭാഗത്തിൽ നിന്നുള്ളതാണെന്ന് ചട്ടമുണ്ട്. പക്ഷെ, കേന്ദ്ര ഹജ്ജ് കമ്മിറ്റി വെബ്സൈറ്റിൽ കയറിയാൽ 23 അംഗ കമ്മിറ്റിയിൽ 11 അംഗങ്ങളുടെ കോളത്തിൽ **Yet to be Nominated** എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ഹജ്ജ് തീർഥാടനവുമായി ബന്ധപ്പെട്ട് ഒന്നിലേറെ യോഗങ്ങൾ പോലും ചേർന്നിട്ടില്ല.

## സംസ്ഥാന ഹജ്ജ് കമ്മിറ്റി

കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് മേൽ ന്യൂനപക്ഷ മന്ത്രാലയത്തിൻറ കേന്ദ്രീകരണ പാശം മുറുകിയെങ്കിലും ചില കേന്ദ്ര നടപടികളുടെ ബലിയാടായി തീരുന്നത് സംസ്ഥാന ഹജ്ജ് കമ്മിറ്റിയാണ് എന്ന് കമ്മിറ്റിയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ കുറ്റപ്പെടുത്തുന്നു. മക്കത്ത് ഉണ്ടായ ഇത്തവണത്തെ പ്രശ്നങ്ങൾ പലതും സംസ്ഥാന ഹജ്ജ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തിയാണ് പ്രചരിപ്പിക്കപ്പെട്ടത്. അത് കൊണ്ട് തന്നെയാവണം ഉത്തരവാദിത്വം തങ്ങൾക്കല്ല എന്ന് ബോധ്യപ്പെടും വിധം സംസ്ഥാന ഹജ്ജ് കാര്യമന്ത്രി കേന്ദ്രത്തോട് ഇടപെടാൻ ആവശ്യപ്പെട്ട് കത്തെഴുതിയത്. ഇത്തവണ ഇന്ത്യക്ക് അനുവദിച്ച ക്വാട്ട നേരത്തെ വ്യക്തമാക്കപ്പെട്ടതാണ്. പക്ഷെ, എട്ട് തവണ വെയിറ്റിങ്ങ് ലിസ്റ്റ് പുറപ്പെടുവിക്കും വിധം ക്വാട്ടയുടെ നിജപ്പെടുത്തൽ ഹജ്ജ് വിമാനങ്ങളുടെ ഷെഡ്യൂൽ വന്നശേഷവും പുറത്തിറങ്ങുകയുണ്ടായി. ഇവ പുതി ഷെഡ്യൂളായി ക്രമീകരിക്കുക എന്നത് സാഹസിമായിട്ടാണെങ്കിലും സംസ്ഥാന കമ്മിറ്റികൾ നിർവഹിച്ചു. പക്ഷെ, വെയിറ്റിംങ്ങ് ലിസ്റ്റ് ക്വാട്ടയുടെ താമസ സംവിധാനം അതാത് സംസ്ഥാനങ്ങൾക്ക് നേരത്തെ അനുവദിച്ച ക്വാട്ടയോടൊപ്പം തന്നെ നിലനിന്നപ്പോൾ കേരളത്തിൽ നിന്ന് പോയവർ ഉത്തരേന്ത്യൻ തമ്പുകളിലും മുറികളിലും തർക്ക വിതർക്കങ്ങളിൽ പെടേണ്ടി വന്നുവെന്ന് ഹാജിമാർ വിവരിക്കുന്നു. എട്ട് ഘട്ടങ്ങളിലായി വെയിറ്റിംങ്ങ് ലിസ്റ്റിൽ നിന്ന് അനുമതി നൽകിയ കേരളത്തിലെ 2591 ഹാജിമാരിൽ പലർക്കും താമസ സൗകര്യത്തിൽ വലിയ നെട്ടോട്ടം ഓടേണ്ടി വന്നു.

## വേണം ഒരു അദാലത്ത്

ഗുരുതമായ പ്രശ്നങ്ങൾ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ ഹാജിമാരെ സുഗമമായി യാത്രയയച്ച സംസ്ഥാന ഹജ്ജ് കമ്മിറ്റികൾക്ക് ഇനി ചെയ്യാനുള്ള ബാധ്യത തിരിച്ചു വരുന്ന ഹാജിമാരുടെ പരാതി കേൾക്കുക എന്നതാണ്. എല്ലാ സംസ്ഥാന ഹജ്ജ് കമ്മിറ്റികളും യോജിച്ച് അങ്ങിനെയൊരു നടപടിയുടെ കാര്യം ചിന്തിക്കണം.



## ബി.ജെ.പിയെ ട്രോളി ശശി തരൂർ

ന്യൂഡൽഹി: യു.കെയിലെ പൊതുതിരഞ്ഞെടുപ്പിൽ ലേബർ പാർട്ടി 400 ലേറെ സീറ്റുകളിൽ ജയിച്ചതിന് പിന്നാലെ ബി.ജെ.പിയെയും മോദിയെയും ട്രോളി മുതിർന്ന കോൺഗ്രസ് നേതാവ് ശശി തരൂർ. 'ഒടുവിൽ 400 ലേറെ സീറ്റ് കിട്ടി, മറ്റൊരു രാജ്യത്ത് ആണെന്നേയുള്ളൂ' എന്നായിരുന്നു എക്സിൽ ബി.ജെ.പിയെ ട്രോളിയെഴുതിയ കുറിപ്പ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി 370ലധികം സീറ്റുകൾ നേടുമെന്നും എൻ.ഡി.എ 400 സീറ്റ് നേടുമെന്നും മോദിയും അമിത്ഷായുമടക്കമുള്ള നേതാക്കൾ അവകാശപ്പെട്ടിരുന്നു. എന്നാൽ തിരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ ബിജെപി 240 സീറ്റുകളിലൊതുങ്ങി. എൻ.ഡി.എ 293 സീറ്റുകളാണ് നേടിയത്.



## രാഷ്ട്രീയ ഗൂഢാലോചനയുടെ ഇര

ന്യൂഡൽഹി: ശക്തമായ രാഷ്ട്രീയ ഗൂഢാലോചനയുടെ ഇരയാണ് അരവിന്ദ് കെജ്‌രിവാളെന്ന് പത്നി സുനിത കെജ്‌രിവാൾ. മദ്യനയക്കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് വ്യാജ സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിലാണ് അറസ്റ്റ് ചെയ്തത്. ശക്തമായ ഗൂഢാലോചനയാണ് നടന്നിരിക്കുന്നത്. കെജ്‌രിവാളിനെ ഇ.ഡി അറസ്റ്റു ചെയ്തത് ടി.ഡി.പി എം.പി മഗുന്ത ശ്രീനിവാസലു റെഡ്ഡിയുടെ സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിലാണ്. തെലുങ്ക് ദേശം പാർട്ടി ഭരണകക്ഷിയായ എൻ.ഡി.എയുടെ സഖ്യ കക്ഷിയാണെന്നും അതിനാൽ മൊഴി വ്യാജമാണെന്നും കേസ് കെട്ടിച്ചമച്ചതാണെന്നും സുനിത വീഡിയോ സന്ദേശത്തിലൂടെ പറഞ്ഞു.



### ചുരുക്കത്തിൽ

## ഷില്ലോങിൽ കൈകാലുകൾ കെട്ടിയ നിലയിൽ നാലു മൃതദേഹങ്ങൾ

ഷില്ലോങ്: മേഘാലയയിലെ ഷില്ലോങിൽ കൈകാലുകൾ കെട്ടിയ നിലയിൽ നാലു മൃതദേഹങ്ങൾ കണ്ടെത്തി. ഈസ്റ്റ് ജയിന്തിയ ഹിൽസ് ജില്ലയിൽ ഉംപ്ലേങ് വനമേഖലയിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. കൈകാലുകൾ കെട്ടിയ നിലയിലും കഴുത്തിൽ മുറിവേറ്റ നിലയുമാണ് നാലു മൃതദേഹങ്ങളും കണ്ടെത്തിയത്. പ്രദേശത്തെ നിർമാണ തൊഴിലാളികളാണ് മൃതദേഹങ്ങൾ ആദ്യം കണ്ടത്. തുടർന്ന് പൊലീസിൽ വിവരമറിയിക്കുകയായിരുന്നു. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി വരികയാണെന്ന് പൊലീസ് സൂപ്രണ്ട് ഗിരി പ്രസാദ് പറഞ്ഞു. കൊല്ലപ്പെട്ടവർ സംസ്ഥാനത്തിന് പുറത്തുനിന്നുള്ളവരാണെന്ന് സംശയിക്കുന്നതായി പൊലീസ് പറഞ്ഞു. മറ്റെവിടെയെങ്കിലും നിന്ന് കൊല ചെയ്ത് ഉംപ്ലേങിൽ മൃതദേഹങ്ങൾ കൊണ്ടിട്ടതാണോയെന്നതും പരിശോധിക്കുകയാണെന്ന് പൊലീസ് പറഞ്ഞു.

## സ്വാതി മാലിവാൾ മർദനക്കേസ്
## ബൈഭവ് കുമാറിന്റെ കസ്റ്റഡി കാലാവധി വീണ്ടും നീട്ടി



ന്യൂഡൽഹി: ആംആദ്മി പാർട്ടി നേതാവും രാജ്യസഭാ എം.പിയുമായ സ്വാതി മാലിവാളിനെ മർദിച്ചുവെന്ന കേസിൽ ജയിലിൽ കഴിയുന്ന ബൈഭവ് കുമാറിന്റെ ജുഡീഷ്യൽ കസ്റ്റഡി കാലാവധി നീട്ടി. ഈ മാസം 16 വരെയാണ് കാലാവധി നീട്ടിയത്. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ പി.എ ആയിരുന്ന ബൈഭവിനെ തിസ് ഹസാരി കോടതി മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് ഗൗരവ് ഗോയലിനു മുമ്പാകെ വീഡിയോ കോൺഫറൻസിങ് വഴി ഹാജരാക്കി. മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ കണുന്നതിന് അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിലെത്തിയപ്പോൾ സ്വാതി മാലിവാളിനെ മർദിച്ചുവെന്നതാണ് ബൈഭവിനെതിരായ പരാതി. സംഭവവുമായി ബന്ധപ്പെട്ട് മെയ് 18ന് പൊലീസ് ബൈഭവിനെ അറസ്റ്റു ചെയ്തു. ഇതേ ദിവസം തന്നെ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി അഞ്ചു ദിവസത്തേക്ക് റിമാന്റ് ചെയ്തു. മെയ് 24ന് നാലു ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. അതിനു പിന്നാലെ മൂന്നു ദിവസത്തേക്ക് വീണ്ടും പൊലീസ് കസ്റ്റഡിയിലേക്കും വിട്ടു. ഭീഷണിപ്പെടുത്തൽ, ആക്രമണം, ബലപ്രയോഗം തുടങ്ങിയ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്. തെളിവ് നശിപ്പിച്ചതിനും തെറ്റായ വിവരങ്ങൾ നൽകിയതിനും ഐ.പി.സി വകുപ്പുകൾ പ്രകാരവും കേസെടുത്തിട്ടുണ്ട്.

## വാടക ഗർഭധാരണം ആണെങ്കിലും പ്രസവാവധിക്ക് അവകാശമുണ്ടെന്ന് ഹൈക്കോടതി

ഭുവനേശ്വർ: വാടക ഗർഭധാരണത്തിലൂടെ അമ്മയാകുന്നവർക്കും മറ്റ് അമ്മമാരെപ്പോലെ പ്രസവാവധിക്കും മറ്റ് ആനുകൂല്യങ്ങൾക്കും അവകാശമുണ്ടെന്ന് ഒഡിഷ ഹൈക്കോടതി. ഒഡീഷ ഫിനാൻസ് സർവീസിലെ വനിതാ ഉദ്യോഗസ്ഥയായ സുപ്രിയ ജെന നൽകിയ ഹരജി പരിഗണിക്കവെയാണ് ജസ്റ്റിസ് എസ്.കെ പാനിഗ്രഹിയുടെ സിംഗിൾ ജഡ്ജി ബെഞ്ചിൻറെ വിധി. 2020ൽ സമർപ്പിച്ച ഹരജി ജൂൺ 25നാണ് പരിഗണിച്ചത്.

വാടക ഗർഭധാരണത്തിലൂടെ അമ്മയായ ജെനക്ക് മേലുദ്യോഗസ്ഥൻ 180 ദിവസത്തെ പ്രസവാവധി നിഷേധിച്ചതിനെ തുടർന്ന് ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

### ഹാഥ്റസ് ദുരന്തം

# മുഖ്യപ്രതി കസ്റ്റഡിയിൽ

## ദേവ് പ്രകാശ് മധുകർ അറസ്റ്റിലായത് ഡൽഹിയിൽ നിന്ന്

ന്യൂഡൽഹി: ഉത്തർ പ്രദേശിലെ ഹാഥ്റസ് ജില്ലയിലെ ഫുൽറായി ഗ്രാമത്തിൽ മത പ്രഭാഷണ പരിപാടിയായ സത്സംഗിനിടെ ഉണ്ടായ തിക്കിലും തിരക്കിലും പെട്ട് 130 പേർ കൊല്ലപ്പെട്ട കേസിലെ മുഖ്യപ്രതിയും ആൾദൈവം ഭോലെ ബാബയുടെ സഹായിയുമായ ദേവ് പ്രകാശ് മധുകറിനെ 14 ദിവസത്തേക്ക് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. ഡൽഹിയിൽ നിന്ന് ഇന്നലെ അറസ്റ്റിലായ മധുകറിനെ യു.പി കോടതിയിൽ ഹാജരാക്കുകയായിരുന്നു.

സംഭവവവുമായി ബന്ധപ്പെട്ട് സിക്കന്ദ്ര റാവു പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത എഫ്ആആറിൽ പ്രകാശ് മധുകർ പ്രതിപ്പട്ടികയിലുണ്ട്. അതേസമയം, തന്റെ കക്ഷി ചികിത്സയിലായിരുന്നെന്നും ഡൽഹിയിൽ കീഴടങ്ങിയെന്നും മധുകറിന്റെ അഭിഭാഷകൻ എ.പി സിങ്ങ് വീഡിയോ സന്ദേശത്തിൽ പറഞ്ഞു. ഹാഥ്റസ് അപകടത്തിലെ എഫ്ഐആറിൽ മുഖ്യപ്രതിയെന്ന് പറയപ്പെടുന്ന പ്രകാശ് മധുകർ ഇവിടെ ചികിത്സയിലായതിനാൽ ഡൽഹിയിലെ പൊലീസിനെയും എസ്ഐടിയെയും എസ്എഫ്ടിയെയും വിളിച്ചു വരുത്തി കീഴടങ്ങിയെന്ന് സിങ് പറഞ്ഞു. തെറ്റ് ചെയ്യാത്തതിനാൽ മുൻകൂർ ജാമ്യത്തിന് ശ്രമിക്കില്ലെന്ന് ഞങ്ങൾ ഉറപ്പ് നൽകിയിരുന്നു. എന്താണ് നമ്മുടെ കുറ്റം? അദ്ദേഹം ഒരു എൻജിനീയറും ഹൃദ്രോഗിയുമാണ്. അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചതിനാൽ അന്വേഷണത്തോട് സഹകരിക്കാനായി കീഴടങ്ങുകയായിരുന്നുവെന്നും സിങ് കൂട്ടിച്ചേർത്തു.



പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കഴിഞ്ഞ ദിവസം അപകടം നടന്ന ഹാഥ്റസിലെത്തി ദുരന്തത്തിനിരയായ കുടുംബങ്ങളെ സന്ദർശിച്ചിരുന്നു. പ്രാർഥനാ യോഗത്തിന് വേണ്ടത്ര പൊലീസ് ക്രമീകരണങ്ങൾ ഇല്ലായിരുന്നുവെന്ന് കുടുംബാംഗങ്ങൾ രാഹുൽഗാന്ധിയോട് പറഞ്ഞിരുന്നു. വ്യാഴാഴ്ച സത്സംഗിന്റെ സംഘാടക സമിതിയിലെ രണ്ട് വനിതകൾ ഉൾപ്പെടെ ആറ് പേരെ ഹാഥ്റസ് പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ആരെയും ഇതുവരെ മോചിപ്പിച്ചിട്ടില്ലെന്നും അന്വേഷണത്തിൽ പരാമർശിച്ച ഭോലെ ബാബ ഉൾപ്പെടെയുള്ളവരെ ആവശ്യമെങ്കിൽ ചോദ്യം ചെയ്യുമെന്നും പൊലീസ് അറിയിച്ചു.



പ്രകാശ് മധുകർ

നേരത്തെ ഒളിവിൽ കഴിയുന്ന മധുകറിനെക്കുറിച്ച് വിവരം നൽകുന്നവർക്ക് ഉത്തർപ്രദേശ് പൊലീസ് ഒരുലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. സത്സംഗിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് 130 പേർ മരിക്കാനിടയായതിൽ സംഘാടകർക്ക് പങ്കുണ്ടെന്നതിന് തെളിവ് ലഭിച്ചതായി പൊലീസ് പറഞ്ഞിരുന്നു. അറസ്റ്റിലായവർ സംഘാടക സമിതി അംഗങ്ങളും സേവാദാർമാരായും പ്രവർത്തിക്കുന്നവരാണെന്നും സംഭാവന പിരിക്കൽ, ബാരിക്കേഡിങ്, ജനക്കൂട്ടം നിയന്ത്രിക്കൽ, വേദിയിലെ വൈദ്യുതി ക്രമീകരണം, വാഹനങ്ങളുടെ പാർക്കിങ്, ശുചീകരണം എന്നിവയിൽ ഏർപ്പെട്ടിരുന്നവരാണെന്നും പൊലീസ് പറഞ്ഞു. സംഘാടകർക്ക് ഇവർ യൂണിഫോം നൽകിയിരുന്നു.

സംഭവത്തിന്റെ ഫോട്ടോയോ വീഡിയോയോ കൈവശം വെക്കാൻ പൊലീസിനെയോ ഭരണകൂടത്തെയോ സേവാദർ അനുവദിച്ചില്ലെന്നും ചോദ്യം ചെയ്തപ്പോൾ മോശമായി പെരുമാറിയെന്നും പൊലീസ് ഇൻസ്പെക്ടർ ശലഭ് മതുർ പറയുന്നു. ഇതിനകം 90 പേരുടെ മൊഴി രേഖപ്പെടുത്തിയതായി പ്രത്യേക അന്വേഷണ സംഘത്തിന് നേതൃത്വം നൽകുന്ന ആഗ്ര അഡീഷണൽ ഡിജിപി അനുപം കുലശ്രേഷ്ഠ പറഞ്ഞു.



ഗുജറാത്തിലെ സൂറത്ത് ജില്ലയിലെ സച്ചിൻപാലിയിൽ ടെക്സ്റ്റൈൽ തൊഴിലാളികളുടെ കുടുംബങ്ങൾ താമസിച്ചിരുന്ന ആറുനില കെട്ടിടം തകർന്നുവീണപ്പോൾ. അപകടത്തിൽ രണ്ട് പേർ മരിക്കുകയും 15 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

## ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി ഈ സർക്കാറിൽ സുരക്ഷിതമല്ല

### നീറ്റ് യുജി കൗൺസലിംഗ് മാറ്റിയതിൽ കോൺഗ്രസ്

ന്യൂഡൽഹി: വിവാദമായ നീറ്റ് യുജി കൗൺസിലിംഗ് മാറ്റിവച്ച നടപടിയിൽ രൂക്ഷ വിമർശനവുമായി കോൺഗ്രസ്. നീറ്റ് യുജി വിഷയം സർക്കാർ നാൾക്കുനാൾ വഷളാക്കുകയാണെന്നും രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി ഈ സർക്കാറിൽ സുരക്ഷിതമല്ലെന്നും കോൺഗ്രസ് നേതാവ് ജയറാം രമേശ് തുറന്നടിച്ചു. പ്രധാനമന്ത്രിയുടെയും വിദ്യാഭ്യാസമന്ത്രിയുടെയും കഴിവില്ലായ്മയും വിവേകമില്ലായ്മയും വീണ്ടും വ്യക്തമായിരിക്കുകയാണെന്നും ജയറാം രമേശ് ചൂണ്ടിക്കാട്ടി. ചോദ്യപേപ്പർ ചോർന്നതിന് പിന്നാലെ നീറ്റ് യുജി പരീക്ഷ റദ്ദാക്കണമെന്നും, പരീക്ഷ വീണ്ടും നടത്തണമെന്നുമുള്ള ആവശ്യം ശക്തമായിരുന്നു. പലരും ഈയാവശ്യവുമായി കോടതിയെ സമീപിച്ചിരുന്നു. എന്നാൽ കൗൺസിലിംഗ് നടക്കട്ടെയെന്നാണ് സർക്കാറും എൻടിഎയും നിലപാടെടുത്തത്. തിങ്കളാഴ്ച കോടതി കേസ് പരിഗണിക്കാനിരിക്കെയാണ് കൗൺസിലിംഗ് തുടരട്ടേയെന്ന നിലപാടിൽ നിന്നും സർക്കാർ പിന്നോട്ട് പോയത്.

## അയോധ്യയിലേതു പോലെ ഗുജറാത്തിലും ബി.ജെ.പിയെ തോൽപ്പിക്കുമെന്ന് രാഹുൽ

അഹമ്മദാബാദ്: ലോക്സഭാ തിരഞ്ഞെടുപ്പിൽ അയോധ്യയിലേതുപോലെ ഗുജറാത്തിൽ കോൺഗ്രസ് ബി.ജെ.പിയെ പരാജയപ്പെടുത്തുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. വിജയത്തിലൂടെ സംസ്ഥാനത്തു നിന്ന് പുതിയ തുടക്കം കുറിക്കുമെന്നും അദ്ദേഹം പറഞ്ഞു. അഹമ്മദാബാദിൽ കോൺഗ്രസ് പ്രവർത്തകരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നരേന്ദ്ര മോദിക്ക് അയോധ്യ ഉൾപ്പെടുന്ന ഫൈസാബാദിൽ മത്സരിക്കാൻ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ, പരാജയപ്പെടുമെന്നും രാഷ്ട്രീയജീവിതം അവസാനിക്കുമെന്നും സർവേ നടത്തിയവർ മുന്നറിയിപ്പ് നൽകി. ദൈവവുമായി നേരിട്ട് ബന്ധമുണ്ടെന്നാണ് മോദി പറഞ്ഞത്. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ബി.ജെ.പി. അയോധ്യയിൽ പരാജയപ്പെട്ടതെന്നും രാഹുൽഗാന്ധി ചോദിച്ചു. അയോധ്യയിൽ കർഷകരുടെ ഭൂമിയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമിച്ചു. എന്നാൽ, കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകിയില്ല. അദാനിയും അംബാനിയും പങ്കെടുത്ത പ്രാണ പ്രതിഷ്ഠയിൽ ഒരു സാധാരണക്കാരനെപ്പോലും കണ്ടില്ല. അതൊക്കെയാണ് അയോധ്യയിൽ ബി.ജെ.പി. പരാജയപ്പെടാൻ കാരണം. അയോധ്യയിൽ രാമക്ഷേത്രം ലക്ഷ്യമിട്ട് എൽ.കെ. അദ്വാനി ആരംഭിച്ച മൂവ്മെന്റ് പരാജയപ്പെട്ടുവെന്നും രാഹുൽ പറഞ്ഞു. അവർ നമ്മെ വെല്ലുവിളിച്ചിരിക്കുന്നു. ഇനി നമ്മുടെ ലക്ഷ്യം മോദിയെയും ബിജെപിയെയും ഗുജറാത്തിലും തോൽപ്പിക്കുക എന്നതാണ്. അവരെ നാം ഭയപ്പെടേണ്ട കാര്യമില്ല. അവർ നമ്മുടെ ഓഫിസിലേക്ക് അതിക്രമിച്ചു കയറി. നമ്മുടെ കഴിവ് അവരെ ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള സുവർണാവസരമാണ് ഇത് -രാഹുൽ പറഞ്ഞു.



രാഹുൽഗാന്ധി അഹമ്മദാബാദിൽ കോൺഗ്രസ് പ്രവർത്തകരുമായി സംസാരിക്കുന്നു

## അഗ്നിവീറിന് ലഭിച്ചത് ഇൻഷുറൻസ്

# നഷ്ടപരിഹാരമല്ല

### കേന്ദ്രത്തിനെതിരെ ആരോപണം ശക്തമാക്കി രാഹുൽ

ന്യൂഡൽഹി: അഗ്നിവീർ പദ്ധതിയിൽ കേന്ദ്രത്തെ വീണ്ടും കടന്നാക്രമിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. വീരമൃത്യുവരിച്ച അഗ്നിവീർ അജയ് കുമാറിന്റെ കുടുംബത്തിന് നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്ന് രാഹുൽ ആവർത്തിച്ചു. ഇൻഷുറൻസ് തുകയും നഷ്ടപരിഹാരവും രണ്ടും രണ്ടാണെന്നും രാഹുൽ കേന്ദ്രത്തെ ഓർമ്മിപ്പിച്ചു. എക്സ് പ്ലാറ്റ്ഫോമിൽ പോസ്റ്റ് ചെയ്ത വീഡിയോയിൽ കൂടിയാണ് അഗ്നിവീർ വിഷയത്തിൽ രാഹുൽ വീണ്ടും കേന്ദ്രത്തിനെതിരെ രംഗത്തെത്തിയത്. സേവനത്തിനിടെ വീരമൃത്യു വരിച്ച അഗ്നിവീർ അജയ് കുമാറിന്റെ കുടുംബാഗങ്ങൾക്ക് യാതൊരു വിധത്തിലുള്ള നഷ്ടപരിഹാരവും സർക്കാരിന്റെ ഭാഗത്ത് നിന്ന് ലഭിച്ചിട്ടില്ല. സ്വകാര്യ ബാങ്കിൽ നിന്ന് 50 ലക്ഷം രൂപ ഇൻഷുറൻസും ആർമി ഗ്രൂപ്പ് ഇൻഷുറൻസ് ഫണ്ടിൽ നിന്ന് 48 ലക്ഷം രൂപയുമാണ് കുടുംബത്തിന് ലഭിച്ചത്. അല്ലാതെ സർക്കാരിന്റെ ഭാഗത്ത് നിന്ന് എക്സ് ഗ്രേഷ്യാ പേയ്മെന്റായി യാതൊന്നും തന്നെ ലഭിച്ചില്ലെന്ന് രാഹുൽ വീഡിയോയിൽ ആരോപിച്ചു. ശമ്പള കുടിശ്ശിക പോലും അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് അയച്ചിട്ടില്ലെന്നും കുടിശ്ശികയായി കിടക്കുന്ന ശമ്പളം അയച്ചു കൊടുക്കാത്തതെന്തു കൊണ്ടെന്നും രാഹുൽ വീഡിയോയിൽ ചോദിച്ചു. നഷ്ടപരിഹാരവും ഇൻഷുറൻസും രണ്ടും രണ്ടാണെന്ന് പറഞ്ഞ രാഹുൽ ഈ ദിവസം വരെ വീരമൃത്യു വരിച്ച അജയ് കുമാറിന്റെ കുടുംബത്തിന് യാതൊരു നഷ്ടപരിഹാരവും ലഭിച്ചിട്ടില്ലെന്ന് ആവർത്തിച്ചു. ഇൻഷുറൻസ് കമ്പനിയാണ് വീരമൃത്യുവരിച്ച അഗ്നിവീറിന്റെ കുടുംബത്തിന് തുക കൈമാറിയത്. അല്ലാതെ സർക്കാരിന്റെ ഭാഗത്ത് നിന്ന് നഷ്ടപരിഹാരമായിട്ടല്ല തുക നൽകിയിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.



രാജ്യത്തിന് വേണ്ടി വീരമൃത്യു വരിച്ചവരുടെ കുടുംബാംഗങ്ങളെ നിർബന്ധമായും ആദരിക്കണമെന്ന് പറഞ്ഞ രാഹുൽ, മോദി സർക്കാർ അവരെ വിവേചനപൂർവമാണ് കാണുന്നതെന്നും ആരോപിച്ചു. കേന്ദ്രം എന്തു പറയുന്നു എന്നത് തനിക്കറിയേണ്ടതില്ലെന്നും ഇത് രാജ്യസുരക്ഷ സംബന്ധിച്ച കാര്യമാണെന്നും വിഷയം ഉന്നയിച്ചു കൊണ്ടേയിരിക്കുമെന്നും രാഹുൽ കൂട്ടിച്ചേർത്തു. കുഴിബോംബ് സ്ഫോടനത്തിൽ ജീവൻ നഷ്ടപ്പെട്ട അഗ്നിവീറിനെ ഞാൻ 'രക്തസാക്ഷി' എന്നാണ് പറയുന്നത്. എന്നാൽ ഇന്ത്യൻ സർക്കാർ അദ്ദേഹത്തെ രക്തസാക്ഷി എന്നല്ല വിളിക്കുന്നത്. നരേന്ദ്ര മോദി, അദ്ദേഹത്തെ രക്തസാക്ഷി എന്നല്ല വിളിക്കുന്നത് അഗ്നിവീർ എന്നാണ്. മരിച്ചയാളുടെ കുടുംബത്തിന് പെൻഷനോ നഷ്ടപരിഹാരമോ ലഭിക്കില്ല എന്നായിരുന്നു രാഹുൽ ലോക്സഭയിൽ പറഞ്ഞത്. എന്നാൽ, രാഹുൽ തെറ്റായ പ്രസ്താവനകൾ നടത്തുകയാണെന്നും അതിർത്തി സംരക്ഷിക്കുന്നതിനിടെയോ യുദ്ധത്തിലോ ജീവൻ ബലികഴിക്കുന്ന അഗ്നിവീറിന്റെ കുടുംബത്തിന് ഒരു കോടി രൂപ നഷ്ടപരിഹാരം നൽകുമെന്നും മന്ത്രി പറഞ്ഞിരുന്നു. ഇതിലാണ് ഇപ്പോൾ രാഹുൽ വീണ്ടും വിശദീകരണവുമായി കേന്ദ്രത്തിനെതിരേ രംഗത്തെത്തിയത്.

### ബി.ആർ.എസിൽ കൊഴിഞ്ഞു പോക്ക് തുടരുന്നു

## ഒരു എം.എൽ.എ കൂടി കോൺഗ്രസിൽ ചേർന്നു

ഹൈദരാബാദ്: തെലങ്കാനയിൽ ബി.ആർ.എസിൽ നിന്നും കോൺഗ്രസിലേക്കുള്ള ഒഴുക്ക് തുടരുന്നു. ഗദ് വാളിൽ നിന്നുള്ള ബി.ആർ.എസ് എം.എൽ.എ ബണ്ട്ല കൃഷ്ണ മോഹൻ റെഡ്ഢി പാർട്ടി വിട്ട് കോൺഗ്രസിൽ ചേർന്നു. ഇതോടെ നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം തെലങ്കാനയിൽ കോൺഗ്രസിൽ ചേർന്ന ബി.ആർ.എസ് എം.എൽ.എമാരുടെ എണ്ണം ഏഴായി. മുഖ്യമന്ത്രി എ രേവന്ദ് റെഡ്ഢി, മറ്റു പാർട്ടി നേതാക്കൾ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു കൃഷ്ണ മോഹൻ റെഡ്ഢി കോൺഗ്രസ് അംഗത്വം സ്വീകരിച്ചത്. വരും ദിവസങ്ങളിൽ കൂടുതൽ ബി.ആർ.എസ് എം.എൽ.എമാർ കോൺഗ്രസിൽ ചേരുമെന്ന അഭ്യൂഹം ശക്തമാണ്. 119 അംഗ നിയമസഭയിൽ ബി.ആർ.എസ് 39 സീറ്റുകളിലായിരുന്നു വിജയിച്ചത്. എന്നാൽ സെക്കന്തരാബാദ് കന്റോൺമെന്റ് എം.എൽ.എ അപകടത്തിൽ മരിച്ചതിനെ തുടർന്ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ചതോടെ ബി.ആർ.എസ് അംഗ സംഖ്യ 37 ആയി. ഏഴ് എം.എൽ.എമാർ കൂടി കോൺഗ്രസിൽ ചേർന്നതോടെ നിയമസഭയിൽ ബി.ആർ.എസ് അംഗ സംഖ്യ 30 ആയി ചുരുങ്ങി. അതേ സമയം 64 സീറ്റിൽ വിജയിച്ച കോൺഗ്രസ് അംഗ സംഖ്യ 71 ആയി ഉയരുകയും ചെയ്തു. കഴിഞ്ഞ ദിവസം ആറ് എം.എൽ.സിമാർ ബി.ആർ.എസ് വിട്ട് കോൺഗ്രസിൽ ചേർന്നിരുന്നു.

## ജമ്മു കശ്മീരിൽ ജവാന് വീരമൃത്യു

ശ്രീനഗർ: ജമ്മുകശ്മീരിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ ജവാന് വീരമൃത്യു. കുൽഗാം ജില്ലയിലെ മോഡർഗാം ഗ്രാമത്തിൽ സൈന്യം പരിശോധന നടത്തുന്നതിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. പ്രദേശത്ത് ഭീകരർ ക്യാമ്പ് ചെയ്യുന്നുണ്ടെന്ന രഹസ്യ വിവരത്തെത്തുടർന്നാണ് തിരച്ചിൽ നടത്തിയത്. കൂടുതൽ ഭീകരർ മേഖലയിലുണ്ടാവാൻ സാധ്യതയുള്ളതിനാൽ പ്രദേശത്ത് സൈന്യം തിരച്ചിൽ ഊർജിതമാക്കി.

## മധ്യപ്രദേശ് നിയമസഭയിൽ പ്രമേയം മദ്രസ അടച്ചുപൂട്ടണമെന്ന് ബി.ജെ.പി

ഭോപ്പാൽ: മധ്യപ്രദേശിൽ മദ്രസ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് ബി.ജെ.പി വീണ്ടും രംഗത്ത്. ഇന്ത്യൻ മുജാഹിദീനുമായി ബന്ധമുള്ള ഒരു ഭീകരനെ മധ്യപ്രദേശിലെ ഖാണ്ഡ്വയിൽ നിന്ന് അറസ്റ്റ് ചെയ്തത് ചൂണ്ടിക്കാട്ടിയാണ് മദ്രസ അടച്ചുപൂട്ടണമെന്ന മുറവിളിയുമായി ബി. ജെ.പി വീണ്ടും രംഗത്തുവന്നത്. മദ്റസകൾ തീവ്രവാദ ബന്ധങ്ങളുടെ കേന്ദ്രമാണെന്ന് ബി.ജെ.പി എം.എൽ.എ ഉഷാ താക്കൂർ ആരോപിച്ചു.


മതപരമോ ഭാഷാപരമോ ആയ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നിയന്ത്രിക്കാനും ന്യൂനപക്ഷങ്ങൾക്ക് അവകാശം നൽകുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 30 റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി അംഗം അഭിലാഷ് പാണ്ഡെ മധ്യപ്രദേശ് നിയമസഭയിൽ പ്രമേയം അവതരിപ്പിച്ചു. മദ്റസകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭരണഘടന അനുശാസിക്കുന്ന ദേശീയ വിദ്യാഭ്യാസ നിലവാരവുമായി ബന്ധിപ്പിക്കണമെന്ന് മുൻ പ്രോടേം സ്പീക്കറും ബി. ജെ. പി എം. എൽ.എയുമായ രാമേശ്വർ ശർമ്മ പറഞ്ഞു.

## ബി.എസ്.പി തമിഴ്നാട് അധ്യക്ഷന്റെ കൊലപാതകം: എട്ട് പേർ അറസ്റ്റിൽ

ചെന്നൈ: ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി) തമിഴ്നാട് അധ്യക്ഷൻ കെ. ആംസ്ട്രോങിനെ വെട്ടിക്കൊന്ന കേസിൽ എട്ട് പേർ അറസ്റ്റിൽ. പൊന്നൈ ബാല, രാമു, തിരുവെങ്ങാടം, തിരുമലൈ, സെൽവരാജ്, മണിവണ്ണൻ, സന്തോഷ്, അരുൾ എന്നിവരാണ് പിടിയിലായത്.

കഴിഞ്ഞവർഷം കൊല്ലപ്പെട്ട ഗുണ്ടാ നേതാവ് ആർകോട് സുരേഷിന്റെ സഹോദരനും കൂട്ടാളികളുമാണ് അണ്ണാനഗർ പൊലീസ് സ്റ്റേഷനിൽ കീഴടങ്ങിയത്. ആർകോട് സുരേഷിന്റെ കൊലപാതകവുമായി ബന്ധപ്പെട്ടുള്ള പ്രതികാരമാണ് ഈ സംഭവമെന്നാണ് പൊലീസ് പറയുന്നത്.

വെള്ളിയാഴ്ചയാണ് ചെന്നൈയിലെ പെരമ്പലൂരിലുള്ള വസതിക്ക് സമീപം പാർട്ടി പ്രവർത്തകരുമായി ചർച്ച നടത്തുന്നതിനിടെ ആംസ്ട്രോങിന് നേരെ ആക്രമണമുണ്ടായത്. മൂന്ന് ബൈക്കുകളിലായെത്തിയ ആറംഗ സംഘമാണ് ആക്രമണം നടത്തിയത്. ഓൺലൈൻ ഏജന്റുമാരെന്ന വ്യാജേന ഭക്ഷണം നൽകാനെത്തിയവരാണ് കൊല നടത്തിയത്.



ആംസ്ട്രോങ്

സംഘം ആംസ്ട്രോങിനെ വാളുകൊണ്ട് വെട്ടിപ്പരിക്കേൽപ്പിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ ആംസ്ട്രോങ്ങിനെ ചെന്നൈ അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിച്ചു. മുൻ ചെന്നൈ കോർപറേഷൻ കൗൺസിലർ കൂടിയാണ് ആംസ്ട്രോങ്.

സംഭവത്തെ തുടർന്ന് ചെന്നൈയിലെ പെരമ്പൂർ, സെമ്പിയം മേഖലകളിൽ കൂടുതൽ സുരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

## കിയർ സ്റ്റാർമർക്ക് ഇന്ത്യയിലേക്ക് ക്ഷണം

### പുതിയ ഇറാൻ പ്രസിഡന്റിനും അഭിനന്ദനം

ന്യൂഡൽഹി: പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമറെ ഫോണിൽ വിളിച്ച് അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. പരസ്പര വളർച്ചയും സമൃദ്ധിയും പ്രോത്സാഹിപ്പിക്കുന്ന എല്ലാ മേഖലകളിലും ഇന്ത്യയുകെ സമഗ്ര തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ സഹകരണം പ്രതീക്ഷിക്കുന്നതായി അദ്ദേഹം എക്സിൽ കുറിച്ചു. ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറിനായി പ്രവർത്തിക്കാൻ ഇരുവരും സമ്മതിച്ചു. ഇന്ത്യയും യുകെയും തമ്മിലുള്ള ചരിത്രപരമായ ബന്ധം ഇരു നേതാക്കളും അനുസ്മരിക്കുകയും രാജ്യങ്ങൾ തമ്മിലുള്ള സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും മുന്നോട്ട് കൊണ്ടുപോകാനുമുള്ള തങ്ങളുടെ പ്രതിബദ്ധത അറിയിക്കുകയും ചെയ്തു. ഇന്ത്യാ സന്ദർശനത്തിനായി സ്റ്റാർമറിനെ മോദി ക്ഷണിച്ചതായും പ്രസ്താവനയിൽ പറയുന്നു. ഇറാൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട ഡോ. മഷ്ഊദ് പെസെഷ്കിയാനും പ്രധാനമന്ത്രി അഭിനന്ദനം അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഊഷ്മളവും ദീർഘകാലവുമായ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പ്രവർത്തിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നതായി അദ്ദേഹം പറഞ്ഞു.

## ബിഹാറിൽ മിന്നലേറ്റ് ഒമ്പതു മരണം

പറ്റ്ന: ബിഹാറിൽ ശക്തമായ മിന്നലേറ്റ് ഒമ്പതു പേർ മരിച്ചു. സംസ്ഥാനത്തെ ആറു ജില്ലകളിൽ കഴിഞ്ഞ 24 മണിക്കൂറിനിടെയാണ് അപകടമുണ്ടായത്. ജെഹാനാബാദ്, മദേപുര, ഈസ്റ്റ് ചമ്പാരൻ, റോഹ്താസ്, സാരൻ, സുപൗൾ ജില്ലകളിലെ ആളുകൾക്കാണ് മിന്നലേറ്റത്. ജെഹാനാബാദിൽ മൂന്നും മദേപുരയിൽ രണ്ടും ഈസ്റ്റ് ചമ്പാരൻ, റോഹ്താസ്, സാരൻ, സുപൗൾ എന്നിവിടങ്ങളിൽ ഒന്നു വീതവും ആളുകളാണ് മരിച്ചത്. മരിച്ചവരുടെ കുടുംബങ്ങൾക്ക് ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ നാലു ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. ദുരന്ത നിവാരണ വിഭാഗം നൽകുന്ന ജാഗ്രത നിർദേശം കൃത്യമായി പാലിക്കണമെന്ന് മുഖ്യമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.



# അന്തിമ തീരുമാനമായില്ല

## പോർച്ചുഗൽ നിരാശയിൽ

ഹാംബർഗ്: പോർച്ചുഗീസ് നായകൻ ക്യസ്റ്റിയാനോ റൊണാൾഡോ, ഡിഫൻഡർ പെപ്പെ എന്നിവരുടെ രാജ്യാന്തര ഭാവി സംബന്ധിച്ച് ഒരു തീരുമാനവുമെടുത്തിട്ടില്ലെന്ന് പോർച്ചുഗീസ് ദേശീയ കോച്ച് റോബർട്ടോ മാർട്ടിനസ്. ഫ്രാൻസിനെതിരായ യൂറോ ക്വാർട്ടറിൽ ഷൂട്ടൗട്ടിൽ പുറത്തായതിന് ശേഷം നടത്തിയ പതിവ് വാർത്താ സമ്മേളനത്തിൽ ചോദ്യത്തിന് മറുപടി പറയവെ ടീം ഇപ്പോഴും തോൽവിയുടെ ആഘാതത്തിലാണെന്നും വ്യക്തിഗത കാര്യങ്ങളിൽ മറുപടിയില്ലെന്നും മാർട്ടിനസ് പറഞ്ഞു. റൊണാൾഡോയും പെപ്പെയും ലോകത്തിന് മാതൃകയായ താരങ്ങളാണ്. അവരുടെ കാര്യത്തിൽ തീരുമാനമൊന്നുമില്ല. ഫ്രാൻസിനെതിരായ പോരാട്ടത്തിൽ മികച്ച പ്രകടനം നടത്തിയിട്ടും ടീം പുറത്തായതിൽ നിരാശയുണ്ടെന്ന് കോച്ച് പറഞ്ഞു. എല്ലാവരും നിരാശരാണ്. ടീം സെമി ഫൈനൽ അർഹിച്ചിരുന്നു. എന്നാൽ ഷൂട്ടൗട്ട് ഭാഗ്യ നിർഭാഗ്യങ്ങളാണ്. അതിൽ ആര് മുന്നേറുമെന്ന് പറയാനാവില്ല. റൊണാൾഡോയും പെപ്പെയും പോർച്ചുഗൽ ടീമും തോൽവി അർഹിച്ചിരുന്നില്ലെന്നും മാർട്ടിനസ് പറഞ്ഞു. തന്റെ ഭാവിയെക്കുറിച്ച് റൊണാൾഡോ അഭിപ്രായപ്രകടനത്തിന് മുതിർന്നില്ല.

## ഗോളില്ല



ഹാംബർഗ്: ക്യസ്റ്റിയാനോ റൊണാൾഡോയുടെ യൂറോ കരിയർ അവസാനിക്കുന്നത് ഇത് വരെയില്ലാത്ത ഒരു മോശം റെക്കോർഡുമായി. കളിച്ച എല്ലാ ചാമ്പ്യൻഷിപ്പുകളിലും ഗോളുകൾ സ്വന്തമാക്കിയ സൂപ്പർ താരത്തിന് ഇത്തവണ യൂറോയിൽ ഒരു ഗോളും നേടാനായില്ല. ക്വാർട്ടർ ഉൾപ്പടെ അഞ്ച് മൽസരങ്ങളിലാണ് പോർച്ചുഗൽ കളിച്ചത്. എല്ലാ കളികളിലും നായകനുണ്ടായിരുന്നു. പക്ഷേ ഒരു തവണ പോലും സ്കോർ ചെയ്യാൻ അദ്ദേഹത്തിനായില്ല. ഷൂട്ടൗട്ട് വേളകളിൽ സി.ആർ അവസരം ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ഫീൽഡ് ഗോളില്ല. രാജ്യത്തിന് വേണ്ടി സി.ആർ കളിക്കുന്ന പതിനൊന്നാമത് മേജർ ചാമ്പ്യൻഷിപ്പായിരുന്നു യൂറോ. യൂറോയിലെ അഞ്ച് കളികളിൽ നിന്നായി 23 തവണ അദ്ദേഹം പ്രതിയോഗികളുടെ വല ലക്ഷ്യമാക്കി. എന്നാൽ ഒരു തവണയും പന്ത് വലയിൽ കയറിയില്ല. ഇനി താൻ യൂറോക്കില്ലെന്ന് 39-കാരൻ വ്യക്തമാക്കിയിരുന്നു. അടുത്ത ലോകകപ്പ് വരെ തുടരാനാണ് അദ്ദേഹത്തിന് മോഹം. എന്നാൽ കോച്ച് റോബർട്ടോ മാർട്ടിനസ് അവസരം നൽകുമോ എന്നത് വ്യക്തമല്ല.

# ചന്ദ്രിക സ്പോർട്സ്



കിലിയനെ (എംബാപ്പേ) പിൻവലിച്ചത് അദ്ദേഹത്തിന്റെ ആരോഗ്യം പരിഗണിച്ചാണ്. പോർച്ചുഗലിനെതിരായ മൽസരത്തിൽ അദ്ദേഹം പതിവ് ഫോമിലായിരുന്നില്ല. കിലിയൻ എന്നും ടീമിന്റെ മുതൽക്കൂട്ടാണ്. അദ്ദേഹത്തെ പിൻവലിക്കാനുള്ള കാരണം അദ്ദേഹത്തിന് തന്നെ അറിയാം. പതിവ് സ്പാർകിലായിരുന്നില്ല അദ്ദേഹം. ചാമ്പ്യൻഷിപ്പിന്റെ തുടക്കത്തിലേറ്റ പരുക്ക് അവനെ ബാധിച്ചിട്ടുണ്ടാവാം. പുറത്തിരിക്കുമ്പോഴും ഫ്രഞ്ച് സംഘത്തിന്റെ അവിഭാജ്യ ഘടകമാണ് ഞങ്ങളുടെ നായകൻ. പോർച്ചുഗലിനെതിരെ വ്യക്തമായ ആധിപത്യം ഞങ്ങൾക്കായിരുന്നു

–ദീദിയർ ദെഷാംസ്

www.gulf-chandrika.com

**BREAKING** യൂറോയിൽ ഇന്നും നാളെയും കളിയില്ല. ആദ്യ സെമിഫൈനൽ ചൊവ്വാഴ്ച്ച രാത്രി 12-30ന്



## ഇന്ന്

കോപ്പ അമേരിക്ക ക്വാർട്ടർ ഫൈനൽ
കൊളംബിയ–പാനമ (പുലർച്ചെ 3–30)
ബ്രസീൽ–യുറുഗ്വായി (രാവിലെ 6–30)
ലൈവ് ഇല്ല

വിംബിൾഡൺ റൗണ്ട് നാല്
(ഉച്ചക്ക് 3–00 മുതൽ)
സ്റ്റാർ സ്പോർട്സ്, ഡിസ്നേ ഹോട്ട്സ്റ്റാർ
ലൈവ്

ഇന്ത്യ–സിംബാബ്വെ ടി–20 പരമ്പര
രണ്ടാം മൽസരം
വൈകീട്ട് 4–30 മുതൽ
സോണി സ്പോർട്സ്
ലൈവ്

മേജർ സോക്കർ ലീഗ്
മോൺട്രിയൽ–വാൻകൂവർ (രാവിലെ 5–00 )
ഓർലാൻഡോ–ഡി.സി യുണൈറ്റഡ് (രാവിലെ 5–00)
സിൻസിനാറ്റി–ഇന്റർ മിയാമി (രാവിലെ 5–00)
ഫിലാഡൽഫിയ–റെഡ് ബുൾ (രാവിലെ 5–00) ലൈവ് ഇല്ല



ഈ കാഴ്ച വേദനിപ്പിക്കുന്നതായിരുന്നു. കാൽപ്പന്തിനെ ജീവന് തുല്യം സ്നേഹിക്കുന്നവരെല്ലാം നിരന്തരം പറങ്കികുപ്പായത്തിൽ കാണുന്ന രണ്ട് പേർ. പ്രായം വകവെക്കാതെ അവർ മൈതാനങ്ങൾ വാണു. 90 മിനുട്ടല്ല, കളി 120 മിനുട്ടും പിന്നെ ഷൂട്ടൗട്ടിലേക്ക് പോയാലും അവരുണ്ടാവും. ഒരാൾക്ക് പ്രായം 41. പ്രതിരോധത്തിലെ കുന്തമുന. ഒരു പന്ത് പോലും സ്വന്തം കാൽകീഴിലൂടെ അദ്ദേഹം വിടില്ല. ഇന്നലെ യൂറോ ക്വാർട്ടറിൽ ഫ്രാൻസിനെതിരായ മൽസരം കണ്ടവർ അധികസമയത്ത് പോലും ആ കാഴ്ച കണ്ടിട്ടുണ്ടാവും. ഫ്രഞ്ച് മുൻനിരക്കാരൻ കലോമൗനി പറന്ന് കയറിയപ്പോൾ അദ്ദേഹത്തെ വിടാതെ പിന്തുടർന്ന് ഗോൾ ലൈനിന് അരികിൽ വെച്ച് പന്ത് മാത്രം തടഞ്ഞ് കോർണർ കിക്ക് വഴങ്ങിയ മുഹൂർത്തം. പ്രതിയോഗിയുടെ കാലിൽ സ്വന്തം കാല് തട്ടിയാൽ അത് പെനാൽട്ടി കിക്കായി മാറുമെന്ന് അയാൾക്കറിയാമായിരുന്നു. അത് മനസിലാക്കി തന്നെ പന്തിൽ കൃത്യമായ ലെഗ് പഞ്ച്. ഫ്രഞ്ചുകാർ ഗോളെന്ന കരുതിയ നീക്കം കോർണർ കിക്കിൽ കലാശിച്ചു. ഈ പ്രായത്തിലും ഇത്തരത്തിലൊരു പ്രതിരോധ നിരക്കാരനെ കാണുക പ്രയാസം. അപരനാണെങ്കിലോ...? ലോകം കണ്ട ഏറ്റവും മികച്ച ഫുട്ബോളർമാരിൽ ഒരാൾ. പ്രായം കൂടും തോറും വീര്യം വർധിക്കുന്ന പ്രതിഭാശാലി. അദ്ദേഹത്തിനിത് ആറാമത് യൂറോയായിരുന്നു. 2004 ലെ യൂറോയിൽ തുടങ്ങി 2016 ലെ യൂറോയിൽ രാജ്യത്തിന് കപ്പ് സമ്മാനിച്ചിട്ടും കളി മതിയാക്കാതെ ഞാനിപ്പോഴും ചെറപ്പമാണെന്ന് പറയുക മാത്രമല്ല പ്രവർത്തിക്കുകയും ചെയ്യുന്ന താരം. ഫ്രാൻസിനെതിരെ മുഴുസമയത്തിലും അദ്ദേഹം കളിച്ചു. യുവ കളിക്കാരെ കോച്ച് റോബർട്ടോ മാർട്ടിനസ് പിൻവലിച്ചപ്പോഴും ആ സീനിയറിനെ അദ്ദേഹം വലിച്ചില്ല. കളി ഷൂട്ടൗട്ടിലേക്ക് പോയപ്പോൾ നായകനായ അയാളായിരുന്നു ആദ്യ കിക്കെടുത്തത്. പിന്നെ സഹകളിക്കാർക്ക് പ്രചോദനമേകി അവിടെ തന്നെ. ജാവോ ഫെലിക്സ് എന്ന യുവതാരത്തിന് പിഴച്ച് ടീം പുറത്തായപ്പോൾ അദ്ദേഹം മൈതാനത്ത് നിർനിമേഷനായി നിന്നു. അരികിലേക്ക് ആ 41 കാരനുമെത്തി. ഇരുവരും കെട്ടിപ്പുണർന്നു-വേദന പങ്കിട്ടു. ഇവർ ക്യസ്റ്റിയാനോ റൊണാൾഡോയും പെപ്പെയും. ഈ കാഴ്ച കണ്ട് കണ്ണ് നനയാത്തവർ കുറയും. യൂറോയിൽ ഈ സീനിയർ സൗന്ദര്യം ഇനിയില്ല...

# സ്പെയിൻ vs ഫ്രാൻസ്

മ്യൂണിച്ച്:യൂറോ ആദ്യ സെമി ഫൈനലിൽ ഫ്രാൻസും സ്പെയിനും നേർക്കുനേർ. വൻകരാ ഫുട്ബോളിലെ രണ്ട് പ്രബലർ മുഖാമുഖം വരുന്നത് ചൊവാഴ്ച്ച രാത്രി 12-30 ന്. ആദ്യ ക്വാർട്ടർ അധികസമയത്തേക്ക് ദീർഘിച്ചപ്പോൾ 2-1 നായിരുന്നു ആതിഥേയരായ ജർമനിക്കെതിരെ സ്പാനിഷ് വിജയമെങ്കിൽ രണ്ടാംക്വാർട്ടർ അധികസമയവും പിന്നിട്ട് ഷൂട്ടൗട്ടിലേക്ക് പോയപ്പോൾ 5-3 നായിരുന്നു ഫ്രഞ്ച് വിജയം. ഗോൾ രഹിതമായ ആദ്യ പകുതിക്ക് ശേഷം ഡാനി ഒൽമോയുടെ തകർപ്പൻ ഗോളിൽ സ്പെയിൻ ലീഡ് നേടിയപ്പോൾ ഇഞ്ചുറി ടൈമിൽ ഫ്ളോറിയാൻ റിറ്റ്സിന്റെ മിന്നും ഗോളിൽ ജർമനി ഒപ്പമെത്തി. അധികസമയത്തിന്റെ അവസാനത്തിൽ മൈക്കൽ മെറിനോയായിരുന്നു സ്പാനിഷ് സൂപ്പർ താരമായത്. സെമിയിലെത്തിയെങ്കിലും സൂപ്പർ ഡിഫൻഡർ ഡാനി കാർവജാൽ ചുവപ്പിൽ പുറത്തായത് സ്പാനിഷ് സംഘത്തിന് ആഘാതമാണ്. അതിഗംഭീരമായിരുന്നു ഫ്രാൻസ്-പോർച്ചുഗൽ അങ്കം. ഇരു പകുതികളിലും നിരവധി അവസരങ്ങൾ ലഭിച്ച പ്രമുഖ സംഘങ്ങൾക്ക് ഗോളുകൾ നേടാനായില്ല. മുപ്പത് മിനുട്ട് അധികസമയത്തിലും ഇത് തന്നെ അവസ്ഥ. തുടർന്നായിരുന്നു ഷൂട്ടൗട്ട്. സ്ലോവേനിയക്കെതിരായ പ്രിക്വാർട്ടറിൽ ഹീറോയായ ഗോൾക്കീപ്പർ ഡിയാഗോ കോസ്റ്റയിലായിരുന്നു പോർച്ചുഗീസ് പ്രതീക്ഷ. എന്നാൽ ഫ്രാൻസിന്റെ ഉസ്മാൻ ഡെംപാലേ എടുത്ത ആദ്യ കിക്ക് തന്നെ വലയിൽ കയറിയപ്പോൾ ഫ്രാൻസ് ആത്മവിശ്വാസത്തിലായി. ക്യസ്റ്റിയാനോ റൊണാൾഡോയാണ് പോർച്ചുഗലിനായി തുടക്കമിട്ടത്. കൂൾ കിക്കിൽ അദ്ദേഹം ലക്ഷ്യം കണ്ടപ്പോൾ 1-1. ഫോഫാനയാണ് ഫ്രാൻസിനായി രണ്ടാം കിക്ക് പായിച്ചത്. അതും കോസ്റ്റയെ പരാജയപ്പെടുത്തി. പോർച്ചുഗലിന്റെ ബെർനാർഡോ സിൽവക്കും പിഴച്ചില്ല. കോണ്ടെയായിരുന്നു ഫ്രാൻസിനായി മൂന്നാം കിക്ക് പായിച്ചത്. അതും ലക്ഷ്യത്തിലെത്തിയപ്പോൾ പോർച്ചുഗൽ യുവതാരം ജാവോ ഫെലിക്സിന്റെ ഷോട്ട് ഇടത് പോസ്റ്റിൽ തട്ടി പുറത്തായി. ഇതോടെ ഫ്രാൻസിന് മുൻത്തൂക്കമായി. അത് നിലനിർത്തി ബാർകോല നാലാമത് കിക്കും ഗോളാക്കി. നുനോ മെൻഡസായിരുന്നു പോർച്ചുഗലിനായി അവസാന കിക്കിന് വന്നത്. അദ്ദേഹത്തിനും പിഴച്ചില്ല. ഇതോടെ ഹെർണാണ്ടസിന്റെ കിക്ക് നിർണായകമായി. ഫ്രഞ്ച് പിൻനിരക്കാരന്റെ കിക്ക് കോസ്റ്റ തടുത്താൽ പോർച്ചുഗലിന് പ്രതീക്ഷ. പക്ഷേ ഹെർണാണ്ടസ് കിടിലൻ ഷോട്ടാണ് പായിച്ചത്. കോസ്റ്റ പന്ത് പോലും കണ്ടില്ല. അതോടെ ഫ്രാൻസ് സെമിയിൽ. പോർച്ചുഗൽ പുറത്തും.

# സെമിയിൽ ഉദ്ഘാടനയങ്കമാണ്

## അർജൻറീനക്കെതിരെ കാനഡ



ടെക്സാസ്: കോപ്പയിൽ ആദ്യ സെമി ഫൈനൽ ഉദ്ഘാടന മൽസരത്തിന്റെ തനിയാവർത്തനം. നിലവിലെ ചാമ്പ്യന്മാരായ അർജന്റീന ഉത്തര അമേരിക്കൻ പ്രതിനിധികളായ കാനഡുമായി കളിക്കും. ഷൂട്ടൗട്ടിലേക്ക് ദീർഘിച്ച രണ്ടാം ക്വാർട്ടറിൽ വെനിസ്വേലയെ 4-3ന് അട്ടിമറിച്ചാണ് കാനഡക്കാർ അവസാന നാലിൽ ഇടം നേടിയത്. ഇത്തവണ ഉദ്ഘാടന പോരാട്ടത്തിൽ കാനഡക്കെതിരെ രണ്ട് ഗോൾ വിജയം സ്വന്തമാക്കിയാണ് ലിയോ മെസിയും സംഘവും അരങ്ങേറിയത്. വെനിസ്വേലക്കാർ പ്രാഥമിക റൗണ്ടിൽ മൂന്ന് മൽസരങ്ങളിലും ആധികാരിക വിജയം സ്വന്തമാക്കിയവരാണ്. അവർ തന്നെ വിജയം നേടുമെന്നാണ് കരുതപ്പെട്ടത്. എന്നാൽ കാനഡ ഇന്നലെ സമീപനത്തിൽ വലിയ മാറ്റം കൊണ്ടുവന്നു. അടിമുടി ആക്രമണം. പതിമൂന്നാം മിനുട്ടിൽ തന്നെ ജേക്കബ് ഷാഫൽബർഗിലൂടെ അവർ ലീഡും നേടി. പിന്നെ ആക്രമണം തുടർന്ന ടീം പലവട്ടം വെനിസ്വേലൻ ബോക്സിൽ പരിഭ്രാന്തി പരത്തി. രണ്ടാം പകുതിയിൽ മാത്രമായിരുന്നു അപകടം മനസിലാക്കി വെനിസ്വേലക്കാർ ഉരുളക്ക് ഉപ്പേരി കണക്കെ മറുപടി നൽകാൻ തുടങ്ങിയത്. സൂപ്പർ താരം സലോമോൻ റോൻഡനിലൂടെ അവർ ഒപ്പമെത്തി. എന്നാൽ പിന്നെ ഗോളുകൾ പിറന്നില്ല. ഷൂട്ടൗട്ടിൽ കാനഡക്കാരുടെ നാല് കിക്കുകളും പിഴച്ചില്ല. വെനിസ്വേലക്കാർക്കാവട്ടെ ഒരു തവണ പിഴച്ചു. ഇന്ന് നടക്കുന്ന മൂന്നാം ക്വാർട്ടറിൽ കൊളംബിയ പാനമയെയും കരുത്തരായ ബ്രസീൽ യുറഗ്വായുമായും കളിക്കും.



## മുറേക്ക് മിക്സഡുമില്ല

ലണ്ടൻ: ബ്രിട്ടിഷുകാരുടെ പ്രിയപ്പെട്ട ടെന്നിസ് താരമാണ് ആന്ദ്രെ മുറെ. രണ്ട് വട്ടം സ്വന്തം വേദിയിൽ വിംബിൾഡൺ സ്വന്തമാക്കിയ താരം. ലോക റാങ്കിംഗിൽ ഇടക്കാലത്ത് ഒന്നാമനായ സ്കോട്ടുകാരൻ. ഇത്തവണ കിരീടവുമായി നാട്ടുകാർക്ക് മുന്നിൽ വിടവാങ്ങാൻ ആഗ്രഹിച്ച സീനിയർ താരത്തിന് ആദ്യം പരുക്ക് വില്ലനായി. സിംഗിൾസിൽ നിന്നും അദ്ദേഹം പിന്മാറി. പുരുഷ ഡബിൾസിൽ കളിച്ച് വിരമിക്കാമെന്ന് കരുതിയെങ്കിൽ ആദ്യ റൗണ്ടിൽ തന്നെ പുറത്താവുകയും ചെയ്തു. പിന്നെയുള്ള പ്രതീക്ഷ മിക്സഡ് ഡബിൾസായിരുന്നു. ഇംഗ്ലീഷ് യുവതാരം എമ റഡുകാനുവിനൊപ്പം കളിക്കാനായിരുന്നു തീരുമാനം. എന്നാൽ 21-കാരിയായ വനിതാ താരം പരുക്ക് ഭയന്ന് മികസ്ഡിൽ നിന്ന് പിന്മാറാൻ തീരുമാനിച്ചതോടെ ആ വാതിലുകളും അടഞ്ഞു. ഇന്നലെ നടന്ന വനിതാ സിംഗിൾസിൽ തകർപ്പൻ പ്രകടനം നടത്തി നാലാം റൗണ്ടിലെത്തി നിൽക്കുകയാണ് എമ. മിക്സഡ് ഡബിൾസിലും കളിച്ചാൽ അത് സിംഗിൾസിനെ ബാധിക്കുമോ എന്ന ആശങ്കയിലാണ് താരം. 2021 ൽ യു.എസ് ഓപ്പൺ സിംഗിൾസ് കിരീടം സ്വന്തമാക്കി വനിതാ ടെന്നിസിൽ വിസ്മയമായി മാറിയ എമക്കൊപ്പം മിക്സഡിൽ കളിക്കാൻ ആഗ്രഹിച്ചിരുന്നെന്നും എന്നാൽ പരുക്ക് വില്ലനായതിൽ നിരാശയുണ്ടെന്നും മുറെ പറഞ്ഞു. എമ പിന്മാറിയ സാഹചര്യത്തിൽ ടൂർണമെന്റ് നിയമ പ്രകാരം മറ്റൊരാളെ പെട്ടെന്ന് കണ്ടെത്താൻ മുറെക്കാവില്ല. പുരുഷ ഡബിൾസിൽ വെള്ളിയാഴ്ച്ച അദ്ദേഹം സഹോദരൻ ജാമിക്കൊപ്പം കളിച്ചിരുന്നു. ആദ്യ മൽസരത്തിൽ തന്നെ തോൽക്കാനായിരുന്നു വിധി.

# ഇംഗ്ലീഷ് സെമി

## ഷൂട്ടൗട്ടിൽ സ്വിസ് തോൽവി

ഡുസൽഡോർഫ്: യൂറോയിൽ ഷൂട്ടൗട്ട് വീണ്ടും വിധി നിർണയിച്ചപ്പോൾ ഇംഗ്ലണ്ട് സെമിയിൽ. നിശ്ചിത സമയ മൽസരം 1-1 ലായതിനെ തുടർന്നായിരുന്നു ഷൂട്ടൗട്ട്. ഇംഗ്ലണ്ടിനായി ആദ്യ കിക്കെടുത്ത കോൾ പാമർക്ക് പിഴച്ചില്ല. സ്വിസുകാർക്കായി മാനുവൽ അകാഞ്ചി. ഇംഗ്ലീഷ് ഗോൾക്കീപ്പർ പിക്ഫോർഡ് അത് തടുക്കുന്നു. അടുത്ത ഇംഗ്ലീഷ് കിക്കിനായി ബെലിങ്ഹാം. അനായാസം ഗോൾ. ഫാബിയാൻ ഷെർ സ്വിസുകാർക്കായി. അത് ഗോളാവുന്നു. മൂന്നാം കിക്കിനായി ബുക്കായോ സാക്ക. അതും ഗോൾ. സ്വിസ് സംഘത്തിനായി ഷെർദ്ദാൻ ഷാക്കിരി. അതും ഗോൾ. ഇംഗ്ലണ്ടിനായി ഐവൻ ടോണി. അതും ഗോളായതോടെ സ്വിസ് താരം ഷക്കിം അന്തുനി. അതും ഗോൾ. ഇംഗ്ലണ്ടിന്റെ അവസാന കിക്കിനായി അലക്സാണ്ടർ അർനോൾഡ്. ഗോളായാൽ ഇംഗ്ലണ്ട് സെമിയിൽ. നിശ്ചിത സമയം 1-1. ഗോൾ രഹിതമായ ആദ്യ പകുതിക്ക് ശേഷം 74-ാം മിനുട്ടിൽ ബ്രീൽ എബോളോ നേടിയ ഗോളിൽ സ്വിസുകാർ ലീഡ് നേടി. എന്നാൽ തൊട്ട് പിറകെ ബുകായോ സാക്കേ ഇംഗ്ലണ്ടിനായി സമനില നേടി. വലത് വിംഗിലൂടെ മുന്നേറിയ സാക്ക രണ്ട് സ്വിസ് ഡിഫൻഡർമാരെ മറികടന്ന് ഗോൾക്കീപ്പർ സോമറിനെയും പിറകിലാക്കി. ഇംഗ്ലണ്ട് ഇന്നലെയും നിറം മങ്ങി. ഹാരി കെയിൻ നയിച്ച സംഘത്തിൽ ബുകായോ സാക്ക മാത്രമായിരുന്നു സ്വിസ് പ്രതിരോധത്തിന് ഭീഷണിയായത്. വലത് വിംഗിലൂടെ പലപ്പോഴും കടന്നു കയറിയ ആഴ്സനൽ താരം നൽകിയ ക്രോസുകൾ പക്ഷേ ഉപയോഗപ്പെടുത്താൻ ആരുമുണ്ടായില്ല. ചാമ്പ്യൻഷിപ്പിലുടനീളം ഇതായിരുന്നു ഇംഗ്ലീഷ് അവസ്ഥ. ആദ്യ മൽസരം മുതൽ മുൻനിരക്കാർ നിറം മങ്ങിയതോടെ എതിർ ബോക്സിൽ തപ്പിതടയുകയായിരുന്നു ഇംഗ്ലീഷ് സൂപ്പർ താരങ്ങൾ. സ്വിസുകാരാവട്ടെ അതിവേഗതയിൽ കളിച്ചു. പക്ഷേ ഇംഗ്ലീഷ് ഡിഫൻസും ഗോൾക്കീപ്പർ പിക്ഫോർഡിനെയും മറികടക്കാൻ അവർക്കായില്ല.



സ്വിറ്റ്സർലൻഡിനെതിരായ മൽസരത്തിന്റെ അവസാനത്തിൽ സമനില ഗോൾ നേടിയ ആഹ്ലാദത്തിൽ ഇംഗ്ലീഷ് മുൻനിരക്കാരൻ ബുക്കായോ സാക്ക (ഇടത്)

# ഹരാരേ ബോംബ്

## ലോക ചാമ്പ്യന്മാർ സിംബാബ്വെക്ക് തല വെച്ചു

ഹരാരെ: ടി-20 ലോകകിരീടം സ്വന്തമാക്കിയതിന് ശേഷം കളിച്ച ആദ്യ മൽസരത്തിൽ തന്നെ ഇന്ത്യൻ സംഘത്തിന് ദയനീയ തോൽവി. സിക്കന്തർ റാസ നയിച്ച സിംബാബ്വെ യുവ സംഘമാണ് 13 റൺസിന് ശുഭ്മാൻ ഗിൽ നയിച്ച ഇന്ത്യൻ യൂത്ത് സംഘത്തെ അട്ടിമറിച്ചത്. ആദ്യം ബാറ്റ് ചെയ്ത സിംബാബ് വെയെ ഇന്ത്യൻ ബൗളർമാർ 115 റൺസിൽ നിയന്ത്രിച്ചപ്പോൾ ഇന്ത്യ എളുപ്പ വിജയം പ്രതീക്ഷിച്ചതാണ്. എന്നാൽ ഇന്ത്യയുടെ പത്ത് പേരും 102 ൽ പുറത്തായി. ബാർബഡോസിൽ നടന്ന ടി-20 ലോകകപ്പ് ഫൈനലിൽ അവസാന ഓവറിൽ ദക്ഷിണാഫ്രിക്കക്ക് ജയിക്കാൻ 16 റൺസ് ആവശ്യമായത് പോലെ ഇന്നലെ ഹരാരേ സ്പോർട്സ് ക്ലബ് ഗ്രൗണ്ടിൽ നടന്ന അങ്കത്തിലെ അവസാന ഓവറിൽ ഇന്ത്യക്ക് ജയിക്കാൻ വേണ്ടത് 16 റൺസായിരുന്നു. ക്രീസിൽ ഓൾറൗണ്ടർ വാഷിംഗ്ടൺ സുന്ദറും ഖലീൽ അഹമ്മദും. പതിനെട്ടാം ഓവറിൽ 18 റൺസ് നേടി കരുത്ത് കാട്ടിയ സുന്ദറിന് പക്ഷേ തെൻദായി ചത്താരയുടെ അന്തിമ ഓവറിൽ മൂന്ന് റൺസ് മാത്രമാണ് നേടാനായത്. സിക്കന്തർ റാസയാണ് കളിയിലെ കേമൻ. 19 പന്തിൽ 17 റൺസ് നേടിയ റാസ ഇന്ത്യയുടെ മൂന്ന് വിക്കറ്റുകൾ 25 റൺസ് മാത്രം നൽകി സ്വന്തമാക്കുകയും ചെയ്തിരുന്നു. ഇന്ത്യൻ സ്പിന്നർ രവി ബിഷ്ണോയി 13 റൺസ് മാത്രം നാല് വിക്കറ്റ് നേടിയപ്പോൾ സിംബാബ്വെ പതറിപോയിരുന്നു. പുറത്താവാതെ 29 റൺസ് നേടിയ ക്ലൈവ് മദാനേയായിരുന്നു ആഫ്രിക്കൻ സംഘത്തിലെ ടോപ് സ്ക്കോറർ. ബ്രയൻ ബെനറ്റ് (22),ഡിയോൺ മേയേഴ്സ് (23) എന്നിവരും അൽപ്പസമയം പൊരുതി. ബിഷ്ണോയിയെ കൂടാതെ വാഷിംഗ്ടൺ സുന്ദറായിരുന്നു ബൗളിംഗിൽ കരുത്ത് കാട്ടിയ മറ്റൊരു ഇന്ത്യക്കാരൻ. 11 റൺസ് മാത്രം നൽകി രണ്ട് വിക്കറ്റാണ് അദ്ദേഹം നേടിയത്. മറുപടിയിൽ ഇന്ത്യയുടെ ഐ.പി.എൽ സൂപ്പർ ഓപ്പണർ അഭിഷേക് ശർമ ബ്രയൻ ബെന്നറ്റിന്റെ ആദ്യ ഓവറിൽ പൂജ്യനായി. റിഥുരാജ് ഗെയിക്വാദ് (7), റയാൻ പരാഗ് (2) റിങ്കു സിംഗ് (0), ധ്രുവ് ജുറൽ (6) എന്നിവരെല്ലാം വേഗം പുറത്താവുമ്പോൾ മറുഭാഗത്ത് നായകൻ ഗിൽ ഇതെല്ലാം കാണുകയായിരുന്നു. 29 പന്തിൽ 31 റൺസ് നേടിയ ഗിൽ പുറത്തായ ശേഷം പൊരുതിയത് 27 റൺസ് നേടിയ സുന്ദർ മാത്രം. പരമ്പരയിലെ രണ്ടാം മൽസരം ഇന്ന് നടക്കും



സിംബാബ്വെക്കെതിരായ മൽസരത്തിൽ പ്രതിരോധം തകർന്ന് ക്ലീൻ ബൗൾഡാവുന്ന ഇന്ത്യൻ നായകൻ ശുഭ്മാൻ ഗിൽ

ഗൾഫ് ചന്ദ്രിക
07 SUNDAY JULY 2024



സി.പി.എമ്മിന്റെ പോഷക സംഘടനകളായ സി.ഐ.ടി.യുവും എസ്.എഫ്.ഐയും സംസ്ഥാനത്ത് ഭീകരത അഴിച്ചുവിടുകയാണ്. കാമ്പസുകളിൽ എസ്.എഫ്.ഐ അഴിഞ്ഞാടുമ്പോൾ സി.ഐ.ടി.യു പൊതുസ്ഥലങ്ങളിൽ ജനങ്ങളുടെമേൽ കുതിരകയറുകയാണ്. അധികാര ഭ്രാന്ത് എന്തും ചെയ്യാനുള്ള ലൈസൻസായി സി.പി.എം കാണരുത്. നിരപരാധികളെ ക്രൂരമായി മർദ്ദിക്കുന്ന സി.പി.എമ്മിന്റെ രക്ഷാപ്രവർത്തന ശൈലി നാടിന് ആപത്താണ്.

–കെ. സുധാകരൻ

മലയാള സിനിമയിൽ ദിവ്യന്മാരോ ആൾദൈവങ്ങളോ ഇല്ല. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അന്തസ്സത്ത പോലും പുറത്ത്വിടാത്തത് ദുരൂഹമാണ്. ഹേമ കമ്മിറ്റിക്ക് മുന്നിൽ താൻ മൂന്ന് തവണ മൊഴി നൽകിയതാണ്. കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കാൻ ചലച്ചിത്ര അക്കാദമിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയത്. അക്കാദമി നിഷ്പക്ഷമല്ലെന്ന് എല്ലാവർക്കും അറിയാം. ഇത്രയും കാലം റിപ്പോർട്ട് പുറത്തുവിടാതിരുന്നതിൽ സാംസ്കാരിക മന്ത്രി സജി ചെറിയാൻ മറുപടി പറയണം.

–വിനയൻ



## ഹയർസെക്കന്ററി തസ്തിക നിർണയം
# ഒഴിവുകൾ വെട്ടാനുള്ള സർക്കാറിന്റെ വാൾ മാത്രം


അനീഷ് ചാലിയാർ
പാലക്കാട്

- ഉദ്യോഗാർഥികളുടെ മോഹം റാങ്ക് പട്ടികയിലൊടുങ്ങും
- 14 പി.എസ്.സി ലിസ്റ്റുകൾക്ക് അപ്രഖ്യാപിത നിരോധനം

ഹയർസെക്കന്ററിയിൽ പുരോഗമിക്കുന്ന തസ്തിക നിർണയം അധ്യാപക ഒഴിവുകൾ വെട്ടാനുള്ള പിണറായി സർക്കാറിന്റെ ആസൂത്രിത നീക്കം മാത്രം. ഇതോടെ നിരവധി അധ്യാപകരുടെ സ്വപ്നങ്ങൾ റാങ്ക് പട്ടികയിലൊടുങ്ങും. വിവിധ വിഷയങ്ങളിലേക്ക് അധ്യാപക നിയമനത്തിന് 14 റാങ്ക് പട്ടികയിലുള്ള ഉദ്യോഗാർഥികളാണ് രണ്ടുവർഷം മുതൽ കാത്തിരിപ്പ് തുടരുന്നത്. ഇക്കാലയളവിൽ 87 നിയമനം മാത്രമാണ് ആകെ എച്ച്.എസ്.എസ്.ടി വിഭാഗത്തിൽ നടന്നത്. 2023 തുടക്കംമുതൽ തസ്തിക നിർണയം പൂർത്തിയാക്കിയേ എച്ച്.എസ്.എസ്.ടി നിയമനം നടത്തൂ എന്ന പിടിവാശിയിലായിരുന്നു സർക്കാർ. ഇതിന്റെ പേരിൽ വിരമിക്കൽ ഒഴിവുകൾ പോലും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.







ഇക്കഴിഞ്ഞ ജൂൺ വരെ സർക്കാറും വിദ്യാഭ്യാസവകുപ്പും തസ്തിക നിർണയ ഫയലുകൾ തട്ടിക്കളിച്ചു. ഒടുവിൽ 7 ആർ.ഡി.ഡികൾ വഴി തയ്യാറാക്കിയ റിപ്പോർട്ടിൽ വിജയ ശതമാനത്തിനനുസരിച്ച് മുൻ വർഷങ്ങളിൽ അനുവദിച്ച അധിക ബാച്ച്, ട്രാൻസ്ഫറായി നൽകിയ ബാച്ചുകൾ എന്നിവയിലെ അധ്യാപക ഒഴിവ് ഉൾപ്പെടുത്തിയിട്ടില്ല. ഇത് സർക്കാറിന്റെ പ്രത്യേക നിർദേശാനുസരണമായിരുന്നു. മറ്റു സ്കൂളുകളിൽ നിന്ന് ഷിഫ്റ്റ് ചെയ്ത ബാച്ചുകളെ തസ്തിക നിർണയത്തിൽ ഉൾപ്പെടുത്തരുത്. പ്ലസ് വണ്ണിനും പ്ലസ് ടുവിനും ഒരുപോലെ 25 കുട്ടികൾ വീതമില്ലാത്ത ബാച്ചുകൾ ഉൾപ്പെടുത്തരുതെന്നുമായിരുന്നു സർക്കാർ നിർദേശം. 16.03.2024 നാണ് ഇത്തരമൊരു ഉത്തരവ് സർക്കാർ നൽകിയത്. അഡീഷണൽ ബാച്ചുകൾ സ്ഥിരം ബാച്ചുകളല്ലെന്ന കാരണത്താൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇതെല്ലാം പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കാനുള്ള നീക്കത്തിന്റെ ഭാഗമായിരുന്നു.

ഏഴ് ആർ.ഡി.ഡികളും തയ്യാറാക്കിയ റിപ്പോർട്ടുകൾ കാര്യമായ ഒഴിവുകൾ ഉണ്ടാകാനിടയില്ലെന്നാണ് സൂചന. ഈ ഫയലുകൾ അക്കാദമിക് വിഭാഗത്തിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് വിഭാഗവും കടന്ന് സർക്കാറും കണ്ട് നടപടികൾ പൂർത്തിയാക്കാൻ ഇനിയും കാലതാമസമെടുത്തേക്കും.

ഉദ്യോഗാർഥികൾ സ്കൂളുകൾ വഴി ആർ.ടി.ഐ പ്രകാരം നേടിയ വിവരങ്ങളിൽ 604 ഒഴിവുകളുണ്ടെന്ന് വ്യക്തമാകുന്നുണ്ട്. ഈ ഒഴിവുകളിലേക്ക് പോലും തസ്തിക നിർണയത്തിന്റെ പേരിൽ നിയമനം തടഞ്ഞുവെച്ചിരിക്കുകയാണ്. 10 മാസം കഴിഞ്ഞിട്ടും ഒന്നാം റാങ്കുകാരിക്ക് നിയമനം ലഭിക്കാത്ത റാങ്ക് പട്ടികയുമുണ്ട് കൂട്ടത്തിൽ. സർക്കാർ ഒഴിവുകൾ പൂഴ്ത്തിവെക്കാൻ ശ്രമിക്കുമ്പോൾ ആർ.ടി.ഐ ചോദ്യവുമായി സ്കൂളുകൾ കയറിയിറങ്ങുകയാണ് ഉദ്യോഗാർഥികൾ.

## ആൾക്കൂട്ട കൊലപാതകത്തിനിരയായ ഫരീദ് ഔറംഗസേബിന്റെ കുടുംബത്തെ സന്ദർശിച്ച് മുസ്‌ലിംലീഗ് പ്രതിനിധി സംഘം

അലിഗഢ്: ആൾക്കൂട്ട കൊലപാതകത്തിനിരയായ ഫരീദ് ഔറംഗസേബിന്റെ കുടുംബത്തെ മുസ്‌ലിംലീഗ് സെക്രട്ടറി സി.കെ സുബൈറിന്റെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘം സന്ദർശിച്ചു. അലിഗഢ് ഖാസ് കി മണ്ഡി പ്രദേശവാസിയായിരുന്ന ഫരീദ് ഔറംഗസേബ് ജോലികഴിഞ്ഞു മടങ്ങവേയാണ് ജൂൺ പതിനെട്ടിന് ആൾക്കൂട്ടം മർദ്ദിച്ച് കൊലപ്പെടുത്തിയത്. കൊല്ലപ്പെട്ട ഫരീദിന്റെ കുടുംബം യുപി പൊലീസ് എടുത്ത കള്ളക്കേസിന്റെ പേരിൽ അരക്ഷിതാവസ്ഥയിലാണ്. കൊലപാതകത്തിൽ പ്രതിയായ രാഹുലിന്റെ മാതാവ് ലക്ഷ്മി മിത്തൽ സർക്കാരിൽ സ്വാധീനിച്ച് നൽകിയ വ്യാജ പരാതിയുടെ അടിസ്ഥാനത്തിൽ കൊല്ലപ്പെട്ട ഔറംഗസേബിനും സഹോദരനും മറ്റ് ആറുപേർക്കുമെതിരെ പൊലീസ് കേസ് എടുത്ത് എഫ്.ഐ. ആർ ഇട്ടിരിക്കുകയാണ്.

ഫരീദ് ഔറംഗസേബ് മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിയായിട്ടും യാതൊരു ദാക്ഷിണ്യവുമില്ലാതെയാണ് ആൾക്കൂട്ടം വടിവാളുകൾ ഉപയോഗിച്ച് ക്രൂരമായി കോല ചെയ്തത്. എന്നാൽ ഇദ്ദേഹം മിത്തലിന്റെ വീട്ടിൽ അതിക്രമിച്ചു കയറിയെന്നും മോഷണം നടത്താനും തന്നെ പീഡിപ്പിക്കാനും ശ്രമിച്ചുവെന്നുമാണ് സംഭവം നടന്ന് പതിനൊന്ന് ദിവസത്തിന് ശേഷം പ്രതിയുടെ അമ്മ നൽകിയ കള്ള പരാതിയിൽ പറയുന്നത്. അതിക്രമം തടയാൻ ശ്രമിക്കുന്നതിനിടെയാണ് ഔറംഗസേബ് കൊല്ലപ്പെട്ടതെന്നാണ് ഇവരുടെ വിശദീകരണം.



അലിഗഢിൽ കൊല്ലപ്പെട്ട ഫരീദ് ഔറംഗസേബിന്റെ വസതിയിൽ നിന്ന് മുസ്‌ലിംലീഗ് ദേശീയ സെക്രട്ടറി സി.കെ സുബൈറും സംഘവും കൊലപാതകം നടന്ന സ്ഥലത്തേക്ക് സഹോദരന്മാരായ മുഹമ്മദ് സാക്കിയ, ഗുൽസാർ എന്നിവർക്കൊപ്പം പോവുന്നു

മിത്തലിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പൊലീസ് ഇരയുടെ കുടുംബത്തിനെതിരെ കേസെടുത്ത് അന്വേഷണം നടത്തി യഥാർത്ഥ കൊലപാതക കേസിന്റെ ഗൗരവ സ്വഭാവം കുറക്കുകയാണെന്നു കൊല്ലപ്പെട്ട ഫരീദ് ഔറംഗസേബിന്റെ ഉമ്മ പ്രതിനിധി സംഘത്തോട് പറഞ്ഞു.

സംഭവത്തിന്റെ വീഡിയോയും വിറങ്ങലിച്ച കൈയോടുകൂടി ഉമ്മ കാണിച്ചു കൊടുത്തു. ഇരയുടെ കുടുംബത്തെ സന്ദർശിച്ച മുസ്‌ലിം ലീഗ് സംഘം താത്ക്കാലിക ധനസഹായം ലഭ്യമാക്കി. അഡ്വ. മർസൂഖ് ബാഫഖി തങ്ങൾ ഇരയുടെ കുടുംബത്തെ ഫോണിൽ ബന്ധപ്പെടുകയും രാജ്യ സഭാ എം.പി അഡ്വ. ഹാരിസ് ബീരാന്റെ ഓഫീസ് നേതൃത്വത്തിൽ ആവശ്യമായ നിയമ സഹായങ്ങൾ നൽകാമെന്നും ഉറപ്പുനൽകി. യു.പി സംസ്ഥാന യൂത്ത് ലീഗ് ജനറൽ സെക്രട്ടറി മുഹമ്മദ് സുബൈർ, ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡണ്ട് മുഹമ്മദ് നദീം, എ.എം.എസ്.യൂ മുൻ പ്രസിഡന്റ് ഡോ. സൽമാൻ ഇംതിയാസ്, അലിഗഡ് എം.എസ്.എഫ് നേതാവ് ഡോ. മുനവ്വർ ഹാനിഫ് എന്നിവരടങ്ങിയ സംഘമാണ് സന്ദർശനം നടത്തിയത്.

## സി.പി.എം ജില്ലാ സെക്രട്ടറിയുടെ വാദം തള്ളി പൊലീസ്
# ശരൺചന്ദ്രൻ കാപ്പാ കേസ് പ്രതി തന്നെ

പത്തനംതിട്ട: സിപിഎം സ്വീകരണം നൽകിയ കാപ്പാ കേസ് പ്രതി ശരൺ ചന്ദ്രന്റെ കാപ്പാ കാലാവധി കഴിഞ്ഞതാണെന്ന സിപിഎം പത്തനംതിട്ട ജില്ലാ സെക്രട്ടറി കെപി ഉദയഭാനുവിന്റെ വാദം തള്ളി പത്തനംതിട്ട ജില്ലാ പൊലീസ്. ശരൺ ചന്ദ്രൻ ഇപ്പോഴും കാപ്പാ കേസ് പ്രതി തന്നെയാണെന്നും കാപ്പാ കേസ് നിലവിലുണ്ടെന്നും ജില്ലാ പൊലീസ് മേധാവി വ്യക്തമാക്കി.

നവംബറിൽ ശരൺ ചന്ദ്രനെതിരെ അടിപിടി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം കാപ്പാ കേസ് വ്യവസ്ഥകളുടെ ലംഘനത്തിന് പുതിയ കേസും എടുത്തിരുന്നു. ഒളിവിൽ പോയ ശരണിനെ 2024 ഏപ്രിൽ 16നാണ് പിടികൂടിയത്. ശരൺ ചന്ദ്രനെതിരെ ആകെ 12 കേസുകളാണുള്ളത്. 11 കേസിനും രാഷ്ട്രീയ ബന്ധമുണ്ടെന്നും പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി വിശദീകരിച്ചു. സിപിഎം ജില്ലാ സെക്രട്ടറിയുടെയും മന്ത്രി വീണാ ജോർജിന്റെയും വിശദീകരണം തള്ളുന്നതാണ് പൊലിസിന്റെ മറുപടി. കാപ്പാ കേസ് പ്രതിയെ പാർട്ടിയിലെടുത്തുകൊണ്ട് നൽകിയ സ്വീകരണത്തിൽ വിചിത്ര വാദമാണ് സിപിഎം പത്തനംതിട്ട ജില്ലാ സെക്രട്ടറിയും മന്ത്രി വീണാ ജോർജും നടത്തിയത്. ഇഡ്ഡലി എന്ന ശരൺ ചന്ദ്രൻ പ്രതിയായതെല്ലാം രാഷ്ട്രീയ സംഘർഷത്തിലാണെന്നും തെറ്റുകൾ തിരുത്താനാണ് ചെങ്കൊടിയേന്തിയതെന്നുമാണ് ഇരുവരും ന്യായീകരിച്ചത്. മലയാലപ്പുഴ സ്വദേശി ശരൺ ചന്ദ്രൻ ഉൾപ്പെടെ 60 പേരെയാണ് കഴിഞ്ഞ ദിവസം മന്ത്രിയും ജില്ലാ സെക്രട്ടറിയും ചേർന്ന് പാർട്ടിയിലേക്ക് സ്വീകരിച്ചത്. 25 വയസ്സിനിടെ 12 ഓളം ക്രിമിനൽ കേസുകളിൽ പ്രതിയാണ് ഇഡ്ഡലിയെന്ന് വിളിക്കുന്ന ശരൺ. 2023 ജൂലൈയിൽ ഇയാൾക്കെതിരെ പൊലീസ് കാപ്പ ചുമത്തി. അതിലെ വ്യവസ്ഥകൾ ലംഘിച്ചതിന് പുതിയ കേസ് എടുത്തു. ഇതോടെ ഒളിവിൽ പോയ പ്രതിയെ പിന്നീട് ഏപ്രിൽ 16 ന് പിടികൂടി. എന്നാൽ ജാമ്യം നേടി പുറത്തിറങ്ങിയപ്പോൾ വീണ്ടും അറസ്റ്റിലായി. ഒടുവിൽ കഴിഞ്ഞ മാസമാണ് ജയിൽമോചിതനായത്.ബിജെപി ബന്ധം ഉപേക്ഷിച്ച് ശരൺ സിപിഎമ്മിലുമെത്തി. കേസുകളെല്ലാം ഒഴിവാക്കി നൽകുമെന്ന് ധാരണയിലാണ് പാർട്ടി പ്രവേശനം.



സി.പി.എം പത്തനംതിട്ട ജില്ലാ സെക്രട്ടറിയും മന്ത്രി വീണാ ജോർജും കാപ്പാ കേസ് പ്രതി ശരൺ ചന്ദ്രൻ അടക്കമുള്ളവരെ പാർട്ടിയിലേക്ക് സ്വീകരിച്ചപ്പോൾ

## ഒളിവിൽ കഴിഞ്ഞ വ്യാജസിദ്ധനെ താനൂർ പൊലീസ് പിടികൂടി

താനൂർ: വട്ടത്താണി ഭാഗത്ത് ഒരു വർഷത്തോളമായി താമസമാക്കി നിരവധി പെൺകുട്ടികളെ വശീകരിക്കുകയും പീഡിപ്പിക്കുകയും ചെയ്തിരുന്ന വ്യാജ സിദ്ധൻ അഥവാ ജിന്ന് എന്നറിയപ്പെടുന്ന പട്ടാമ്പിക്കാരനായ ലത്തീഫ് എന്നയാൾ താനൂർ പൊലീസിന്റെ പിടിയിൽ. രോഗങ്ങളും ദുരിതങ്ങളും മാറ്റി ഐശ്വര്യവും ഉയർച്ചയും ഉണ്ടാവുമെന്ന് പറഞ്ഞു തെറ്റിദ്ധരിപ്പിച്ച് നിരവധി പെൺകുട്ടികളെ പീഡനത്തിനിരയാക്കിയിട്ടുണ്ട്.



പെൺകുട്ടികൾ ആരും തന്നെ നാണക്കേട് ഭയന്ന് വീട്ടുകാരോട് മറ്റോ പുറത്തു പറഞ്ഞിട്ടില്ല. എന്നാൽ താനൂർ സ്വദേശിയായ പ്രായപൂർത്തിയാവാത്ത പെൺകുട്ടിയുടെ പരാതിയിൽ താനൂർ പൊലീസ് കേസെടുത്തിരുന്നു. പരാതി കൊടുത്തു എന്നറിഞ്ഞ പ്രതി പല സ്ഥലങ്ങളിൽ ഒഴിവിൽ കഴിഞ്ഞു വരികയായിരുന്നു.

നിരവധി മൊബൈൽ നമ്പറുകൾ പിന്തുടർന്നതിന്റെ അടിസ്ഥാനത്തിൽ താനൂർ പൊലീസ് മലപ്പുറം കോട്ടപ്പടിയിൽ വച്ച് പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. താനൂർ സി.ഐ മാത്യു ജെ, എസ് അജിത് .കെ, സി.പി.ഒമാരായ സുജിത്ത്, ശ്രീജിത്ത്, ലിബിൻ, ഷിബിൻ, ജ്യോതിഷ്, രമ്യ എന്നിവരടങ്ങിയ അന്വേഷണസംഘമാണ് തന്ത്രപരമായി പ്രതിയെ അറസ്റ്റ് ചെയ്തത്. പരപ്പനങ്ങാടി കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

## രാജ്യത്തെ ആദ്യത്തെ യു.ഡി.ഐ.ഡി നഗരസഭയായി മഞ്ചേരി

മഞ്ചേരി: ഭിന്നശേഷി മേഖലയിൽ മഞ്ചേരി നഗരസഭ നടത്തുന്നത് സമാനതകളില്ലാത്ത പ്രവർത്തനങ്ങളെന്ന് അഡ്വ.യു.എ. ലത്തീഫ് എം.എൽ.എ. നഗരസഭയിലെ മുഴുവൻ ഭിന്നശേഷിക്കാർക്കുള്ള സവിശേഷ തിരിച്ചറിയൽ കാർഡ് (യു.ഡി.ഐ.ഡി) നൽകുന്ന രാജ്യത്തെ ആദ്യ നഗരസഭയായി മഞ്ചേരി മാറുന്നതിന്റെ പ്രഖ്യാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമഗ്ര ഭിന്നശേഷി സർവേ റിപ്പോർട്ട് പ്രകാശനവും യു.ഡി.ഐ.ഡി കാർഡ് വിതരണവും എം.എൽ.എ നിർവഹിച്ചു. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച് പഞ്ചാബകേശൻ മുഖ്യപ്രഭാഷണം നടത്തി.

നഗരസഭയെ സംബന്ധിച്ചിടത്തോളം വലിയ അംഗീകാരമാണിതെന്നും ലക്ഷ്യം കൈവരിക്കുന്നതിനായി ഒമ്പത് മാസത്തോളം ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചെന്നും ചെയർപേഴ്സൺ വി.എം.സുബൈദ പറഞ്ഞു. സർവേയിൽ 1207 ഭിന്നശേഷിക്കാരെ കണ്ടെത്തുകയും അവരെ എല്ലാം യുഡിഐഡി രജിസ്റ്റർ ചെയ്യുകയും ചെയ്തു. 721 പുരുഷന്മാരും 486 സ്ത്രീകളും ഉൾപ്പെടെയാണിത്. 18 വയസ്സിന് മുകളിലുള്ള 972 പേരും 235 പേർ 18 വയസ്സിന് താഴെ ഉള്ളവരുമാണ്. നഗരസഭയിലെ ജനപ്രതിനിധികൾ, അംഗൻവാടി പ്രവർത്തകർ, ആശ പ്രവർത്തകർ, എൻ.എസ്.എസ് വളണ്ടിയർമാർ തുടങ്ങി എല്ലാവർക്കും ഇതിനായി പരിശീലനം നൽകുകയും മുഴുവൻ ഭിന്നശേഷിക്കാരെയും യു.ഡി.ഐ.ഡി പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിക്കാർ, അവരുടെ വാർഡ്, ഭിന്നശേഷി തോത്, പ്രായം, തുടങ്ങിയ വിവരങ്ങൾ സർവേ റിപ്പോർട്ടിലുണ്ട്. വൈസ് ചെയർമാൻ വി.പി. ഫിറോസ്, സ്ഥിരംസമിതി അധ്യക്ഷരായ എൻ.എം. എൽസി, യാഷിക് മേച്ചേരി, റഹീം പുതുക്കൊള്ളി, എൻ.കെ ഖൈറുന്നീസ, സി. സക്കീന, കൗൺസിലർമാരായ മരുന്നൻ മുഹമ്മദ്, അഡ്വ. പ്രേമ രാജീവ്, അഡ്വ. ബീനാ ജോസഫ്, എൻ.കെ. ഉമ്മർ ഹാജി, ഹുസൈൻ മേച്ചേരി, ജസീനാബിഅലി, വല്ലാഞ്ചിറ ഫാത്തിമ, ഷറീന ജവഹർ, പി. സുനിത, സജിത വിജയൻ, ശ്രീവിദ്യ എടക്കണ്ടത്തിൽ, എ.വി. റഷീദ്, മുജീബ് റഹ്മാൻ പരേറ്റ, ചിറക്കൽ രാജൻ, ബേബി കുമാരി, ഫാത്തിമ സുഹറ പ്രസംഗിച്ചു. എൻ.എസ്.എസ് വളണ്ടിയർമാർക്കുള്ള സർട്ടിഫിക്കറ്റുകൾ ചെയർപേഴ്സൺ കൈമാറി.



മഞ്ചേരിയെ രാജ്യത്തെ ആദ്യത്തെ യു.ഡി.ഐ.ഡി നഗരസഭയായി അഡ്വ. യു.എ. ലത്തീഫ് എം.എൽ.എ പ്രഖ്യാപിക്കുന്നു.

## കാര്യവട്ടം ഇടിമുറി മർദനത്തിൽ എസ്.എഫ്.ഐക്ക് അനുകൂലമായ അന്വേഷണ റിപ്പോർട്ട്

തിരുവനന്തപുരം: വിവാദമായ കാര്യവട്ടം കാമ്പസിലെ ഇടിമുറി മർദ്ദനത്തിൽ അന്വേഷണ സമിതിയുടെ റിപ്പോർട്ട് ഇടിമുറി മർദനമെന്ന ആരോപണം തെറ്റെന്നാണ് വി.സിയുടെ നിർദേശ പ്രകാരം രജിസ്ട്രാർ നിയമിച്ച സമിതിയുടെ റിപ്പോർട്ടിൽ പറയുന്നത്. മർദ്ദനത്തിന് ഇരയായ കെഎസ്‌യു നേതാവ് സാൻജോസിനെ മുറിയിൽ കൊണ്ടുപോയി മർദ്ദിച്ചിട്ടില്ലെന്നും അന്വേഷണ സമിതി പറയുന്നു. അതേസമയം കുറ്റക്കാരായ എസ്എഫ്ഐക്കാരെ സംരക്ഷിക്കുന്ന തരത്തിലാണ് ഇടത് സംഘടനയിൽപ്പെട്ടഅധ്യാപകർ തയാറാക്കിയ റിപ്പോർട്ടെന്ന് കെഎസ്‌യു ആരോപിച്ചു.സാൻജോസ് നൽകിയ മൊഴി പോലും മുഖവിലക്കെടുക്കാതെ ഇരയുടെ മൊഴി അട്ടിമറിച്ച് യാതൊരു തരത്തിലുള്ള മർദ്ദനവും ഏറ്റിട്ടില്ലായെന്നും ഇടിമുറിയിൽ കൊണ്ട്പോയിട്ടില്ലായെന്നും അങ്ങനെ ഇടിമുറി പോലുമില്ലെന്നുമാണ് റിപ്പോർട്ട് നൽകിയത്. ഇതിലൂടെ ഒരു വിഭാഗം അധ്യാപകർ കാമ്പസുകളിൽ വളർന്നുവരുന്ന എസ്എഫ്ഐ ലഹരി മാഫിയാ സംഘത്തിന് ഒത്താശ ചെയ്യുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ തകർച്ചയിൽ സർക്കാർ–എസ്.എഫ്ഐ-ഇടത് അധ്യാപക സംഘടനകളുടെ പങ്ക് ഒരുപോലെ വ്യക്തമാകുകയാണ്. ക്രിമിനലുകളിൽനിന്നും വിദ്യാർത്ഥികൾക്ക് നീതി ലഭ്യമാക്കില്ലെങ്കിൽ ശക്തമായ സമരവുമായി മുന്നോട്ടുപോകുമെന്നും കെഎസ്‌യു തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഗോപു നെയ്യാർ പറഞ്ഞു.

## പ്രതിപക്ഷ നേതാവ് സഞ്ചരിച്ച കാർ അപകടത്തിൽ

കാഞ്ഞങ്ങാട്: പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സഞ്ചരിച്ച കാർ ബേക്കൽ പള്ളിക്കരയിൽ അപകടത്തിൽപ്പെട്ടു. കൊല്ലൂർ ക്ഷേത്രദർശനത്തിന് പോകുന്നതിനിടെ ശനിയാഴ്ച വൈകിട്ടാണ് അപകടം.

എസ്കോർട്ട് വന്ന പൊലിസ് വാഹനത്തിന്റെ പിറകിലടിച്ചാണ് അപകടമുണ്ടായത്. പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വാഹനത്തിന്റെ മുൻഭാഗം പൂർണമായും തകർന്നു. ആർക്കും പരിക്കില്ല.



പ്രതിപക്ഷ നേതാവ് സഞ്ചരിച്ച കാർ ബേക്കലിൽ അപകടത്തിൽപ്പെട്ടപ്പോൾ

## പൊലീസ് സംരക്ഷണത്തിലും അക്രമം
# കെ.എസ്.യു പ്രവർത്തകരെ അടിച്ചൊതുക്കി കണ്ണൂർ സർവകലാശാലയിൽ എസ്.എഫ്.ഐ

കണ്ണൂർ: ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പൊലീസ് സംരക്ഷണത്തിൽ നടന്ന കണ്ണൂർ സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പിൽ എസ്.എഫ്.ഐ അക്രമം. കെ.എസ്.യു പ്രവർത്തകരുടെ തിരിച്ചറിയൽ രേഖകൾ തട്ടിയെടുത്തും ആക്രമണവും ഭീഷണിയുമായി അഴിഞ്ഞാടുകയായിരുന്നു എസ്.എഫ്.ഐ.

എതിർവിദ്യാർഥി സംഘടനകളെ ആക്രമണത്തിലൂടെ നേരിട്ട തിരഞ്ഞെടുപ്പിൽ എട്ട് സീറ്റിലും എസ്.എഫ്.ഐക്ക് ജയം. കണ്ണൂർ താവക്കരയിലെ സർവകലാശാല ആസ്ഥാനത്താണ് തിരഞ്ഞെടുപ്പ് നടന്നത്. എം.എസ്.എഫും കെ.എസ്.യുവും ഉൾപ്പെട്ട യു.ഡി.എസ്.എഫും എസ്.എഫ്.ഐയും തമ്മിലായിരുന്നു പോരാട്ടം. രാവിലെ പത്തിന് വോട്ടെടുപ്പ് ആരംഭിച്ചയുടൻതന്നെ എസ്.എഫ്.ഐ അക്രമം തുടങ്ങിയിരുന്നു. കനത്ത പൊലീസ് സുരക്ഷയിലായിരുന്നു തിരഞ്ഞെടുപ്പ് നടന്നത്. എന്നാൽ പൊലീസ് സംരക്ഷണത്തിനിടയിലും കെ.എസ്.യു പ്രവർത്തകരുടെ തിരിച്ചറിയൽ രേഖകൾ തട്ടിയെടുത്തും ഭീഷണിപ്പെടുത്തിയും അടിച്ചൊതുക്കുകയായിരുന്നു എസ്.എഫ്.ഐ. ഇതോടെ വിദ്യാർഥികൾ തമ്മിൽ സംഘർഷമുണ്ടായി. കണ്ണൂർ സർവകലാശാക്കുകീഴിൽ കാസർകോട് കോളജുകളിൽ പഠിക്കുന്ന കെ.എസ്.യു പ്രവർത്തകരുടെ തിരിച്ചറിയൽ രേഖകൾ തട്ടിപ്പറിച്ച് ഓടിയതോടെയാണ് വാക്കേറ്റവും സംഘർഷവുമുണ്ടായത്. കള്ളവോട്ട് ചെയ്യാനുള്ള എസ്എഫ്ഐ ശ്രമം എം.എസ്.എഫ്, കെ.എസ്.യു സഖ്യം ചോദ്യം ചെയ്തതും ഏറ്റുമുട്ടലിനിടയാക്കി. അതേസമയം എം.എസ്.എഫ് പാനൽ വിജയിച്ച യു.യു.സിയുടെ തിരിച്ചറിയൽ രേഖ വ്യാജമല്ലെന്നും യു.ഡി.എസ്.എഫിന് തെളിയിക്കാനായി. വിദ്യാർത്ഥിനിയുടെ വീട്ടിലേക്ക് ഫോൺ ചെയ്തും വീഡിയോ കോളിലൂടെയുമാണ് ഇത് തെളിയിച്ചത്. വിദ്യാർത്ഥിനി പഠിക്കുന്ന കോളജിലെ അധ്യാപകരെയും വീഡിയോ കോളിൽ ബന്ധപ്പെട്ട് സുതാര്യത ഉറപ്പാക്കാനായി. സമാധാനപരവും ജനാധിപത്യപരവുമായ രീതിയിൽ തിരഞ്ഞെടുപ്പ് നടത്താൻ പൊലീസ് സംരക്ഷണം നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. യു.യു.സിമാരിൽ ഒരാളുടെ ഹരജിയെ തുടർന്നാണ് നടപടി.

ഗൾഫ് ചന്ദ്രിക
വാരാന്തപ്പതിപ്പ്
2024 ജൂലായ് 7 ഞായർ





# ഇബ്നു ബത്തൂത്തയുടെ നാട്ടിൽ





അനസ് ഹുദവി കരേക്കാട്



പ്രകൃതിഭംഗി വരദാനമായി ലഭിച്ച ഉത്തരാഫ്രിക്കൻ രാജ്യമായ മൊറോക്കോയിലെ തന്ത്രപ്രധാനമായ നഗരമാണ് ടാൻജിയർ. വടക്ക് മെഡിറ്ററേനിയനും പടിഞ്ഞാറ് അറ്റ്ലാന്റിക് സമുദ്രവും അതിർത്തിപങ്കിടുന്ന നാട്. കനമുള്ള ചരിത്രശേഷിപ്പുകളെ മാറോട് ചേർക്കുമ്പോഴും പുരോഗമനത്തിന്റെ നവമാതൃകകളെ സ്വാഗതം ചെയ്യുന്ന പ്രദേശം. പ്രാചീന നിർമിതികളും പരമ്പരാഗത കച്ചവട രീതികളും കടലിന്റെ ആകാശനീലിമയും അംബരചുംബികളായ കെട്ടിടങ്ങളും ഈ വൈചാത്യത്തിന്റെ നിദർശനമാണ്. ലോക സഞ്ചാരി ഇബ്നു ബത്തൂത്തയുടെ പാദസ്പർശമേറ്റ മണ്ണ്. ഹിറാക്കുലിസ് ഭജനമിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന ഗുഹയും റോമക്കാരുടെ ശവകുടീര കേന്ദ്രവുമെല്ലാം ചരിത്രത്തിൽ ഈ നാടിന്റെ പ്രാധാന്യവും സംസ്കാരിക വൈവിധ്യവും ഉദ്ഘോഷിക്കുന്നു.

റബാത്തിലെ മുഹമ്മദ് സിക്സ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉപരിപഠനം നടത്തുന്ന മലയാളി വിദ്യാർഥികളായ ഞങ്ങളുടെ സ്വപ്നമായിരുന്നു ടാൻജിയർ സന്ദർശനം. നീണ്ട പെരുന്നാൾ അവധിയിൽ യാത്ര പ്ലാൻ ചെയ്തു. മൊറോക്കോക്കാരായ ഞങ്ങളുടെ ചില സുഹൃത്തുക്കളുടെ നാടും ടാൻജിയറായതിനാൽ മറിച്ചൊന്നും ആലോചിച്ചില്ല. രണ്ടാം പെരുന്നാളിന് രാവിലെ എട്ടിന് പുറപ്പെടുന്ന ആദ്യത്തെ ബസിൽ തന്നെ ഞങ്ങൾ യാത്രയാരംഭിച്ചു. തൊട്ടുരുമ്മി നിൽക്കുന്ന വലിയ കെട്ടിടങ്ങൾ പിന്നിടുമ്പോൾ റബാത്തിന്റെ നഗരാതിർത്തി പിന്നിട്ടെന്ന്, അടിച്ചുവീശിയ തണുത്ത കാറ്റ് പറയുന്നുണ്ടായിരുന്നു. ഇനി മരുഭൂമിക്ക് സമാനമായി, മൂടൽമഞ്ഞ് പുതച്ച് വിശാലമായി പരന്നുകിടക്കുന്ന കൃഷിപ്പാടങ്ങളാണ്. അതിലധികവും ഒലീവ് മരങ്ങളാണ്. ഓറഞ്ചും ആപ്പിളും അത്തിപ്പഴവുമെല്ലാം വ്യാപകകൃഷികളാണ്. മനോഹരവും ആധുനികവുമായ നിരപ്പാതയിൽ ഇരുന്നുറ്റി അമ്പതോളം കിലോമീറ്റർ ദൂരം മൂന്ന് മണിക്കൂറിനുള്ളിൽ താണ്ടി പതിനൊന്ന് മണിയോടെ ടാൻജിയർ ബസ്റ്റാന്റിലെത്തി. ബസിറങ്ങി അഞ്ച് മൊറോക്കോൻ ദിർഹം നൽകി ഹയ്യ് ത്വിത്വാനിലെത്തി. ടാൻജിയറിൽ നിന്ന് അൽപം ഉൾപ്രദേശമായ ഫിദാൻ ശാപു താഴ്വരയിൽ താമസിക്കുന്ന ബിലാൽ ഇസ്മീസമ് അവിടെ ഞങ്ങളെ സ്വീകരിക്കാനെത്തുമെന്ന് അറിയിച്ചിരുന്നു.

സമുദ്രനിരപ്പിൽ നിന്ന് ആയിരം മീറ്റർ ഉയരത്തിൽ തലയുയർത്തി നിൽക്കുന്ന ടാൻജിയർ നഗരം ലോക സഞ്ചാരികളെ മാടിവിളിക്കുകയാണ്. ഉയർന്ന സ്ഥലം എന്ന അർത്ഥം വരുന്ന തിൻഗീർ എന്ന പദത്തിൽ നിന്നാണ് ടാൻജിയർ നിഷ്പന്നമായതെന്ന് ചരിത്രകാരൻ അഹ്മദ് തൗഫീഖ് അഭിപ്രായപ്പെടുന്നു. പത്ത് ലക്ഷം ജനസംഖ്യയുമായി രാജ്യത്തെ മൂന്നാമത്തെ പ്രമുഖ പട്ടണമായി മാറിയിരിക്കുകയാണ് ടാൻജിയർ. ബി.സി പത്താം നൂറ്റാണ്ടിലേക്ക് നീളുന്ന ചരിത്രം കൗതുകകരവും അതിശയിപ്പിക്കുന്നതുമാണ്. ഫിനീഷ്യസ്, ഗ്രീക്ക്, റോമ, സ്പാനിഷ്, ഫ്രഞ്ച് തുടങ്ങിയ അധിനിവേശ ഭരണകൂടങ്ങൾക്ക് കീഴിൽ വന്ന പ്രദേശം ഏറെക്കാലം ഇദ്രീസികൾ, മരീനികൾ, മുവഹ്ഹിദുകൾ തുടങ്ങിയ ഇസ്ലാമിക ഭരണകൂടങ്ങൾക്ക് അധീനതയിലായി. നിലവിൽ ഭരണ ചെങ്കോലേന്തുന്ന അലവിയ്യ ഭരണാധികാരി മുഹമ്മദ് ആറാമന്റെ ഭരണത്തിന് കീഴിൽ

**സമുദ്രനിരപ്പിൽ നിന്ന് ആയിരം മീറ്റർ ഉയരത്തിൽ തലയുയർത്തി നിൽക്കുന്ന ടാൻജിയർ നഗരം ലോക സഞ്ചാരികളെ മാടിവിളിക്കുകയാണ്. പത്ത് ലക്ഷം ജനസംഖ്യയുമായി രാജ്യത്തെ മൂന്നാമത്തെ പ്രമുഖ പട്ടണമായി മാറിയിരിക്കുകയാണ് ടാൻജിയർ. ബി.സി പത്താം നൂറ്റാണ്ടിലേക്ക് നീളുന്ന ചരിത്രം കൗതുകകരവും അതിശയിപ്പിക്കുന്നതുമാണ്. പ്രകൃതിഭംഗി വരദാനമായി ലഭിച്ച ഉത്തരാഫ്രിക്കൻ രാജ്യമായ മൊറോക്കോയിലെ തന്ത്രപ്രധാനമായ നഗരമാണ് ടാൻജിയർ. ലോക സഞ്ചാരി ഇബ്നു ബത്തൂത്ത അന്തിയുറങ്ങുന്ന മണ്ണ്.**





പട്ടണം പൂർവപ്രതാപത്തോടെ നിലനിൽക്കുകയാണ്.

സുഹൃത്ത് ബിലാൽ എത്താൻ വൈകിയതോടെ സിരിയൻ പള്ളിയിൽ ളുഹ്റ് നിസ്കരിക്കാൻ കയറി. വിശാല വിസ്തൃതിയിൽ അതിശയിപ്പിക്കുന്ന കരകൗശല വിദഗ്ധതയും രൂപഭംഗിയും വിളിച്ചോതുന്നുണ്ട് മൊറോക്കോയിലെ ഓരോ പള്ളിയും. അതിസൂക്ഷ്മമായ സെല്ലിജ് ഡിസൈനിംഗിൽ നിർമിക്കപ്പെട്ട പള്ളികൾ തന്നെ കാഴ്ചാവിസ്മയമാണ്. ഔഖാഫിന്റെ നിയമമുള്ളതിനാൽ ജമാഅത്ത് നിസ്കാരാനന്തരം പള്ളികൾ അടച്ചിടുന്ന പതിവുണ്ടിവിടെ. നിസ്കാരം നിർവഹിച്ച് പുറത്തിറങ്ങിയപ്പോഴേക്കും ബിലാൽ പുറത്ത് കാത്തുനിൽക്കുന്നുണ്ടായിരുന്നു.

ടാൻജിയർ പോർട്ട്, സ്പാർതൽ മുനമ്പ്, ഹെർകുലീസ് ഗുഹ, റമില പാർക്ക്, കസബ മ്യൂസിയം, ലല്ലാ അബ്ലാ മസ്ജിദ്, വിശ്വസഞ്ചാരി ഇബ്നു ബത്തൂത്തയുടെ കുടീരം (മഖ്ബറ) തുടങ്ങിയ കാഴ്ചകൾ കണ്ട് രാത്രി കടലിലേക്ക് കാൽനീട്ടി നിൽക്കുന്ന ശിതാൻ ശാപൂ താഴ്വരയിലെ ബിലാലിന്റെ വീട്ടിൽ രാത്രി തലചായ്ക്കണം. ഇതാണ് പ്ലാൻ. ഇവയെല്ലാം കണ്ടുതീരുമോ എന്ന ആശങ്കയുണ്ടായിരുന്നെങ്കിലും ഞങ്ങളുടെ നിശ്ചയദാർധാർഢ്യവും ബിലാലിന്റെ ചടുലതയും സമം ചേർന്നപ്പോൾ ഏറെക്കുറെ എത്തിപ്പിടിക്കാനായി.

## ടാൻജിയർ തുറമുഖം

ജിബ്രാൾട്ടർ കടലിലിടുക്കിന്റെ കവാടത്തിൽ, സ്പാർതൽ, മലാബട്ട മുനമ്പുകളുടെ മധ്യഭാഗത്തെ മെഡിറ്ററേനിയൻ ഉൾക്കടലിൽ സ്ഥിതി ചെയ്യുന്ന തുറമുഖമാണ് ടാൻജിയർ വീൽ തുറമുഖം. വീൽ എന്നാൽ ഫ്രഞ്ച് ഭാഷയിൽ പട്ടണം എന്നാണർത്ഥം. പോർട്ടിനോട് ചേർന്ന് വിശാലമായ ഹാർബറും കാണാം. തുറമുഖത്തിനഭിമുഖമായി, അങ്ങ് ദൂരെ പതിമൂന്ന് കിലോമീറ്റർ അകലെ സ്പെയിൻ കാണാം. യാത്രക്കാരെ വഹിച്ചുകൊണ്ട് പടുകൂറ്റൻ കപ്പലുകളും ഫെറികളും സ്പെയിനും പോർച്ചുകലും മറ്റ് യൂറോപ്യൻ രാഷ്ട്രങ്ങളും ലക്ഷ്യമാക്കി ഇഴഞ്ഞ് നീങ്ങുന്നത് കാണാം. അങ്ങിങ്ങായി ചെറുതും വലുതുമായ അനേകം കപ്പലുകളും ബോട്ടുകളും നങ്കൂരമിട്ട് നിൽക്കുന്ന കാഴ്ച മനം മയക്കുന്നതാണ്.

## സ്പാർതൽ മുനമ്പ്

ടാൻജിയർ തുറമുഖം കണ്ടാസ്വദിച്ചതിന് ശേഷം സ്പാർതൽ മുനമ്പ് കാണാൻ യാത്ര തിരിച്ചു. അറ്റ്ലാന്റിക് സമുദ്രവും മെഡിറ്ററേനിയൻ കടലും സന്ധിക്കുന്നതവിടെയാണ്. ചരിത്ര സ്മാരകങ്ങൾ കുടികൊള്ളുന്ന ഹെർകുലിസ് ഗുഹ നിലകൊള്ളുന്നതും അവിടെയാണ്. ആറ് പേരെ ഉൾക്കൊള്ളാവുന്ന ടാക്സിയിൽ ഞങ്ങൾ എട്ട് പേരാണ് യാത്ര ചെയ്തത്. മൊറോക്കോയിൽ രണ്ട് തരം ടാക്സികളാണുള്ളത്. ഡ്രൈവറുൾപ്പെടെ നാല് പേർക്ക് യാത്ര ചെയ്യാവുന്ന കാർ ടാക്സികളും ആറാളുകളെ വഹിക്കുന്ന വാൻ ടാക്സികളും. നിയമം കർശനമായതിനാൽ പൊതുവെ എല്ലാവരും കണിശമായി അനുസരിച്ച് പോരുന്നു. മൊറോക്കോയിലെ ഓരോ നഗരത്തിലെ ടാക്സികൾക്കും പ്രത്യേക നിറമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ടാൻജിയറിൽ ഇളം മഞ്ഞ നിറമാണുള്ളത്.

ഏകദേശം ഒരുമണിയോടെ ഞങ്ങൾ ലക്ഷ്യസ്ഥാനത്തെത്തി. മെഡിറ്ററേനിയൻ കടൽ കിഴക്ക് ഭാഗത്തേക്കും അറ്റ്ലാന്റിക് പടിഞ്ഞാറ് ഭാഗത്തേക്കുമായി അടയാളപ്പെടുത്തിയ ആരോമാർക്കിന് മുമ്പിൽ വെച്ച് സഞ്ചാരികൾ ഫോട്ടോയെടുക്കുന്നു. ഇരുനൂറ് മീറ്റർ അകലെ മുനമ്പിന്റെ വടക്ക് പടിഞ്ഞാറ് അറ്റത്ത് 326 അടി ഉയരത്തിൽ ആകർഷകമായ ലൈറ്റ് ഹൗസ് കാണാം. 1864ൽ അലവിയ്യ ഭരണാധികാരി മുഹമ്മദ് നാലാമൻ പണികഴിപ്പിച്ചതാണിത്. ഇന്ത്യൻ കറൻസിക്ക് പിറകിൽ റെഡ്ഫോർട്ട്, സാൻചി സ്തൂപം തുടങ്ങിയ ചിത്രങ്ങളെപ്പോലെ ഇരുന്നൂറ് ദിർഹമിന്റെ മൊറോക്കൻ നോട്ടിന് പിറകിൽ അച്ചടിച്ച് വരുന്ന ചിത്രം ഈ ലൈറ്റ് ഹൗസിന്റേതാണ്.

## ഹെർക്കുലീസ് ഗുഹ

മുനമ്പിൽ ആശ്ചര്യം ജനിപ്പിക്കുന്ന കാഴ്ച ഹെർക്കുലീസ് ഗുഹയാണ്. ഗ്രീക്ക് പുരാണകഥകളിലെ അതിമാനുഷ ശക്തിയുള്ള യോദ്ധാവായിരുന്ന ഹെർക്കുലീസ് അറ്റ്ലസ് പർവത നിരയിലേക്കുള്ള യാത്രയിൽ അഭയം തേടിയത് ഈ ഗുഹയിലായിരുന്നുവെന്നാണ് ഐതിഹ്യം. 1906ൽ കണ്ടെടുക്കപ്പെട്ട ഗുഹക്ക് പൗരാണിക കാലം മുതലുള്ള ചരിത്ര ബന്ധമുണ്ട്. പ്രകൃതിയുടെ പ്രതിഭാസമാണെന്നും ആദിമനിവാസികളായിരുന്ന ബർബരികൾ കല്ല് ഖനനം ചെയ്ത് രൂപപ്പെട്ടതാണെന്നും പറയപ്പെടുന്നു. ഗുഹയുടെ ഒരറ്റം ഭൗമോപരിതലത്തിലാണെങ്കിൽ മറുതല അറ്റ്ലാന്റിക് സമുദ്രത്തിലേക്കാണ്. അതിസങ്കീർണമായ കൊത്തുപണികളാൽ നിർമിതമായ ഗുഹ അൽഭുതക്കാഴ്ചയാണ്.

## റോമൻ ശ്മശാനവും ഖസബ മ്യൂസിയവും

സ്പാർതൽ മുനമ്പിൽ നിന്ന് നേരെ റമല പാർക്കിലേക്ക് പോകാനായിരുന്നു ആസൂത്രണം ചെയ്തിരുന്നതെങ്കിലും പാർക്കുകളും ഫോറസ്റ്റുകളും സാർവത്രികമായതിനാൽ ടാൻജിയറിന്റെ പൈതൃക ശേഷിപ്പുകൾ കേന്ദ്രീകരിച്ചുള്ള യാത്രക്ക് ഊന്നൽ നൽകാൻ തീരുമാനിച്ചു. അലവിയ്യ ഭരണാധികാരിയായിരുന്ന മൗലായ് ഇസ്മാഈൽ പണികഴിപ്പിച്ച ഖസബ (കോട്ട)യും പഴയ പട്ടണവും ഞങ്ങളെ സ്വാഗതം ചെയ്യുന്നുണ്ടായിരുന്നു. വഴിയിൽ റോമൻ കാലഘട്ടത്തിലെ ശവകുടീരങ്ങൾ അടക്കം ചെയ്ത സ്ഥലം അതിശയോക്തിയുളവാക്കി. ഉറച്ച പാറക്കെട്ടുകളെ ചതുർഭുജാകൃതിയിൽ കൊത്തിയെടുത്ത് നിർമിക്കപ്പെട്ട കുടീരം ഖസബയോട് ചാരിനിൽക്കുകയാണ്. നിലാവ് രാവിനോട് കിന്നാരം പറയുന്ന ആ രാത്രിയിൽ എതിർദിശയിൽ പാനീസ് വിളക്കിന്റെ ഇളം മഞ്ഞ നിറത്തിൽ ടാൻജിയർ തുറമുഖം നൃത്തം ചവിട്ടുകയാണ്.

കടലിനോടഭിമുഖമായി നിൽക്കുന്ന നഗരങ്ങളെ കോട്ടകെട്ടി സംരക്ഷിക്കുന്ന രീതി എല്ലാ മൊറോക്കോ ഭരണാധികാരികൾക്കുമുണ്ടായിരുന്നു. ആയിനത്തിലാണ് ടാൻജിയറിലെ ഖസബയും പെടുക. നൂറ്റാണ്ടുകൾക്ക് മുമ്പ് പണികഴിപ്പിക്കപ്പെട്ട കോട്ടയുടെ സങ്കീർണമായ നിർമിതിയും എഞ്ചിനീയറിംഗുമാണ് നമ്മെ അൽഭുതപ്പെടുത്തുന്നത്. ഗാംഭീര്യത്തോടെ നെഞ്ചുവിരിച്ച് ആരെയും നേരിടാൻ സന്നദ്ധമായി നിൽക്കുന്ന കവാടവാതിലുകൾ തന്നെ കോട്ടയുടെ പ്രൗഢിയറിയിക്കുന്നു. പഴയ നഗരത്തിന്റെ (ഓൾഡ് മദീന) ഓരോ ഭാഗങ്ങളും കോഫി ഷോപ്പുകളും ഫുഡ് സ്ട്രീറ്റും കടകളുമായി നവീകരിക്കപ്പെട്ടിരിക്കുന്നു. സഞ്ചാരികളെ ആകർഷിക്കുന്നതിനായി സോവനീർ ശേഖരങ്ങളടങ്ങിയ ആന്റിക് ഷോപ്പുകൾ, മൊറോക്കൻ തോൽ ഉൽപന്നങ്ങൾ, കൈത്തറി വസ്ത്രങ്ങൾ തുടങ്ങിയവ ധാരാളമുണ്ടിവിടെ.

## ഇബ്നു ബത്തൂത്തയുടെ കുടീരം

ഖസബയുടെ ഓരംചാരി നിൽക്കുന്ന ഇടവഴികളിലൂടെ നടന്ന് നീങ്ങിയാൽ സുപ്രസിദ്ധ സഞ്ചാരി ഇബ്നു ബത്തൂത്തയുടെ കുടീരം കാണാം. പഴയ കുടിലുകൾക്കിടയിലൂടെ ഇടുങ്ങിയ നടപ്പാതയിലൂടെയാണ് നടന്നുനീങ്ങേണ്ടത്. തലങ്ങും വിലങ്ങും വഴികളായതിനാൽ ലക്ഷ്യം കാണാൻ അൽപം പ്രയാസം നേരിടുന്നതിനാൽ ഗൈഡിനെ അവലംബിക്കാറാണ് പതിവ്. മുമ്പ് അവിടെ സന്ദർശിച്ചിരുന്ന ഒരു മലയാളി യൂട്യൂബറുടെ വ്ളോഗ് കണ്ടിരുന്ന സുഹൃത്ത് ആബിദ് ഹുസൈന് ആ ദുർഘട പാത പെട്ടെന്ന് മനസ്സിലായി. വളവും തിരിവും താണ്ടി അൽപം മുന്നോട്ട് പോയപ്പോൾ ഒരു വേള ഞങ്ങളുടെ പറനക്കാലത്തെ ഉൾക്കിടിലം കൊള്ളിച്ചിരുന്ന ഇബ്നു ബത്തൂത്തയുടെ ഖബറിടം കൺമുമ്പിൽ പ്രത്യക്ഷ്യപ്പെട്ടു. മനസ്സിൽ കുളിര് വീശി. അതിവൈകാരികമായ ആ നിമിഷത്തെ എഴുതി പ്രതിഫലിപ്പിക്കുക അസാധ്യം.

ശംസുദ്ദീൻ അബു അബ്ദില്ലാ മുഹമ്മദ് ബ്നി അബ്ദില്ലാഹി ബ്നി മുഹമ്മദ് ബിനി ഇബ്റാഹീം എന്ന ഇബ്നു ബത്തൂത്ത 1304 ഫെബ്രുവരി 25 ന് ടാൻജിയറിൽ ജനിച്ചു. തന്റെ ഇരുപത്തിയൊന്നാം വയസ്സിൽ ഹജ്ജ് ചെയ്യാൻ പുറപ്പെട്ട യാത്ര ഇരുപത്തിയഞ്ച് വർഷം നീണ്ട ലോക പര്യടനമായി കലാശിച്ചു. ഈ കാലയളവിൽ ഇന്ത്യയും വിശിഷ്യ മലബാറിന്റെ വ്യത്യസ്ത ഭാഗങ്ങളും സന്ദർശിച്ചു. ഡൽഹി സുൽത്താനായിരുന്ന മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ ഉപദേഷ്ടാവായി പ്രവർത്തിച്ച അദ്ദേഹം രാഷ്ട്ര നിർമിതിയുടെ സുപ്രധാനമായ തീരുമാനങ്ങളിൽ ഭാഗധേയത്വം നിർവഹിച്ചു. അക്കാലത്തെ പ്രമുഖ വാണിജ്യ തുറമുഖമായിരുന്ന കോഴിക്കോടിന്റെ വിലപ്പെട്ട ചരിത്രം 'രിഹ്‌ലത്തു ഇബ്നു ബത്തൂത്ത' എന്നറിയപ്പെടുന്ന 'തുഹ്ഫത്തുന്നുള്ളാർ ഫീ ഗറാഇബിൽ അംസാർ വഅജാഇബിൽ അസ്ഫാർ' എന്ന യാത്രാവിവരണത്തിൽ ലഭ്യമാണ്. യാത്രാമർഗങ്ങൾ ദുർഘടമായ അക്കാലത്ത് അദ്ദേഹം 117000 കിലോമീറ്റർ ദൈർഘ്യമുള്ള യാത്ര നടത്തിയെന്നറിയുമ്പോഴാണ് നമ്മളിൽ അദ്ദേഹത്തോടുള്ള മതിപ്പും ബഹുമാനവും ഏറിവരുക. എല്ലാ ഇസ്ലാമിക രാജ്യങ്ങളും ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ വടക്ക്, പടിഞ്ഞാറുമുള്ള ഭാഗങ്ങൾ, കിഴക്കൻ യൂറോപ്പ്, പശ്ചിമേഷ്യൻ രാജ്യങ്ങൾ, ഇന്ത്യൻ ഉപഭൂഖണ്ഡം, മധ്യേഷ്യ, ദക്ഷിണപൂർവേഷ്യ, ചൈന തുടങ്ങിയ പ്രദേശങ്ങളാണ് ഈ ഇരുപത്തിയഞ്ച് വർഷം കൊണ്ട് അദ്ദേഹം സന്ദർശിച്ചത്.

മഖ്ബറയുടെ സമീപമുള്ള ഫലകത്തിൽ കോഴിക്കോട് എന്ന് രേഖപ്പെടുത്തിയത് കണ്ടപ്പോൾ ഞങ്ങൾ ഹർഷപുളകിതരായി. നമ്മുടെ വ്യവഹാര മണ്ഡലങ്ങളിൽ പെടുന്ന ഒരു പ്രദേശം അങ്ങ് ദൂരെ പതിനൊന്നായിരം കിലോമീറ്റർ അകലെ പ്രദർശിപ്പിക്കപ്പെട്ടുകാണുമ്പോൾ ആരും നിർവൃതികൊള്ളും. സുഹൃത്ത് ബിലാലിനോട് ഞങ്ങൾ ബത്തൂത്തയുടെ അപദാനങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കുകയായിരുന്നു.

ഖബർ സിയാറത്തും ഫോട്ടോയെടുപ്പും കഴിഞ്ഞ് ലല്ലാ അബ്‌ലാ മസ്ജിദിൽ ഇശാഅ് നിസ്കാരം ലക്ഷ്യമാക്കി നടന്നു. ഇമ്പമേറും ശബ്ദമാധുരി കൊണ്ട് ശ്രവണപുടങ്ങളെ ആനന്ദതന്തുലിതമാക്കിയ ഖുർആൻ പാരായണത്തിൽ ലയിച്ചുചേർന്നു. നിസ്കാരശേഷം ഇമാമിനെ കണ്ടു സംസാരിച്ചു.

പിന്നീട് ഫിദാൻ ശാംപു താഴ്വരയിൽ അന്തിയുറങ്ങാനായി ഞങ്ങൾ നടന്നു. ഒരു ദിവസത്തെ സംതൃപ്തമായ യാത്രയുടെ നിർവൃതിയിൽ സന്തോഷിച്ചും ആഹ്ലാദിച്ചും.

ശേഷം പേജ് 3





ഇരട്ടവര 39 ലോകസാഹിത്യ സഞ്ചാരം

ജേക്കബ് എബ്രഹാം

# ഓറഞ്ചിന്റെ അഞ്ചിലൊന്ന്

*സന്തോഷം ഒരു ഗ്ലാസ് ചൂട് ചോക്കലെറ്റ് പാനീയം പോലെയാണ്. ഹൃദയത്തിന് മധുരവും സന്തോഷവും അത് പകരുന്നു.*
*- ജൊവാൻ ഹാരിസ്*

സമകാലിക ലോക സാഹിത്യത്തിലെ ശ്രദ്ധേയയായ സ്ത്രീ എഴുത്തുകാരികളിൽ ഒരാളാണ് ജൊവാൻ ഹാരിസ്. ഇംഗ്ലീഷ് ഫ്രഞ്ച് എഴുത്തുകാരിയായ ജൊവാൻ സ്ത്രീപക്ഷ രചനകളിലൂടെ ലോകസാഹിത്യത്തിൽ തന്റെ സ്ഥാനമുറപ്പിച്ച എഴുത്തുകാരിയാണ്.

'ചോക്കലേറ്റ്' എന്ന നോവലിലൂടെയാണ് എഴുത്തുകാരി പ്രശസ്തിയിലേക്ക് കുതിച്ചുകയറുന്നത്. മാജിക്കൽ റിയലിസം/ത്രില്ലർ/ഫാന്റസി/ഹിസ്റ്റോറിക്കൽ ഫിക്ഷൻ തുടങ്ങി ഒരു നോവലിസ്റ്റിന് സഞ്ചരിക്കാൻ കഴിയുന്ന വഴികളിലൂടെയെല്ലാം നടന്ന് നിരവധി നോവലുകൾ എഴുതി.

ജൊവാനിന്റെ നോവലുകളിൽ സ്വത്വവാദ രാഷ്ട്രീയത്തിന്റെ ശക്തമായ അടിയൊഴുക്കുകൾ നിരൂപകർ വായിച്ചെടുക്കുന്നു.

"എന്റെ എഴുത്തുകളിൽ ആർക്കും സ്പർശിക്കാൻ കഴിയാത്ത അബോധതലങ്ങളിലെ പെൺമയെ കണ്ടെത്താനാണ് ഞാൻ ശ്രമിക്കുന്നത്. പുരുഷാധിപത്യ ലോകത്ത് സ്വത്വ രാഷ്ട്രീയത്തിന്റെ പ്രസക്തി വർധിക്കുകയാണ്"- എഴുത്തുകാരി പറയുന്നു.

നോവൽ പ്രമേയങ്ങൾക്ക് എന്തും വിഷയമാവാം എന്നതിന് പലപ്പോഴും വിദേശ നോവലുകൾ വായിക്കേണ്ടിവരും. ലോക സാഹിത്യത്തിലേക്ക് തന്നെ നല്ല നോവലുകൾക്കായി പരതേണ്ടിവരും.

ജൊവാൻ ഹാരിസിനെ കുറിച്ച് കേൾക്കുന്നത് ഗാർഡിയൻ റിവ്യൂവിൽ നിന്നാണ്. ബോൾഡായ വിഷയങ്ങൾ കണ്ടെത്തി ഫിക്ഷൻ സൃഷ്ടിക്കുന്ന മാന്ത്രികത എന്ന് റിവ്യൂ എഴുത്തുകാരൻ എഴുതി കണ്ടപ്പോൾ കണ്ടംപററി ലോക സാഹിത്യം വായിക്കുന്ന ഒരാൾ എന്ന നിലയിൽ എന്നിലെ വായനക്കാരൻ ഉണർന്നു.

**'ഓറഞ്ചിന്റെ അഞ്ചിലൊന്ന്' ജൊവാൻ ഹാരിസിന്റെ ഏറെ ശ്രദ്ധേയമായ നോവലുകളിലൊന്നാണ്. മനുഷ്യ സമൂഹത്തിന്റെ തലമുറകളിലൂടെയുള്ള അമ്മയും മകളും തമ്മിലുള്ള ബന്ധത്തിന്റെ ഇഴയടുപ്പമാണ് ഈ നോവലിന്റെ പ്രത്യേകത. അത്യന്തം രാഷ്ട്രീയ പ്രാധാന്യമുള്ള ഈ നോവൽ ചരിത്ര സംഭവങ്ങൾ എങ്ങനെയൊക്കെയാണ് വ്യക്തികളുടെ ജീവിതത്തെ തകിടം മറിക്കുന്നതെന്ന് വ്യക്തമാക്കുന്നു.**


ജൊവാൻ ഹാരിസ്


'ഓറഞ്ചിന്റെ അഞ്ചിലൊന്ന്' ജൊവാൻ ഹാരിസിന്റെ ഏറെ ശ്രദ്ധേയമായ നോവലുകളിലൊന്നാണ്. മനുഷ്യ സമൂഹത്തിന്റെ തലമുറകളിലൂടെയുള്ള അമ്മയും മകളും തമ്മിലുള്ള ബന്ധത്തിന്റെ ഇഴയടുപ്പമാണ് ഈ നോവലിന്റെ പ്രത്യേകത.

ചോക്കലേറ്റ് എന്ന നോവലിലൂടെ രുചിയും മനുഷ്യബന്ധങ്ങളും വിശിഷ്യ പെൺലോകവും തമ്മിലുള്ള ഓർമകളെ കോർത്തിണക്കി ഫിക്ഷനിൽ മാന്ത്രികത സൃഷ്ടിക്കുന്ന രീതിയാണ് എഴുത്തുകാരി ഈ നോവലിലും പ്രയോഗിച്ചിരിക്കുന്നത്. അത്യന്തം രാഷ്ട്രീയ പ്രാധാന്യമുള്ള ഈ നോവൽ ചരിത്ര സംഭവങ്ങൾ എങ്ങനെയൊക്കെയാണ് വ്യക്തികളുടെ ജീവിതത്തെ തകിടം മറിക്കുന്നതെന്ന് വ്യക്തമാക്കുന്നു.

കഥയിലേക്ക് വരാം;

ലോയർ നദീതീരത്തുള്ള തന്റെ തറവാട് വീട്ടിലേക്ക് വിധവയായ ഫ്രാംബോയിസ് തിരിച്ചെത്തുകയാണ്. ഓർമകളുടെ പഴയ വീട്ടിൽ തനിക്കായി ആരും കാത്തിരിക്കാനില്ല. പഴയ പല തിക്താനുഭവങ്ങളുടെയും ദുരന്തങ്ങളുടെയും ഓർമകൾ അവരെ വേട്ടയാടുന്നുണ്ട്. ജർമ്മൻ പട്ടാളത്തിന്റെ കുടിയേറ്റകാലത്ത് സംഭവിച്ച ചില കാര്യങ്ങൾ തന്റെ ജീവിതത്തെ മാറ്റിമറിച്ചത് അവൾ ഓർക്കുന്നു. ജർമ്മൻ പട്ടാളക്കാരനായ യുവാവിനോടുള്ള അനുരാഗം മൂലം അമ്മയും സഹോദരങ്ങളും അവൾക്കെതിരെ നിന്നു. ആ ബന്ധത്തിന്റെ വടുക്കൾ ഇപ്പോഴും അവളുടെ ഓർമകളെ പൊള്ളിക്കുന്നതാണ്. അധിനിവേശ പട്ടാളക്കാരനെ സ്നേഹിച്ചതിന് ശിക്ഷയായി നാട്ടുകാരുടെ ശത്രുത മൂലം വീട് തന്നെ അവൾക്ക് നഷ്ടമാവുന്നു. ആ നാട്ടിൽ നിന്ന് ഓർമകളുമായി അവൾക്ക് പാലായനം ചെയ്യേണ്ടിവന്നു. സഫലമാകാത്ത പ്രണയത്തിന്റെ ദുരന്തം പോലെ മറ്റൊരാളെ വിവാഹം കഴിച്ച് അവൾ മറ്റൊരു നഗരത്തിൽ ജീവിച്ചു. ഭർത്താവിന്റെ മരണശേഷമാണ് ബാല്യത്തിന്റെ സ്മൃതികൾ നിറഞ്ഞ ഭവനത്തിലേക്ക് അവൾ എത്തുന്നത്. അമ്മ ഓർമയായി. സഹോദരങ്ങളുമായി അവൾക്ക് ബന്ധമില്ല.

ഓർമകളുടെ വീട്ടിൽ ഫ്രാംബോയിസ് ഒരു ആഹാരശാല തുറക്കുകയാണ്. ഇതിനിടയിൽ വീട്ടിലെ പഴയ വീഞ്ഞപ്പെട്ടിയിൽ അമ്മയുടെ ഒരു പഴയ റെസിപ്പി ബുക്ക് അവൾ കണ്ടെത്തുകയാണ്. ഈ പഴയ വീടും ഫാമും ഭരിച്ചിരുന്നത് അമ്മയായിരുന്നു. കാസിസ്, റെയ്ൻ എന്ന തന്റെ രണ്ട് സഹോദരങ്ങളെക്കാളും തന്നെക്കാളും അമ്മ സ്നേഹിച്ചിരുന്നത് തന്റെ പഴമരങ്ങളെയായിരുന്നു എന്നോർക്കുന്നുണ്ട് അവൾ. ഓറഞ്ചും പ്ലമ്മും ചെറിയുമൊക്കെ നിറഞ്ഞ പഴത്തോട്ടത്തിൽ അമ്മ അവ പരിപാലിച്ചു കൊണ്ട് നിൽക്കുന്നത് അവൾ ഓർക്കുന്നു. റെസിപ്പി ബുക്കിൽ നിന്ന് കിട്ടിയ രുചികൾ കഫേയിൽ പരീക്ഷിക്കുകയാണ് അവൾ. ഇരുപത് വർഷങ്ങൾക്ക് മുമ്പ് നടന്ന പല സംഭവങ്ങളും അവളെ വേട്ടയാടുന്നുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തിൽ സംഭവിച്ച കാര്യത്തിൽ, താൻ മൂലം ഗ്രാമത്തിൽ പത്ത് പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. വേദനിപ്പിക്കുന്ന ആ ഓർമകളിലൂടെ തന്റെ ജീവിതവും ചുറ്റുപാടുമുള്ള മറ്റ് ജീവിതങ്ങളും മാറിപ്പോയതിൽ അവൾ ഖിന്നയാണ്.




വിധവയായ മധ്യവയസ്ക്കയായ താൻ അമ്മയുടെ മരണശേഷം ഇരുപത് വർഷത്തെ ഇടവേളക്ക് ശേഷം സ്വന്തം വീട്ടിൽ തിരിച്ചെത്തുമ്പോൾ എല്ലാം മാറിയിരിക്കുന്നതായി അവൾ തിരിച്ചറിയുന്നു.

കൗമാരകാലത്ത് അധിനവേശ പട്ടാളക്കാർ വന്നപ്പോൾ അതിലെ ടോമസ് എന്ന യുവ പട്ടാളക്കാരനെ പ്രണയിച്ച കഥ ഒരു ഞെട്ടലോടെ അവൾ ഓർത്തെടുക്കുന്നു. കൗമാരക്കാരിയായ അവൾക്ക് ഓറഞ്ചും ചോക്കലേറ്റും നൽകി പട്ടാളക്കാരൻ പാട്ടിലാക്കുന്നു. അതോടൊപ്പം ഗ്രാമത്തിൽ ഒളിച്ചിരിക്കുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ അവളിൽ നിന്നും ശേഖരിക്കുന്നു. ഒടുവിൽ നിരവധി ആളുകൾക്ക് ജീവൻ നഷ്ടപ്പെടുന്നു. ഗ്രാമത്തിന്റെ ജീവിതം തന്നെ ആ സംഭവത്തോടെ മാറി മറിയുന്നു.

നാടും വീടും മാറി. ഓർമകളും യാഥാർത്ഥ്യവും വേട്ടയാടുമ്പോൾ മകൾ അമ്മയുടെ പാചകക്കുറിപ്പുകളിലൂടെ രുചികൾ തിരിച്ചു പിടിക്കുന്നു. രുചി എന്നാൽ ഓർമയാണോ... ഓർമയെന്നാൽ രുചിയാണോ? എന്ന സംശയത്തിലാണ് അവൾ. അമ്മയുടെ രുചി പുസ്തകത്തിലെ ആ പ്രത്യേക പലഹാരം കഴിക്കാൻ പലരും അവളുടെ കഫേയിൽ എത്താറുണ്ട്. ആ ഓർമകളിലാണ് അവർ. ഒടുവിൽ അമ്മയോടും പട്ടാളക്കാരനായ കാമുകനോടും നടന്ന സംഭവങ്ങളോടും ക്ഷമിക്കാൻ അവൾ തയ്യാറാവുന്നു. ഓർമകൾ അവളെ പീഡിപ്പിക്കുന്നു. അവൾ ഓർമകളെ മനസ്സിൽ കൊരുത്തുവെക്കുന്നു. രുചിയും ഓർമകളും ചേരുമ്പോൾ അവസാനിക്കുന്നത് മധുരമാണോ കയ്പാണോ? അറിയില്ല.

നല്ല നോവൽ എന്നത് ഒരു സ്വപ്നത്തിന് സമാനമാണ്. ഇംഗ്ലീഷ് ഭാഷ ഐസ്ക്രീം പോലെ തോന്നും ഈ നോവലിൽ. അതിമനോഹരമായ ഈ നോവൽ രണ്ടു സമയ ലോകത്തിൽ സഞ്ചരിക്കുന്ന ആഖ്യാനത്തിലൂടെയാണ് സഞ്ചരിക്കുന്നത്.

രുചി എന്നാൽ ഓർമയാണോ? ഓർമയെന്നാൽ രുചിയാണോ എന്ന വലിയ ചോദ്യം ഈ നോവൽ ഉണർത്തുന്നു. ■

പൂനിലാവ്

ഡോ. ഇസ്മയിൽ മരിതേരി

# വിശ്വവിഖ്യാതനായ ദീർഘദർശി

## ബഷീറിനെ ഇതുവരെയും വായിക്കാത്തവർ മലയാളത്തേയും മലയാളികളേയും കൂടുതൽ അറിഞ്ഞിട്ടില്ല



തന്റെ കഥകളിലൂടെയും നോവലുകളിലൂടെയും സമൂഹത്തിൽ മായാത്ത മുദ്ര പതിപ്പിച്ച മലയാള സാഹിത്യത്തിലെ ഏറ്റവും മികച്ച സാഹിത്യകാരന്മാരിൽ പ്രമുഖനാണ് വൈക്കം മുഹമ്മദ് ബഷീർ. ബഷീറിന്റെ ജീവിത കർമങ്ങളും കൃതികളും വിവിധങ്ങളായ മനുഷ്യാവസ്ഥകളോടുള്ള അദ്ദേഹത്തിന്റെ ആഴമേറിയ സഹാനുഭൂതിയുടെയും സാമൂഹിക നീതിക്ക് വേണ്ടിയുള്ള അചഞ്ചലമായ പോരാട്ടത്തിന്റെയും തെളിവാണ്.

തലയോലപ്പറമ്പിലെ എളിമയാർന്ന കുടുംബ പശ്ചാത്തലത്തിൽ വളർന്ന് പലദേശങ്ങളിൽ സഞ്ചരിച്ച് വൈവിധ്യമാർന്ന അനുഭവങ്ങൾ സ്വായത്തമാക്കിയ അദ്ദേഹം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന് ജയിൽവാസം ഉൾപ്പെടെ നിരവധി വെല്ലുവിളികൾ ചെറുപ്പത്തിൽ തന്നെ നേരിട്ടു. ഈ അനുഭവങ്ങൾ അദ്ദേഹത്തിന്റെ ലോകവീക്ഷണത്തെ രൂപപ്പെടുത്തുകയും അദ്ദേഹത്തിന്റെ സാഹിത്യാന്വേഷണങ്ങൾക്ക് ഇന്ധനമായി തീരുകയും ചെയ്തു. സമൂഹത്തിലെ ചെറുതും വലുതുമായ അനീതികൾ അന്യായങ്ങൾ, അനാചാരങ്ങൾക്കെതിരെയുള്ള സാധാരണക്കാരുടെ സരസമെന്ന് പുറമെ തോന്നിക്കുമെങ്കിലും അതിശക്തമായ ചെറുത്ത് നിൽപ്പുകൾ, ചിന്തോദ്ദീപകമായ ആത്മപരിശോധനകൾ എന്നിവകൊണ്ട് സമ്പന്നമാണ്.

മനുഷ്യപ്രകൃതിയിലേക്കുള്ള അഗാധമായ ഉൾക്കാഴ്ചയും ഉണർവും പ്രദാനം ചെയ്യുന്ന ബഷീറിന്റെ രചനകളിലെ ലാളിത്യവും നർമവും ആരെയും പിടിച്ചിരുത്തുന്ന സവിശേഷതയാണ്. ദാരിദ്ര്യം, കുടുംബബന്ധങ്ങൾ, പ്രതികൂല സാഹചര്യങ്ങളെ തന്റേടത്തോടെ നേരിടാനുള്ള സ്ഥൈര്യം എന്നിവയുടെ തീവ്രമായ ചിത്രീകരണമാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതികളിലൊന്നായ പാത്തുമ്മയുടെ ആട്. അത്തരം ആഖ്യാനങ്ങളിലൂടെ ബഷീർ വായനക്കാരെ രസിപ്പിക്കുക മാത്രമല്ല, സാമൂഹിക മാനദണ്ഡങ്ങളെ വെല്ലുവിളിക്കുകയും അധഃസ്ഥിതർക്ക് വേണ്ടി നിലകൊള്ളുകയും നിലപാടെടുക്കുകയും ചെയ്തു.

വിനോദത്തിനപ്പുറം സാമൂഹിക വിമർശനത്തിനുള്ള ഉപാധിയായിരുന്നു പലപ്പോഴും ബഷീറിന് അദ്ദേഹത്തിന്റെ രചനകൾ. ജാതി വിവേചനം, മതപരമായ കാപട്യങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ചൂഷണം തുടങ്ങിയ വിഷയങ്ങളെ അദ്ദേഹം നിർഭയമായി അഭിസംബോധന ചെയ്തു. സ്നേഹവും ആത്മബന്ധങ്ങളും നേരിടുന്ന തടസ്സങ്ങളുടെ ദാരുണമായ അനന്തരഫലങ്ങൾ ബാല്യകാലസഖിയിൽ അദ്ദേഹം ഹൃദയവർജകമായി വരച്ചിട്ടു. അനുകമ്പയുടെയും പരസ്പരം മനസ്സിലാക്കലിന്റെയും ആവശ്യകത ഇത്രമേൽ ഹൃദയസ്പർശിയായി അവതരിപ്പിക്കാൻ മലയാളത്തിൽ ഒരു ബഷീറിനു മാത്രമേ കഴിയൂ എന്നത് അതിശയോക്തിയാവില്ല.

നിശിതമായ വിമർശനത്തോടൊപ്പം പാകത്തിന് നർമവും ചേർക്കുന്ന ബഷീറിന്റെ തനതായ ശൈലി, അദ്ദേഹത്തിന്റെ കൃതികളെ ഏറെ ആകർഷകവും ജനകീയവുമാക്കി. അദ്ദേഹത്തിന്റെ കഥയായ 'വിശ്വവിഖ്യാതമായ മൂക്ക്' ഇതിന് ഏറ്റവും മികച്ച ഉദാഹരണമാണ്. ഈ ഹാസ്യ സമീപനം കാലദേശങ്ങൾക്കതീതമായി വായനക്കാരിൽ ചില ഗൗരവമേറിയ സന്ദേശങ്ങൾ ആഴത്തിൽ പ്രതിധ്വനിക്കുന്ന തരത്തിൽ വേരോടിക്കാൻ ബഷീറിനെ സഹായിച്ചു.



അന്തരിച്ചിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ബഷീർ സജീവമായി നിലനിൽക്കുന്നു. പുതിയ തലമുറയിലെ എഴുത്തുകാരെയും സാമൂഹിക പ്രവർത്തകരെയും നിരന്തരം പ്രചോദിപ്പിക്കുന്ന അദ്ദേഹത്തിന്റെ കൃതികൾ സ്കൂളുകളിലും സർവകലാശാലകളിലും കരിക്കുലത്തിന്റെ ഭാഗമാണിപ്പോൾ. മാനവികത, മതേതരത്വം, സമത്വവാദം എന്നിവക്കായുള്ള എഴുത്തും സംവാദങ്ങളും അദ്ദേഹത്തിന്റെ ജീവിതകാലത്തെന്നപോലെ ഇന്നും വളരെ പ്രസക്തമാണ്. കൂടുതൽ നീതിയും അനുകമ്പയും ഉള്ള ഒരു സമൂഹത്തെ പരിപോഷിപ്പിക്കുന്നതിനായി കാലാതീതമായ ഒരു ബ്ലൂപ്രിന്റ് തന്നെ ബഷീർ തന്റെ കൃതകളിലൂടെ മുന്നോട്ട് വെക്കുന്നതായി കാണാം.

സത്യസന്ധതയോടും വിവേകത്തോടും സഹാനുഭൂതിയോടും കൂടി മനുഷ്യാനുഭവങ്ങളുടെ സത്ത പകർത്താനുള്ള അദ്ദേഹത്തിന്റെ കഴിവ് മലയാള സാഹിത്യത്തിലും സമൂഹത്തിലും ചെലുത്തിയ സ്വാധീനം ചെറുതല്ല. വൈക്കം മുഹമ്മദ് ബഷീർ കേവലം ഒരു എഴുത്തുകാരൻ മാത്രമല്ല, തന്റെ കഥകളിലൂടെയും നോവലുകളിലൂടെയും സാമൂഹിക മാറ്റത്തിനു വഴിമരുന്നിട്ട ദാർശനികനായ ഒരു ദീർഘദർശിയാണെന്ന് വേണം പറയാൻ. ബഷീറിനെ ഇതുവരെയും വായിക്കാത്തവർ മലയാളത്തേയും മലയാളികളേയും കൂടുതൽ അറിഞ്ഞിട്ടില്ല എന്ന് സാരം. ■

വായന

എം.സി വടകര

# ഗവേഷക വിദ്യാർത്ഥികൾക്ക് ഒരു പറുദീസ


**ചന്ദ്രിക ദിനപത്രത്തിൽ 1947-48 കാലഘട്ടങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള മുസ്‌ലിം ലീഗിനെപറ്റിയുള്ള പ്രാദേശികവും ദേശീയവുമായ വാർത്തകൾ സമാഹരിച്ച് സയ്യിദ് അശ്റഫ് ഏറെ ഉപകാരപ്രദമായ ഒരു 'ഡോക്യൂമെന്ററി' പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 'മുസ്‌ലിം രാഷ്ട്രീയ രേഖകൾ 1947-48' എന്നാണ് ഈ പുസ്തകത്തിന്റെ പേര്. ഗൃഹാതുര സ്മരണയുണർത്തുന്ന അനേകം വിവരങ്ങൾ ഈ പുസ്തകത്തിലൂടെ നമുക്ക് ലഭ്യമാണ്.**



1947 ജൂൺ എട്ടാം തിയ്യതിയാണ് സർവ്വേന്ത്യ മുസ്‌ലിം ലീഗ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ താൽകാലികമായി നിർത്തിവെക്കാൻ തീരുമാനിക്കപ്പെട്ടത്. എന്തിനാണ് അങ്ങനെയൊരു തീരുമാനം കൈകൊണ്ടത് എന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. 1946ലെ കേന്ദ്ര സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകളിൽ മത്സരിച്ച എല്ലാ സ്ഥാനാർഥികളെയും വിജയിപ്പിച്ചു കൊണ്ട് തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ഇതിഹാസം രചിക്കുകയും ഏതാനും നിയമസഭകളിൽ ഭൂരിപക്ഷവും (ബംഗാൾ, സിന്ധ്) ഏതാനും സംസ്ഥാനങ്ങളിൽ പ്രധാന പ്രതിപക്ഷവും (മദ്രാസ്, ബോംബെ) ആയിത്തീരുകയും ചെയ്ത ഇന്ത്യയിലെ രണ്ടാമത്തെ രാഷ്ട്രീയ പാർട്ടിയായായിരുന്നു സർവ്വേന്ത്യാ മുസ്‌ലിം ലീഗ്. 1940ൽ ആ പാർട്ടി ആവശ്യപ്പെട്ട ഇന്ത്യയുടെ രാഷ്ട്രീയ പുനഃസംവിധാനം യാഥാർഥ്യമാവുകയും അതുവഴി ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രാപ്തി ദൃഷ്ടിപഥത്തിലെത്തി നിൽക്കുകയും ചെയ്യുന്ന ഒരു സന്ദർഭത്തിൽ മുസ്‌ലിം ലീഗിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പകരം അതിന്റെ പ്രവർത്തനം മരവിപ്പിക്കാൻ തീർച്ചപ്പെടുത്തിയതിന്റെ യുക്തിബോധം എന്താണെന്ന് മനസിലാക്കാൻ കഴിയുന്നില്ല. ആഗോള പ്രശസ്തരായ രാഷ്ട്രമീമാംസകരും ബുദ്ധിജീവികളുമാണ് അന്നത്തെ മുസ്‌ലിം ലീഗിന്റെ നാഷണൽ എക്സിക്യൂട്ടീവിൽ ഉണ്ടായിരുന്നത്. ബുദ്ധി ശൂന്യമായ ഒരു തീരുമാനം അവർ കൈകൊള്ളാൻ ഇടയില്ല എന്ന് സമാശ്വസിക്കാനേ നിർവാഹമുള്ളൂ.

1947ൽ കൽക്കട്ടയിൽ നടന്ന ശസുഹർവർദി കൺവെൻഷന്റെ അഭ്യർത്ഥന പ്രകാരം നിർത്തിവെക്കപ്പെട്ട സർവേന്ത്യ മുസ്‌ലിം ലീഗിന്റെ നാഷണൽ കൗൺസിൽ ആ വർഷം തന്നെ കറാച്ചിയിൽ ചേരുകയും മുസ്‌ലിം ലീഗ് രണ്ടായി വിഭജിക്കപ്പെടുകയും ചെയ്തു എന്നത് നമുക്കറിയാവുന്ന വസ്തുതയാണ്. ഇതിന്റെ തുടർച്ചയായി 1948മാർച്ച് 10ാം തിയ്യതി ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് രൂപീകൃതമാവുകയും ചെയ്തു. ഇതെല്ലാം അൽപാൽപമായ വിവരങ്ങൾ മാത്രമാണ്. നീണ്ടു പരന്ന് കിടക്കുന്ന സംഘർഷഭരിതമായ ഒരു ചരിത്രത്തിന്റെ ശ്ലഥ ചിത്രങ്ങൾ മാത്രം. 1947 മുതൽ 1952വരെയുള്ള കാലഘട്ടത്തിലെ വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലെ മുസ്‌ലിം ലീഗ് പ്രസ്ഥാനത്തിന് എന്ത് സംഭവിച്ചു? ഇതിനെപറ്റി ഒരു സമഗ്രചിത്രം ആരും എഴുതി വെച്ചതായി കണ്ടില്ല. ആദ്യം സെൻട്രൽ അസംബ്ലിയിലും പിന്നീട് ഭരണഘടന നിർമാണസഭയിലും പ്രധാന പ്രതിപക്ഷം മുസ്‌ലിം ലീഗ് ആണെന്ന് ഓർക്കണം. എന്നിട്ടും അതിന്റെ വാർത്തകൾ പത്രങ്ങൾ ക്രൂരമായി തമസ്കരിച്ചു. സ്വതന്ത്ര ഇന്ത്യയിൽ അവശേഷിച്ച ഏക മുസ്‌ലിം ലീഗ് പത്രമായ ചന്ദ്രികയുടെ താളുകളിൽ അച്ചടിച്ച് വരാറുള്ള ഏതാനും വാർത്താശകലങ്ങൾ മാത്രമാണ് ഇക്കാര്യത്തിൽ നമുക്കാശ്രയിക്കാനുള്ള ഏക അവലംബം.

ചന്ദ്രിക ദിനപത്രത്തിൽ 1947-48 കാലഘട്ടങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള മുസ്‌ലിം ലീഗിനെപറ്റിയുള്ള പ്രാദേശികവും ദേശീയവുമായ വാർത്തകൾ സമാഹരിച്ചു കൊണ്ട് സയ്യിദ് അശ്റഫ് ഏറെ ഉപകാരപ്രദമായ ഒരു 'ഡോക്യുമെന്ററി' പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 'മുസ്‌ലിം രാഷ്ട്രീയ രേഖകൾ 1947-48' എന്നാണ് ഈ പുസ്തകത്തിന്റെ പേര്. ഗൃഹാതുര സ്മരണയുണർത്തുന്ന അനേകം വിവരങ്ങൾ ഈ പുസ്തകത്തിലൂടെ നമുക്ക് ലഭ്യമാണ്. 1948 മാർച്ച് 10ാം തിയതി ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് രൂപീകൃതമായ വാർത്ത കറാച്ചിയിലെ ഡോൺ പത്രം വിവാദമായി റിപ്പോർട്ട് ചെയ്തതിന്റെ വിവരം ഈ ഗ്രന്ഥത്തിലുണ്ട്.




മുസ്‌ലിം രാഷ്ട്രീയ രേഖകൾ 1947-48
(ഡോക്യുമെന്റ്സ്)
എഡിറ്റർ: സയ്യിദ് അശ്റഫ്
ഗ്രെയ്സ് ബുക്സ്

പ്രശസ്ത പത്രപ്രവർത്തകനായ സമീർ സിദ്ധീഖിയാണ് ഈ വാർത്ത റിപ്പോർട്ട് ചെയ്തത്. നിയമസഭകളിലെ മുസ്‌ലിം ലീഗ് എം.എൽ.എമാർ കൂട്ടത്തോടെ മുസ്‌ലിം ലീഗിൽ നിന്ന് രാജിവെക്കുന്ന ഭീതിതമായ ഒരു കാലമായിരുന്നല്ലോ അത്. അക്കൂട്ടത്തിൽ മദ്രാസ് അസംബ്ലിയിലെ ചില ലീഗ് എം.എൽ.എമാർ രാജിവെച്ചപ്പോൾ അവർ എം.എൽ.എ സ്ഥാനം കൂടി രാജിവെക്കണമെന്ന് നിയമസഭയിൽ കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് അനന്തൻ നമ്പ്യാർ ആവശ്യപ്പെട്ട ഒരു വാർത്തയും ഇതിലുണ്ട്. ആ വാർത്ത ഇങ്ങനെ; 'മദ്രാസ് മാർച്ച് 14. ഇയ്യിടെ മദിരാശിയിൽ കൂടിയ മുസ്‌ലിം ലീഗ് കൗൺസിൽ ഇന്ത്യയിൽ മുസ്‌ലിം ലീഗിനെ നിലനിർത്താൻ തീരുമാനിച്ചതിനെ തുടർന്ന് മെ.അബ്ദുൾ ഹമീദ് ഖാൻ, അബ്ദുൽ സലാം മുതലായവർ ലീഗ് പാർട്ടിയിൽ നിന്ന് രാജിവെച്ചതിനെ ഇന്നലെ അസംബ്ലിയിൽ വെച്ച് കമ്മ്യൂണിസ്റ്റ് മെമ്പർ മി.അനന്തൻ നമ്പ്യാർ സന്ദർഭവശാൽ പരാമർശിക്കുകയുണ്ടായി. അവർ കൈക്കൊണ്ട നടപടി ക്രമം നീതിപൂർവകമല്ലെന്ന് അദ്ദേഹം പറഞ്ഞു. ബഹുജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നവരെന്ന നിലക്ക് അവരുടെ അഭിപ്രായങ്ങൾ അറിയുവാൻ തങ്ങൾക്ക് (കമ്മ്യൂണിസ്റ്റുകാർക്ക്) കഴിഞ്ഞിട്ടുണ്ട്. മുസ്‌ലിം ലീഗിനെ നിലനിർത്തിപോരണമെന്ന അഭിപ്രായമാണ് മുസ്‌ലിം ബഹുജങ്ങൾക്കുള്ളത്. നിയമസഭയിലെ ലീഗ് മെമ്പർമാരാവട്ടെ മുസ്‌ലിം ബഹുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതിനിധികളാണ്. ആ നിലക്ക് ലീഗ് കൗൺസിലിന്റെ തീരുമാനത്തോട് യോജിക്കുവാൻ കഴിയാത്ത മെമ്പർമാർ നിയമസഭയിലെ തങ്ങളുടെ മെമ്പർ സ്ഥാനം തന്നെ രാജി വെക്കുകയാണ് വേണ്ടത്' എന്നും മി. നമ്പ്യാർ പ്രസ്താവിക്കുകയുണ്ടായി. 1948 മാർച്ചിൽ മുസ്‌ലിം ലീഗ് പ്രവർത്തനം പുനരാരംഭിച്ച് 4 ദിവസം കഴിഞ്ഞപ്പോഴാണ് ഇന്ത്യയിലെ ഉന്നത ശീർഷനായ കമ്മ്യൂണിസ്റ്റ് നേതാവും റെയിൽവേ തൊഴിലാളി യൂണിയന്റെ അഖിലേന്ത്യാ നേതാവുമായ സ.അനന്തൻ നമ്പ്യാർ ഈ അഭിപ്രായ പ്രകടനം നടത്തിയത് എന്ന് ഓർക്കുക.

ഇരുന്നൂറോളം പേജുകളിൽ ഭംഗിയായി അച്ചടിച്ചിട്ടുള്ള ഈ പുസ്തകം ഗ്രേസ് എഡ്യൂക്കേഷണൽ അസോസിയേഷൻ ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഗവേഷക വിദ്യാർത്ഥികളുടെ പറുദീസയാണീ പുസ്തകം. ദാഹാർത്താരായ മുസ്‌ലിം ലീഗ് പ്രവർത്തകന്മാർ ഇങ്ങിനെയുള്ള ഒരു പുസ്തകത്തിന് വേണ്ടി കാത്തിരിക്കുകയായിരുന്നു. ■

